ജനപഥം ആഗസ്റ്റ് 2011

# ഉള്ളടക്കം




4
**അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തും**
ടി.എം. ജേക്കബ്
(ഭക്ഷ്യ/സിവിൽ സപ്ളൈസ്/രജിസ്ട്രേഷൻ മന്ത്രി)

7
**ലക്ഷ്യം സുഭിക്ഷം**
എഴുമാവിൽ രവീന്ദ്രനാഥ്

10
**ഭക്ഷ്യസുരക്ഷ പുരോഗതിയുടെ താക്കോൽ**
ആർ. ഹേലി

14
**അടുക്കള അന്ന് ആഹാരം ഇന്ന്**
മുരളീധരൻ തഴക്കര

18
**മഞ്ഞുമലയിലെ വിസ്മയ വിത്തുസംഭരണി**
സുരേഷ് മുതുകുളം

20
**നിയമക്കരുക്കളൊരുക്കി മായത്തെ ചെറുക്കാം**
അഡ്വ. ലോറൻസ് റ്റി.എച്ച്.

22
**സ്വാതന്ത്ര്യസമരത്തിലെ പെൺപെരുമ**
പ്രൊഫ. ടോണി മാത്യു

25
**കുട്ടികൾക്കുള്ള പ്രതിരോധകുത്തിവയ്പുകൾ ആധുനികയുഗത്തിൽ**
ഡോ. ശ്രീലത പി.ആർ.

28
**അഗ്നിപർവതത്തിനു മുകളിൽ വെയിൽ കായുന്ന സ്വന്തവും ബന്ധവും**
വിനോദ് മങ്കര

30
**പുനർജനി തേടുന്ന പുനലൂർ**
നിലീൻ കിള്ളൂർ

31
**ശ്രീപത്മനാഭപ്പെരുമാൾ**
ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ

34
**ശുചിത്വ സംസ്കാരത്തിന് കാലത്തിനൊത്ത മാറ്റം**
സുരേഷ്കുമാർ. എൻ.

40
**ഓർമകളിലേക്കൊരു ജാലകം**
അശോകൻ പുതുപ്പാടി

42
**വിഷമഴ പെയ്ത ഭൂമിയിൽ സാന്ത്വനത്തിന്റെ തൂവൽ സ്പർശം**
സി.എച്ച്. ആനന്ദ

36
**മഴപ്പക്ഷികളുടെ കൂടാരം**
രമേഷ്കുമാർ വെള്ളമുണ്ട





37 പരസ്പരം
38 വാർത്തയിൽ
44 ജില്ലകളിലൂടെ
48 ബാലപഥം
50 വായനശാല
51 സമീക്ഷ
52 വിജ്ഞാനവീഥി

# പ്രതികരണം

## കവിയൂരിലെ അവഗണിക്കപ്പെട്ട ഗുഹാക്ഷേത്രം




ജനപഥം (ജൂലൈ 2011) ത്തിൽ വന്ന ലേഖനത്തിലുള്ള തൃക്കക്കുടി ഗുഹാക്ഷേത്രം വളരെ അവഗണിക്കപ്പെട്ടു കിടക്കുന്ന ഒരു ഗുഹാക്ഷേത്രമാണ്. ചരിത്ര പ്രാധാന്യമുള്ള പ്രസ്തുത ക്ഷേത്രത്തെ ആർക്കിയോളജി വിഭാഗമോ ദേവസ്വം ബോർഡോ ഗൗനിക്കുന്നില്ല എന്നതാണ് സത്യം. ചരിത്രത്തിന്റെ ഭാഗമായി പറയുന്ന പാറയിൽ കാണുന്ന ചില അടയാളങ്ങൾ (ഭീമന്റെ കാൽപാദം, പാഞ്ചാലിയുടെ മുടി വീണ സ്ഥലം, മാൻതല വെട്ടിയിട്ടയിടം, തേരിന്റെ ചക്രപാടുകൾ, ക്ഷേത്രത്തിലെ ശില്പങ്ങൾ...തുടങ്ങിയവ) സംരക്ഷണമോ അടയാളപ്പെടുത്തലുകളോ ഇല്ലാതെ നശിച്ചു പൊയ്ക്കൊണ്ടിരിക്കുന്നു.

ഇടക്കാലത്ത് കവിയൂർ പഞ്ചായത്തംഗങ്ങളും, പ്രാദേശിക സംഘടനകളും സമഗ്ര ചിന്താഗതിക്കാരായ പൊതു പ്രവർത്തകരും ചില പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ആലോചന നടത്തിയെങ്കിലും പൊതുസമൂഹത്തിൽ നിന്നും വകുപ്പുകളിൽ നിന്നും അവയ്ക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിച്ചില്ല എന്നതും ഒരു സത്യമാണ്. വല്ലപ്പോഴും വന്നുപോകുന്ന ചരിത്രാന്വേഷികൾക്കോ വിശ്വാസികൾക്കോ പ്രതിഷ്ഠ സ്ഥലത്ത് എത്തുവാൻ നല്ല പാതകൾ പോലുമില്ല. എല്ലാവരുടെയും കൂട്ടായ പ്രവർത്തനം ഉണ്ടായി ഈ ചരിത്രസ്മാരകത്തെ സംരക്ഷിച്ചാൽ ലേഖകൻ സൂചിപ്പിച്ച രീതിയിൽ അനുസ്യൂതമായ ജനപ്രവാഹം ഉണ്ടാകും. ഇല്ലായെങ്കിൽ കവിയൂർ ഗ്രാമത്തിൽ ഒരു ഗുഹാക്ഷേത്രം ഉണ്ടായിരുന്നു എന്ന് നമുക്ക് ചരിത്രത്തിൽ രേഖപ്പെടുത്തേണ്ടി വരും.

*റജി പോൾ, കവിയൂർ*

## 'ആധാർ' അത്യാവശ്യം

ആധാർ ബയോമെട്രിക് തിരിച്ചറിയൽ സംവിധാനത്തെക്കുറിച്ച് വി ആർ അജിത്കുമാറിന്റെ ലേഖനം സമയോചിതമായി. സർക്കാർ ഓഫീസുകളടക്കം വിവിധ ഓഫീസുകളിൽ വിവിധ ആവശ്യങ്ങൾക്കായി പലവിധ രേഖകൾ ഹാജരാക്കേണ്ടി വരുന്നു. അതിനുവേണ്ടി ധാരാളം സമയനഷ്ടവും പ്രയാസവും ഉണ്ടാകുന്നു. ഇതിൽ നിന്നും മോചനം നേടാൻ ആധാർ തിരിച്ചറിയൽ സംവിധാനം അത്യാവശ്യം. മാത്രമല്ല വിധ്വംസക പ്രവർത്തനങ്ങൾ ഒരു പരിധിവരെ തടയാനും ആൾമാറാട്ടം ഒഴിവാക്കാനും യഥാർത്ഥ അവകാശികളെ തിരിച്ചറിയാനും അടിസ്ഥാനരേഖ (ആധാരം) അത്യാന്താപേക്ഷിതമാണ്.

**പി.ജോയ്, പൊങ്ങാടൻ ഹൗസ്**, കണ്ണൂർ

## ആധികാരികം പ്രയോജനപ്രദം

ഓരോമാസവും ഓരോ വിഷയങ്ങളെപ്പറ്റി ജനപഥം ആധികാരികമായി പറയുന്നത് വളരെ പ്രയോജനപ്രദമാണ്. മരണം പതിയിരിക്കുന്ന യാത്രകളെപ്പറ്റിയും റോഡുകളെപ്പറ്റിയും കുറെ കാര്യങ്ങൾ പരിഹാരസഹിതം പറഞ്ഞത് സന്ദർഭോചിതമായി. ബാലപഥം ഒരു പടികൂടി മുന്നേറി. ആരും പറയാത്ത ഒ.ഹെന്റിയുടെ കത്തുകളെപ്പറ്റി ഗിഫു മേലാറ്റൂരിന്റെ ലേഖനം 'കത്തുകൾ താരങ്ങളായ മറ്റൊരു കഥ' രസകരമായിരുന്നു.

**ബാബു ഇസ്മായിൽ**, വടകര

## ജലപാതകളുടെ വീണ്ടെടുപ്പ്

പൊതുനിരത്തുകളൊക്കെ തന്നെ വൻതിരക്ക്കൊണ്ട് വീർപ്പുമുട്ടുന്ന ഇന്നത്തെ അവസ്ഥയിൽ നമുക്കാവശ്യം ജലപാതകൾ തന്നെ. ഇത് പ്രാവർത്തികമാക്കാൻ കുടിയൊഴിപ്പിക്കൽ പോലുള്ള ജനരോഷത്തിനിടയാക്കാവുന്ന കടമ്പകൾ ഇക്കാര്യത്തിൽ വേണ്ടി വരില്ല. കുറെയേറെ നദികളും കായലുകളുമുള്ള കേരളം അവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ മറന്നുപോകുന്നു. പുതിയ ഗവേഷണങ്ങളൊന്നും ആവശ്യമില്ലാത്ത കാര്യമാണ് ജലപാതകളുടെ വീണ്ടെടുപ്പ്. അല്പം പിറകിലേക്കൊന്ന് ചിന്തിച്ചാൽ നമുടെ പൂർവികർ ദീർഘ-ഹ്രസ്വയാത്രകൾക്ക് ജലമാർഗം അവലംബിച്ചിരുന്നത് എങ്ങനെയെന്ന് മനസിലാക്കാം. അവ വീണ്ടെടുക്കാൻ സാധിച്ചാൽ മലയാളിയത് ഇരുകൈയും നീട്ടി സ്വീകരിക്കും.

**സുരേഷ് കാനപ്പിള്ളി,**
ചെറായി

## തലയെടുപ്പോടെ തല

ഏപ്രിൽ ലക്കത്തിലെ ജനപഥത്തിൽ വന്ന 'തലയെടുപ്പോടെ തല' എന്ന ലേഖനത്തെപ്പറ്റി എഴുതാൻ തല പുണ്ണാക്കിയ ശ്രീ സുന്ദരേശനെ അഭിനന്ദിച്ചില്ലെങ്കിൽ അതൊരു തലവലി ആകുമോ എന്ന് ഭയമുണ്ട്. ഈ ഉദ്യമത്തിനു നന്ദി അറിയിക്കുന്നു. തലയ്ക്കു സ്ഥാനം നൽകിയ സ്ഥലനാമങ്ങളിൽ ചിലതു കൂടി ചേർക്കാമായിരുന്നു എന്നു തോന്നിപ്പോയി. കോട്ടയം ജില്ലയിലെ കോത്തല, ഏരുമത്തല, എറണാകുളത്തെ വടുതല, തിരുവനന്തപുരത്തെ കാവടിത്തല, വലിയറത്തല, കൂടാതെ തലയാഴം എന്നിവ.

*കെ.എ.കുട്ടൻ,*
കാഞ്ഞിരംപാറ, തിരുവനന്തപുരം

## ജീവന്റെ മഴവില്ല്

ജനപഥത്തിലെ മറ്റു പംക്തികളെപ്പോലെ ബാലപഥവും വിജ്ഞാനപ്രദമാണ്-പ്രത്യേകിച്ച് കുട്ടികൾക്ക്. ആകാശവാണിയും വിജ്ഞാൻ പ്രസാറും ചേർന്നു നടത്തുന്ന 'ജീവന്റെ മഴവില്ല്' ഭാവിതലമുറയ്ക്ക് വളരെ അനുഗ്രഹമാണ്. കുട്ടികൾക്ക് പഠനത്തിനായി ലഭിച്ചാൽ ജീവശാസ്ത്രപഠനത്തിൽ മുതൽക്കൂട്ടായിരിക്കും. 'ജനപഥം' അതിന് വഴി ഒരുക്കണമെന്ന് അപേക്ഷിക്കുന്നു.

*എം.സുബ്രഹ്മണ്യം,*
കരകുളം, തിരുവനന്തപുരം

# ജനപഥം

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ആഗസ്റ്റ് 2011
പുസ്തകം 43 ലക്കം 8

e-mail : janapatham@prd.kerala.gov.in
Website : www.prd.kerala.gov.in

എഡിറ്റർ-ഇൻ-ചീഫ്
**എം.നന്ദകുമാർ ഐ.എ.എസ്.**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

ഡപ്യൂട്ടി ചീഫ് എഡിറ്റർ
**പി. എസ്. സുരേഷ്**
*ഡപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൻ. ഷൈലാബീഗം**

അസി. എഡിറ്റർ
**എസ്. ആർ. പ്രവീൺ**

ഡിസൈനർ
**കെ. ബിജു**

ആർട്ടിസ്റ്റ്
**പ്രകാശ്. വി. എസ്**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*ഫോട്ടോഗ്രാഫി വിഭാഗം*

സർക്കുലേഷൻ
**കെ.പി. സരിത**
ഫോൺ : 0471-2517036

**പ്രതിനിധികൾ:**

- **ടി.എ. ഷൈൻ,** തിരുവനന്തപുരം
- **എസ്. ബാഹുലേയൻനായർ,** കൊല്ലം
- **എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട
- **എൻ.പി. സന്തോഷ്,** ഇടുക്കി
- **എൻ. സുനിൽ കുമാർ,** ആലപ്പുഴ
- **പി. വിനോദ്,**എറണാകുളം
- **കെ. അബ്ദുൾ റഷീദ്.** കോട്ടയം
- **എം.എസ്. അലിക്കുഞ്ഞ്,** തൃശൂർ
- **ടി.സി. ജോസഫ്,** പാലക്കാട്
- **വി.പി. സുലഭകുമാരി,** മലപ്പുറം
- **എ. സജീവ്,** കോഴിക്കോട്
- **കെ.പി. അബ്ദുൾ ഖാദർ,** വയനാട്
- **ഇ.വി. സുഗതൻ,** കണ്ണൂർ
- **കെ. അബ്ദുൾ റഹ്മാൻ,** കാസർഗോഡ്,
- **സി. ഉണ്ണിക്കൃഷ്ണൻ,** ന്യൂഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. വാർഷിക വരിസംഖ്യ 80 രൂപ. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
ഫോൺ: 0471-2518171




# അന്നാദ് ഭവന്തി ഭൂതാനാ

**ജീ**വജാലങ്ങളുടെ പ്രഥമവും പ്രധാനവുമായ ആവശ്യമാണ് ഭക്ഷണം. 'അന്നവിചാരം, മുന്നവിചാരം, പിന്നെ കാര്യവിചാരം' എന്ന പഴമൊഴിയും, അന്നപൂർണേശ്വരീസങ്കല്പവും തുടങ്ങി ഭക്ഷണത്തിന്റെയും ഭക്ഷ്യോത്പാദനത്തിന്റെയും പ്രാധാന്യം കുറിക്കുന്ന നിരവധി സങ്കല്പങ്ങളും പഴമൊഴികളും മനുഷ്യസംസ്കാരത്തിന്റെതന്നെ ഭാഗമായി എന്നും നിലനിന്നുപോരുന്നു. ഓരോ ധാന്യമണിയിലും അത് കഴിക്കേണ്ടവനാരാണെന്ന് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു എന്ന ഹിന്ദി കവി കബീർദാസിന്റെ വരികളിൽ സൂചിപ്പിക്കുന്നത് മനുഷ്യന്റെ അവകാശമാണ് ഭക്ഷണമെന്നാണ്. 'അന്നാദ് ഭവന്തി ഭൂതാനാ' എന്ന ഗീതാവാക്യത്തിലും അന്നത്തിന്റെ പ്രാധാന്യം കാണാം.

മണ്ണും മനുഷ്യനുമായുള്ള ആത്മബന്ധം മനുഷ്യകുലത്തോളം പഴക്കമുള്ളതാണ്. തായ്മണ്ണിന്റെ തനിമയിലാണ് അവൻ സ്വത്വവും സംസ്കാരവും രൂപപ്പെടുത്തുന്നത്. കൃഷി അങ്ങനെയാണ് മനുഷ്യന്റെ ജീവിതശൈലിയായത്. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ നാം ഈ ജീവിതശൈലിയെ മെല്ലെ മെല്ലെ തഴയാൻ തുടങ്ങി. വർധിച്ചുവരുന്ന ജനസംഖ്യ കൃത്രിമവളങ്ങളും കീടനാശിനികളും ഉപയോഗിച്ചുകൊണ്ട് ഉത്പാദനം വർധിപ്പിക്കുന്ന രീതികളിലേക്ക് നമ്മെ കൊണ്ടെത്തിച്ചു. പരിസ്ഥിതിയിൽ വന്ന വ്യതിയാനങ്ങളും കാലാവസ്ഥാമാറ്റങ്ങളും കൃഷിയിൽ നിന്നുള്ള വരുമാനത്തെ തടസ്സപ്പെടുത്തിയതോടൊപ്പം ആഗോളവത്കരണം കൂടുതൽ ലാഭമുള്ള ജീവിതമാർഗങ്ങൾ തേടാൻ മനുഷ്യനെ പ്രേരിപ്പിക്കുകയും ചെയ്തു. ഇതോടെ കൃഷി ഭൂമി മറ്റാവശ്യങ്ങൾക്കായി മാറ്റിവയ്ക്കപ്പെട്ടു. കൃഷി ചെയ്യാൻ ആളില്ലാതായി. ഭക്ഷ്യമേഖല തകരാൻ തുടങ്ങി. ലോകവ്യാപകമായി ഭക്ഷ്യസാധനങ്ങൾക്ക് വൻ കമ്മി അനുഭവപ്പെടുകയും ഭക്ഷ്യധാന്യങ്ങളുടെ വില വൻതോതിൽ വർധിക്കുകയും ചെയ്യുകയാണിന്ന്. പല രാജ്യങ്ങളും ഭക്ഷ്യകലാപത്തിന്റെ വക്കിലാണെന്ന് ഐക്യരാഷ്ട്ര സംഘടന ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. ഈ സാഹചര്യം മുന്നിൽക്കണ്ട് ഭക്ഷ്യ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തിലേക്ക് നാം പോകേണ്ടതുണ്ട്.

തരിശിടൽ പൂർണമായും തടയുക, കൂട്ടുകൃഷി വ്യാപകമാക്കുക, ഭക്ഷ്യോത്പാദനം കർഷകർക്കും കർഷകത്തൊഴിലാളികൾക്കും ലാഭകരമാക്കാൻ വിവിധ നടപടികൾ സ്വീകരിക്കുക, ജലസേചനസൗകര്യം ഒരുക്കുക, മുന്തിയ വിത്തിനങ്ങൾ, വായ്പാ-വിപണന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുക തുടങ്ങി നിരവധി കർമപദ്ധതികൾ കാർഷികമേഖലയിൽ നടപ്പാക്കേണ്ടതുണ്ട്. ഇതിനൊപ്പം കാർഷിക മേഖലയിലെ ശാസ്ത്രസാങ്കേതിക ഗവേഷണഫലങ്ങൾ വേണ്ടരീതിയിൽ കർഷകരിൽ എത്തിക്കാനും ശ്രദ്ധ ചെലുത്തണം.

120 കോടി ജനങ്ങൾക്കും 100 കോടി വളർത്തുമൃഗങ്ങൾക്കും ആവശ്യമായ ധാന്യവും മറ്റ് വിഭവങ്ങളും മുടക്കം കൂടാതെ ഉത്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നതിൽപ്പരം രാജ്യരക്ഷാപ്രവർത്തനം മറ്റൊന്നുമില്ല. ഭക്ഷ്യോത്പാദനരംഗത്ത് കേരളത്തിന്റെ സ്ഥിതി പരിതാപകരമാണ്. നമുക്കാവശ്യമുള്ള അരിയുടെ 20 ശതമാനം മാത്രമാണ് നാം ഇവിടെ ഉത്പാദിപ്പിക്കുന്നത്. നാല് ലക്ഷത്തോളം ടൺ പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നു. ആവശ്യമുള്ളതിന്റെ അറുപതുശതമാനം പച്ചക്കറിയും ഇവിടെ എത്തുന്നത് മറ്റ് സംസ്ഥാനങ്ങളിൽനിന്നാണ്. ഒരു ചെറിയ ലോറി സമരത്തിനുപോലും നമ്മുടെ അന്നം മുട്ടിക്കാം എന്ന അവസ്ഥയാണ്.

ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള സർക്കാർ ഇടപെടലുകൾ മാത്രമാണ് ഭക്ഷ്യസുരക്ഷയിലേക്കുള്ള വഴിയെന്ന് നാം തെറ്റിദ്ധരിക്കരുത്. വൻ തോതിൽ ജനപങ്കാളിത്തം ഉണ്ടായാൽ മാത്രമേ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ കഴിയൂ. വ്യാപാരാദി സ്ഥാനത്തിൽ കൃഷിയെ കാണാതെ വീട്ടാവശ്യത്തെ മുൻനിർത്തി ഇത് നടത്താനുള്ള കൂട്ടായ്മകൾ നമ്മുടെ നാട്ടിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. സ്വന്തം ആവശ്യത്തിന് സ്വയം അധ്വാനിച്ച് കാർഷികോത്പന്നങ്ങൾ വിളയിക്കുന്നത് അന്തസ്സായി കരുതിയിരുന്ന പഴയ സംസ്കാരത്തിലേക്ക് നാം തിരിച്ചുപോകേണ്ടിയിരിക്കുന്നു. ഇന്ന് കേരളത്തിൽ വർധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ തനിമയാർന്ന നമ്മുടെ ഭക്ഷണ സംസ്കാരത്തിലേക്കൊരു മടങ്ങിപ്പോക്കിന് നമ്മെ പ്രേരിപ്പിക്കുന്നുണ്ട്.

*താളും തകരേം മുമ്മാസം*
*ചക്കേം മാങ്ങേം മുമ്മാസം*
*ചേനേം കൂർക്കേം മുമ്മാസം*
*അങ്ങനേം ഇങ്ങനേം മുമ്മാസം*

പ്രകൃതിയൊരുക്കിയ വിഭവങ്ങളിലധിഷ്ഠിതമായ ഭക്ഷണസംസ്കാരവും അവ വിളയിക്കാനുള്ള സന്നദ്ധതയും നമുക്കേവർക്കും ഉണ്ടാവേണ്ടതുണ്ട്. ഭക്ഷ്യസുരക്ഷായത്നത്തിലേക്കുള്ള നമ്മുടെ മുതൽക്കൂട്ടാകട്ടെ ഇത്.

**എം. നന്ദകുമാർ ഐ.എ.എസ്.**
എഡിറ്റർ-ഇൻ-ചീഫ്



■ **ടി.എം.ജേക്കബ്** (ഭക്ഷ്യ/സിവിൽസപ്ളൈസ്/രജിസ്ട്രേഷൻ മന്ത്രി)

# അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തും

**സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും, പൊതുവിതരണ സമ്പ്രദായം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് ഭക്ഷ്യ/സിവിൽസപ്ളൈസ്/രജിസ്ട്രേഷൻ മന്ത്രി ടി.എം. ജേക്കബ്.**

ഭക്ഷ്യാത്പാദനത്തിൽ ഒരു കമ്മി സംസ്ഥാനമാണ് കേരളം. അവശ്യസാധനങ്ങളുടെ ലഭ്യതയ്ക്കായി അന്യസംസ്ഥാനങ്ങളെയും പൊതുവിതരണ ശ്യംഖലയേയുമാണ് കേരള ജനത ആശ്രയിക്കുന്നത്. അന്യസംസ്ഥാനങ്ങളിൽ ഉടലെടുക്കുന്ന ഏതൊരു പ്രതിസന്ധിയും കേരളത്തിലേയ്ക്കുള്ള ഭക്ഷ്യവസ്തുക്കളുടെ വരവിനെ പ്രതികൂലമായി ബാധിക്കുകയും ആയത് ഭക്ഷ്യദൗർലഭ്യത്തിനും അനുബന്ധമായി വിലക്കയറ്റത്തിനും കാരണമാവുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയുടെ പ്രസക്തി ഏറുന്നത്. ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രതിജ്ഞാബദ്ധമായ സർക്കാർ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി സംസ്ഥാനത്ത് അവശ്യസാധന ലഭ്യത ഉറപ്പാക്കാനും പൊതുവിപണിയിലെ വിലനിലവാരം നിയന്ത്രണവിധേയമാക്കാനുമാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

അവശ്യസാധനങ്ങളുടെ ലഭ്യതയും അവയുടെ തുല്യതയും വിതരണവും ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 1955 ലെ അവശ്യസാധന നിയമത്തിന്റെ ചുവട് പിടിച്ച് സംസ്ഥാനം 1966-ൽ കേരള റേഷനിങ് ഓർഡർ പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് പൊതുവിതരണസമ്പ്രദായം നടപ്പിലാക്കി വരുന്നത്. ഇതിനായി സംസ്ഥാനത്ത് നിലവിൽ 335 റേഷൻ മൊത്ത വ്യാപാര ഡിപ്പോകൾ, 292 മണ്ണെണ്ണ മൊത്ത വ്യാപാര ഡിപ്പോകൾ, 14242 റേഷൻ കടകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കേരളത്തിന്റെ മുക്കിലും മൂലയിലും പ്രവർത്തിച്ചു വരുന്ന റേഷൻ കടകൾ സാമാന്യ ജനങ്ങളുടെ നിത്യജീവിതത്തിലെ അവിഭാജ്യഘടകമായി മാറിക്കഴിഞ്ഞിട്ടുണ്ട്.

1966 മുതൽ സംസ്ഥാനത്ത് നിലനിന്നിരുന്ന പൊതുവിതരണ സമ്പ്രദായം, രാജ്യത്തെ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി പുനഃസംഘടിപ്പിക്കുകയും 1997 ജൂൺ 1 മുതൽ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായത്തിലേയ്ക്ക് (റ്റി.പി.ഡി.എസ്) പരിവർത്തനം ചെയ്യുകയുമുണ്ടായി. റ്റി.പി.ഡി.എസ്. അനുസരിച്ച് ഗുണഭോക്താക്കളെ എ.പി.എൽ., ബി.പി.എൽ. എന്ന് തരംതിരിക്കുകയും ഓരോ വിഭാഗത്തിനും പ്രത്യേകം റേഷൻ തോത് നിശ്ചയിക്കുകയും ചെയ്തു. തുടർന്ന് 2001-ൽ കേന്ദ്ര സർക്കാർ പി.ഡി.എസ്. കൺട്രോൾ ഓർഡർ പ്രാബല്യത്തിൽകൊണ്ടുവരികയും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരിൽ തന്നെ ഏറ്റവും പാവപ്പെട്ടവരെ ഉൾപ്പെടുത്തി അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കൂടാതെ അശരണരായ വൃദ്ധജനങ്ങൾക്കായി അന്നപൂർണപദ്ധതിയും നടപ്പിലാക്കി. വ്യത്യസ്ത വിഭാഗത്തിൽപ്പെട്ട റേഷൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള ചുമതല തദ്ദേശഭരണകൂടത്തിൽ നിക്ഷിപ്തമാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സംസ്ഥാനത്ത് നിലവിൽ 74 ലക്ഷം റേഷൻ കാർഡുടമകളാണുള്ളത്. അതിൽ 5.95 ലക്ഷം കുടുംബങ്ങൾ എ.എ.വൈ. വിഭാഗത്തിലും 14.65 ലക്ഷം കുടും

ബങ്ങൾ ബി.പി.എൽ. വിഭാഗത്തിലും 53.40 ലക്ഷം കുടുംബങ്ങൾ എ.പി.എൽ. വിഭാഗത്തിലും ഉൾപ്പെടുന്നു. അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും പ്രത്യേകം റേഷൻ കാർഡ് നൽകുക എന്നത് സർക്കാരിന്റെ പ്രഖ്യാപിതനയമാണ്. കുടുംബനാഥന്റെ ഫോട്ടോ പതിച്ച് ബാർകോഡോടുകൂടി ലാമിനേറ്റ് ചെയ്ത് വിതരണം ചെയ്യുന്ന റേഷൻ കാർഡുകൾ ഓരോ കുടുംബത്തിന്റെയും ആധികാരികരേഖയായാണ് കണക്കാക്കപ്പെടുന്നത്. റേഷൻ കാർഡ് വിതരണം പൂർണമായും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മൊത്തം റേഷൻ കാർഡുകളുടെയും വിവരം സെൻട്രൽ സെർവറിൽ ലഭ്യമാണ്. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന ആധാർ പദ്ധതിയുമായി ചേർന്ന് റേഷൻ കാർഡിൽ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ ഉൾക്കൊള്ളിച്ച് റേഷൻ കാർഡ് കൂടുതൽ കുറ്റമറ്റതും ആധികാരികവും ആക്കാനും ബയോമെട്രിക് പി.ഡി.എസ്. നടപ്പിലാക്കാനും സർക്കാർ ആലോചിച്ചുവരുന്നു. പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള നടപടിക്രമം ഇപ്പോൾ വളരെ ലഘൂകരിച്ചിട്ടുണ്ട്. അർഹതപ്പെട്ട ആളുകൾക്ക് നേരിട്ടോ, ഓൺലൈൻ വഴിയോ റേഷൻ കാർഡിന് അപേക്ഷിക്കാവുന്നതാണ്. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി നിലവിലുള്ള റേഷൻ കാർഡിനുള്ള അപേക്ഷകളിൽ മുഴുവനും 2011 ജൂലൈ 31 ന് മുമ്പായി തീർപ്പ്കൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ യജ്ഞം വിജയത്തോടടുക്കുകയാണ്. 2011 സെപ്റ്റംബർ 1 മുതൽ റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള അർഹതപ്പെട്ട അപേക്ഷകളിന്മേൽ അന്നേദിവസം തന്നെ റേഷൻ കാർഡ് വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുമുണ്ട്.

റ്റി.പി.ഡി.എസ്. പ്രകാരം കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ അനുവദിക്കുന്ന റേഷൻ സാധനങ്ങൾ യഥാസമയം ഏറ്റെടുത്ത് അർഹതപ്പെട്ട വിവിധ വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യാനുള്ള ചുമതല സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഈ ചുമതല സർക്കാർ സ്തുത്യർഹമായ രീതിയിൽ നിർവഹിച്ചുവരുന്നു. ഗുണനിലവാരമുള്ള റേഷൻ സാധനങ്ങൾ വിവിധ വിഭാഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വിഹിതം അംഗീകൃത വിലയ്ക്ക് ശരിയായ അളവിലും തൂക്കത്തിലും ലഭ്യമാക്കുന്നതിൽ സർക്കാർസംവിധാനം സദാ ജാഗരൂകമാണ്. ഇക്കാര്യത്തിൽ ഉണ്ടാകുന്ന ക്രമക്കേടുകൾ അന്വേഷിച്ച് പരിഹരിക്കുകയും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള വിവിധ നിയന്ത്രണ ഉത്തരവുകൾ നടപ്പിൽ വരുത്തുക കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അവശ്യസാധനങ്ങളുടെ വില വർദ്ധിപ്പിക്കുക തുടങ്ങിയ അനാശ്ശാസ്യ നടപടികൾ കർശനമായി തടയുന്നതിനും പൊതുവിതരണ വകുപ്പ് നിതാന്തജാഗ്രതയോടെ പ്രവർത്തിച്ചുവരുന്നു.

അവശ്യവസ്തുക്കളുടെ ക്രമാതീതമായ വിലവർധനവ് നിയന്ത്രണവിധേയമാക്കാനും സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി എല്ലാ റേഷൻ കടകൾ വഴിയും പതിമൂന്ന് ഇനം അവശ്യവസ്തുക്കൾ റേഷൻ കാർഡ് ഉടമകൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സപ്ലൈകോ മുഖാന്തിരം നടത്താൻ ഉദ്ദേശിക്കുന്ന ഈ പദ്ധതി സാമാന്യ ജനങ്ങൾക്ക് വലിയൊരളവിൽ ആശ്വാസകരമായിരിക്കും.

ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന എല്ലാ കാർഡുടമകൾക്കും 2011 സെപ്തംബർ മാസം മുതൽ കിലോയ്ക്ക് ഒരു രൂപ നിരക്കിൽ പ്രതിമാസം 25 കിലോ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതാണ്.

- ☞ 2011 സെപ്റ്റംബർ മുതൽ അർഹതപ്പെട്ട അപേക്ഷകളിൽ അന്നേദിവസം റേഷൻകാർഡ് വിതരണം.
- ☞ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ ഉൾക്കൊള്ളിച്ച് റേഷൻകാർഡ് കുറ്റമറ്റതും ആധികാരികവുമാക്കും.
- ☞ റേഷൻകടകൾ വഴി 13 ഇനം അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യും.
- ☞ 2011 സെപ്റ്റംബർ മുതൽ ബി.പി.എൽ. വിഭാഗക്കാർക്ക് ഒരു രൂപ നിരക്കിൽ പ്രതിമാസം 25 കിലോ ഭക്ഷ്യധാന്യം വിതരണം ചെയ്യും.
- ☞ എ.പി.എൽ. വിഭാഗക്കാർക്ക് രണ്ട് രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതി കൂടുതൽ കാര്യക്ഷമമാക്കും.
- ☞ ഓണം-ബക്രീദ് പ്രമാണിച്ച് സംസ്ഥാനത്തൊട്ടാകെ അഞ്ച് മെട്രോ പീപ്പിൾ ബസാർ, 11 ടൗൺ പീപ്പിൾ ബസാർ, ഓരോ നിയോജകമണ്ഡലങ്ങളിൽ ഒന്ന് വീതം ഓണം ബസാറുകൾ എന്നിവ തുടങ്ങും.
- ☞ ഓണത്തിന് എ.പി.എൽ - ബി.പി.എൽ. വ്യത്യാസമില്ലാതെ സ്പെഷ്യൽ പഞ്ചസാര വിതരണം ചെയ്യും.


അപേക്ഷകർക്ക് തത്സമയം റേഷൻകാർഡ് വിതരണംചെയ്യുന്ന സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ഭക്ഷ്യമന്ത്രി നിർവഹിക്കുന്നു

നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡ് ഉടമകൾക്ക് നിബന്ധനകൾക്ക് വിധേയമായി കിലോയ്ക്ക് 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യ വിതരണം നടത്തുന്ന പദ്ധതി കൂടുതൽ കാര്യക്ഷമമായി നടത്തുന്നതാണ്.

ഉത്സവകാലങ്ങളിൽ പൊതുവിപണിയിൽ ഉണ്ടാകാനിടയുള്ള വിലവർധനവ് മുന്നിൽ കണ്ട്, ഓണം/ബക്രീദ് പ്രമാണിച്ച് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തൊട്ടാകെ 5 മെട്രോ പീപ്പിൾ ബസാറുകൾ, 11 ടൗൺ പീപ്പിൾ ബസാറുകൾ, ഓരോ നിയോജക മണ്ഡലങ്ങളിലും ഒന്നു വീതം ഓണം ബസാറുകൾ എന്നിങ്ങനെ 152 പ്രത്യേക വ്യാപാര കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പൊതുവിപണിയെക്കാൾ വൻ വിലക്കുറവിൽ പച്ചക്കറി ഉൾപ്പെടെയുള്ള എല്ലാ അവശ്യവസ്തുക്കളും വാങ്ങാവുന്നതാണ്. ഓണം പ്രമാണിച്ച് ബി.പി.എൽ/എ.പി.എൽ വ്യത്യാസമില്ലാതെ എല്ലാ കാർഡുടമകൾക്കും സ്പെഷ്യൽ പഞ്ചസാര വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്നതിനായി കേന്ദ്രസർക്കാർ അനുവദിച്ചുവന്നിരുന്ന മണ്ണെണ്ണയുടെ അളവിൽ അടുത്ത കാലത്തായി വൻകുറവ് വരികയുണ്ടായി. എന്നാലും സുതാര്യവും കാര്യക്ഷമവുമായ വിതരണ സമ്പ്രദായത്തിലൂടെ റേഷൻ കാർഡുകൾക്കുള്ള വിതരണത്തിൽ കാര്യമായ വെട്ടിക്കുറവ് വരുത്താതെ തന്നെ അർഹതപ്പെട്ടവർക്കെല്ലാം മണ്ണെണ്ണ വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 2011 ആഗസ്റ്റ് മാസം മുതൽ വൈദ്യുതീകരിച്ച വീടുകൾക്ക് പ്രതിമാസം 1½ലിറ്റർ മണ്ണെണ്ണ വീതം വിതരണം ചെയ്യുന്നതാണ്. വൈദ്യുതീകരിക്കാത്ത വീടുകൾക്കുള്ള പ്രതിമാസ വിഹിതം 5 ലിറ്ററായി തുടരുന്നതാണ്.

ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ കൺസ്യൂമർ അവയർനെസ് സെൽ പ്രവർത്തിച്ചുവരുന്നു. സാധനങ്ങൾ വാങ്ങുമ്പോഴും, സേവനങ്ങൾ ലഭ്യമാക്കുമ്പോഴും ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്താനും തർക്കങ്ങളിൽ പരിഹാരം തേടാനുമുള്ള സമഗ്രമായ സംവിധാനം നിലവിലുണ്ട്. മെച്ചപ്പെട്ട സേവനം ഏതൊരു പൗരന്റെയും മൗലിക അവകാശമാണെന്ന ബോധം സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനായി സംസ്ഥാനത്താകെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നിലവിൽ 100 കൺസ്യൂമർ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത് പടിപിടിയായി വർധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. പൊതുവിതരണ രംഗത്തെയും പരസ്യവിപണിയിലേയും പരാതികൾ സ്വീകരിക്കുന്നതിനും സിവിൽ സപ്ലൈസ് ഹെൽപ്പ്ലൈൻ പ്രവർത്തിച്ചു വരുന്നു.



സിവിൽ സപ്ളൈസ് ഉദ്യോഗസ്ഥരുമായി ഭക്ഷ്യമന്ത്രി ചർച്ച നടത്തുന്നു

പരിശോധനകൾ കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ സഹായത്തോടെ സിവിൽ സപ്ലൈസ്വകുപ്പിന് കൂടുതൽ വാഹനവും മറ്റ് ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ ജനങ്ങൾ പൊതുവെ ജയ/കുറവ ഇനത്തിൽപ്പെട്ട അരിയാണ് കൂടുതലും താത്പര്യപ്പെടുന്നത് എന്നാണ് വിലയിരുത്തപ്പെടുന്നത്. ഇപ്പോൾ പൊതുവിതരണ സമ്പ്രദായം വഴി ലഭ്യമാക്കുന്ന അരിയോട് പൊതുവെ സാധാരണക്കാർ വിമുഖത കാണിക്കുന്നതായി മനസ്സിലാക്കുന്നു. ആയതിനാൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് പൊതുവിതരണ ശൃംഖല വഴി ജയ/കുറവ അരി ലഭ്യമാക്കാനുള്ള നടപടിയും സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

എ.പി.എൽ. വിഭാഗത്തിന് വിതരണം ചെയ്യാനായി നിലവിൽ അനുവദിച്ചുവരുന്ന അരിയും ഗോതമ്പും തികച്ചും അപര്യാപ്തമാണ്. പഞ്ചസാര ബി.പി.എൽ/എ.എ.വൈ. വിഭാഗങ്ങൾക്കു മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. പാചകവാതകം ആവശ്യത്തിനനുസരിച്ച് ലഭിക്കുന്നില്ല. മണ്ണെണ്ണയുടെ കേന്ദ്ര അലോട്ട്മെന്റ് ഓരോ വർഷവും ഗണ്യമായി കുറയുന്നു. ഈ പോരായ്മകളെല്ലാം ഉണ്ടെങ്കിലും പൊതുവിതരണ രംഗം വളരെ കാര്യക്ഷമവും സുതാര്യമായും പ്രവർത്തിക്കുകയും രാജ്യത്തെ ഏതൊരു സംസ്ഥാനത്തെക്കാളും പ്രശംസനീയമായ നിലയിൽ റേഷൻ സമ്പ്രദായം നടപ്പിലാക്കിവരികയും ചെയ്യുന്നു.

ഭക്ഷ്യധാന്യങ്ങളുടെ അലോട്ട്മെന്റ് വർധിപ്പിക്കുക, പഞ്ചസാര എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുക, മണ്ണെണ്ണയുടെയും പാചകവാതകത്തിന്റെയും അലോട്ട്മെന്റ് വർദ്ധിപ്പിക്കുക എന്നിവ സംസ്ഥാനത്തിന്റെ അടിയന്തിര ആവശ്യമാണ്. കേന്ദ്രസർക്കാരുമായി ചർച്ച ചെയ്ത് ഇക്കാര്യങ്ങളിലെല്ലാം അനുകൂല തീരുമാനം ഉണ്ടാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## രജിസ്ട്രേഷൻ വകുപ്പ്

സംസ്ഥാനത്തെ 310 സബ്‌രജിസ്ട്രാർ ഓഫീസുകളും പൂർണമായി കംപ്യൂട്ടർവത്കരിച്ചതിലൂടെ രജിസ്ട്രേഷൻ പ്രക്രിയകളും ഭൂമി സംബന്ധമായ രേഖകളുടെ ലഭ്യതയും സുഗമമാക്കി. ആധാര പകർപ്പുകൾ അപേക്ഷിക്കുന്ന ദിവസംതന്നെ നൽകുവാനും 1989 മുതൽ നാളിതുവരെയുള്ള ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്നതിന്റെ പിറ്റേദിവസം തന്നെ നൽകുന്നതിനും സാധിക്കുന്നു. സബ്‌രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ പരിശോധിക്കുന്നതിനായി ഇന്റർനെറ്റിൽ ലഭ്യമാക്കുന്ന പദ്ധതിക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞു. ഇന്ത്യയിൽ ഉടൻ തന്നെ നടപ്പിലാക്കുന്ന ആധാർ തിരിച്ചറിയൽ കാർഡ് പദ്ധതിയുമായി ബന്ധപ്പെടുത്താവുന്ന രീതിയിലാണ് ഈ പദ്ധതി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാകുന്നതോടുകൂടി ലോകത്തെവിടെയും ഉള്ള ആളുകൾക്ക് ആധാര രജിസ്ട്രേഷൻ വിവരങ്ങൾ ഇന്റർനെറ്റ് മുഖേന അറിയുവാനും തങ്ങളുടെ പേരിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുവാനും സാധ്യമാകുന്നു. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഏകജാലക സംവിധാനം നടപ്പിലാക്കുവാനും ഉദ്ദേശമുണ്ട്. ബാദ്ധ്യതാ സർട്ടിഫിക്കറ്റിനായി ആധാര വിവരംകൂടി ചേർത്തുകൊണ്ട് നൽകപ്പെടുന്ന അപേക്ഷയിൽ പെട്ടെന്ന് തീർപ്പാക്കി സർട്ടിഫിക്കറ്റ് നൽകാൻ ഇതുമൂലം കഴിയും. ഭൂമിയുടെ ന്യായവില നിർണയിച്ചത് സംബന്ധിച്ച് ഉയർന്ന് വന്നിരിക്കുന്ന പരാതികളിൽ തീർപ്പു കല്പിക്കുന്നതിന് സർക്കാർ അതിവേഗം നടപടി സ്വീകരിച്ചു വരികയാണ്. ■

■ എഴുമാവിൽ രവീന്ദ്രനാഥ്



# ലക്ഷ്യം സുഭിക്ഷം

**ജനസംഖ്യാപ്പെരുപ്പത്തിനൊപ്പം ഭക്ഷ്യോത്പാദനം സാധ്യമാകാത്ത സാഹചര്യമാണിന്നുള്ളത്. അതിനാൽ ഈ പ്രതിസന്ധി മറികടക്കത്തക്കവിധം തയ്യാറാക്കിയ ദേശീയ ഭക്ഷ്യനയം അന്തർദേശീയതലത്തിൽത്തന്നെ ശ്രദ്ധപിടിച്ചുപറ്റാൻ പര്യാപ്തമായതാണ്.**

ഭക്ഷ്യസുരക്ഷ സംബന്ധിച്ച ചർച്ചകളിലാണ് ലോകമെമ്പാടുമുള്ള വികസിതരാഷ്ട്രങ്ങളും വികസ്വരരാഷ്ട്രങ്ങളും. ജനസംഖ്യയുടെ പെരുക്കത്തിനൊപ്പം ഭക്ഷ്യോത്പാദനം സാധിതമാവുകയില്ല എന്നും ഇത് ഭാവിയിൽ ദുരിതമുണ്ടാക്കുമെന്നും ശതാബ്ദങ്ങൾക്കുമുമ്പേ പ്രവചിച്ചത് ബ്രിട്ടീഷ് ധനതത്വശാസ്ത്രജ്ഞനായ തോമസ് റോബർട്ട് മാൽത്തസ് (1766–1834) ആയിരുന്നു. തന്നെ വിമർശിച്ചവരോട് സൗമ്യനായി മാൽത്തസ് പറഞ്ഞത് ഇപ്രകാരമായിരുന്നു: 'ഇതു കണക്കുകളുടെ കളിയല്ല, കാര്യങ്ങളുടെ മാത്രം കളിയാണ്, രണ്ടോ മൂന്നോ തലമുറകൾക്കപ്പുറത്തേക്കു പോകുന്നതല്ല ഞാൻ പറഞ്ഞ കാര്യങ്ങൾ'. അതെ. മാൽതൂസിയൻ സിദ്ധാന്തം ഇന്നിതാ യാഥാർഥ്യമാവുകയാണ്. എപ്രകാരം ഭക്ഷ്യസുരക്ഷ ഉറപ്പാക്കാമെന്ന കൂടിയാലോചനകൾക്കൊപ്പം, നാളത്തെ ലോകത്തിന്റെ പ്രതീക്ഷയായ ഭാരതം നാളത്തെ തലമുറയുടെ ആരോഗ്യപൂർണമായ ജീവിതം കൂടി പുതിയ ഭക്ഷ്യനയത്തിലൂടെ ഉറപ്പു വരുത്തുകയാണ്.

ഇതിന്റെ മുന്നോടിയായി പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ അവതരിപ്പിച്ച ഭക്ഷ്യസുരക്ഷാബില്ല് തികച്ചും യാഥാർഥ്യബോധത്തോടുകൂടി തയ്യാറാക്കപ്പെട്ട ഒന്നാണ്. ലോകബാങ്ക്, അന്താരാഷ്ട്ര ഭക്ഷ്യനയഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്, ഇന്ത്യയിലെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങൾ ഇവ നമ്മുടെ രാജ്യത്തെ ഭക്ഷ്യനയം, പൊതുവിതരണ സമ്പ്രദായം, പൊതുജനാരോഗ്യം തുടങ്ങിയ വിഷയങ്ങളിൽ നടത്തിയ പഠനങ്ങൾ വിശകലനവിധേയമാക്കിയ ശേഷമാണ് പുതിയ ബില്ലിന് രൂപം കൊടുത്തത്. ആധികാരികരേഖകളായി പരിഗണിക്കാൻ പറ്റുന്നവയായിരുന്നു മേൽച്ചൊന്ന പഠനങ്ങളും റിപ്പോർട്ടുകളും. ആരെയെങ്കിലും ഇകഴ്ത്താനോ, പുകഴ്ത്താനോ വേണ്ടി തയ്യാറാക്കിയവയായിരുന്നില്ല ഈ രേഖകൾ. ആയതിനാൽ ഏതെങ്കിലും കോണിൽ നിന്ന് ഇതിലെ പരാമർശങ്ങൾ സംബന്ധിച്ച് വിമർശനങ്ങൾ ഒന്നും തന്നെ ഇതേവരെ ഉയരുകയുമുണ്ടായിട്ടില്ല.

ദക്ഷിണേന്ത്യൻ പഠനത്തിന്റെ ഭാഗമായിട്ടാണ് വാഷിങ്ടൺ ആസ്ഥാനമായുള്ള അന്താരാഷ്ട്ര ഭക്ഷ്യനയ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് (ഐ.എഫ്.പി.ആർ.ഐ) ഇന്ത്യയിലെ ഭക്ഷ്യോത്പാദനം, പോഷകാഹാരലഭ്യത തുടങ്ങിയവയെക്കുറിച്ച് വിദഗ്ധപഠനം നടത്തിയത്. ഭക്ഷ്യോത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ചുവെങ്കിലും ചില പ്രവിശ്യകളിലും ജനസമൂഹങ്ങൾക്കിടയിലും ഭക്ഷ്യഅരക്ഷിതാവസ്ഥ നിലനിൽക്കുന്നുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. രാജ്യങ്ങളിലെ ദാരിദ്ര്യം, വിശപ്പ് എന്നിവയുടെ തോതളക്കുവാൻ ഈ സ്ഥാപനം വികസിപ്പിച്ചെടുത്ത ആഗോള പശി സൂചിക (ഗ്ലോബൽ ഹങ്കർ ഇൻഡക്സ്- ജി.എച്ച്.ഐ) ഇന്ത്യൻ സാഹചര്യങ്ങളിൽ തികച്ചും ഭീതിദമായ ഗ്രാഫ് ആണത്രെ കാട്ടുന്നത്. കുട്ടികളിലെ പോഷകാഹാരക്കുറവ്, പ്രസവത്തോടനുബന്ധി



ച്ചുള്ള സ്ത്രീ മരണം, വിളർച്ച, ഭക്ഷ്യവിതരണ ശൃംഖലയിലെ വിള്ളലുകൾ ഇവ റിപ്പോർട്ടിൽ എടുത്തുപറയുന്നുണ്ട്. അന്താരാഷ്ട്ര ബന്ധങ്ങളെക്കുറിച്ചു ഗവേഷണം നടത്തുന്ന ഇന്ത്യൻ കൗൺസിൽ (ഐ.സി.ആർ.ഐ.ഇ.ആർ) ഇന്ത്യൻ കാർഷിക ഗവേഷണകൗൺസിൽ (ഐ.സി.എ.ആർ) തുടങ്ങിയവയുടെ സഹായത്തോടെയാണ് ഈ റിപ്പോർട്ട് തയ്യാറാക്കപ്പെട്ടത്.

ഹൈദരബാദിലെ സെന്റർ ഫോർ സോഷ്യൽ സ്റ്റഡീസ്, മുംബൈയിലെ ഇന്ദിരാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് റിസർച്ച് എന്നിവ നടത്തിയ ഗവേഷണങ്ങളും മേൽപ്പറഞ്ഞ നിരീക്ഷണങ്ങളിൽത്തന്നെയാണ് എത്തിച്ചേർന്നത്. വികസനം ഒരു ഭാഗത്തുകൂടി നടക്കുമ്പോൾത്തന്നെ നിരക്ഷരരുടെ എണ്ണം കൂടിവരുന്നു എന്നും മൂന്നുവയസ്സിൽത്താഴെയുള്ള കുഞ്ഞുങ്ങളുടെ മരണനിരക്ക് വർധിച്ചുവരുന്നുവെന്നും ഈ രണ്ടു സ്ഥാപനങ്ങളിലെയും ഗവേഷകരുടെ പഠനങ്ങളിൽ കാണുന്നു. 'മാറുന്ന ഇന്ത്യയ്ക്കുവേണ്ട സാമൂഹികസുരക്ഷ' എന്ന പേരിൽ 412 പേജുകളിലായി ലോകബാങ്ക് തയ്യാറാക്കിയ റിപ്പോർട്ടിൽ ഇന്ത്യയിലെ പൊതുവിതരണസമ്പ്രദായം ഉടച്ചുവാർക്കണമെന്നും ഭക്ഷ്യനയത്തിൽ കാതലായ മാറ്റങ്ങൾ വേണമെന്നും പറയുന്നുണ്ട്. പുതിയ ഭക്ഷ്യനയം രൂപപ്പെടുത്തിയെടുക്കുന്നതിൽ ലോകബാങ്കിന്റെ ശുപാർശകളും ചെറുതല്ലാത്ത ഒരു പങ്കു വഹിച്ചിട്ടുണ്ട് എന്ന് കാണാം.

ഗർഭസ്ഥശിശുക്കൾ മുതൽ 14 വയസ്സു പ്രായമുള്ള കുട്ടികൾ വരെയും അഗതികൾ മുതൽ അശരണരായ സ്ത്രീകൾ വരെയും ഭക്ഷ്യസുരക്ഷയുടെ ശീതളച്ഛായയിൽ വരുംവിധമാണ് പുതിയ നയത്തിന്റെ അടിത്തറ. ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, പൊതുവിതരണം, സാമൂഹികക്ഷേമം തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ സാക്ഷാത്കരിക്കപ്പെടുംവിധമാണ് പുതിയ നയത്തിന്റെ ചട്ടക്കൂട്.

ബില്ലിലെ ആദ്യ നിർദേശം ഗർഭസ്ഥശിശുക്കൾക്കും മാതാവിനും മുടക്കമില്ലാതെ സൗജന്യപോഷകാഹാരങ്ങൾ ലഭ്യമാക്കുക എന്നതാണ്. ദേശീയ കുടുംബക്ഷേമ സർവേ ഫലങ്ങൾ ഈ നയരൂപീകരണത്തിന് കാരണമായിട്ടുണ്ടെന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. രാജ്യത്ത് മൂന്നുവയസ്സിൽ താഴെയുള്ള 46 ശതമാനത്തോളം കുഞ്ഞുങ്ങൾക്ക് പ്രായത്തിനനുസരിച്ച ഭാരമില്ലെന്നും ഇതിനുകാരണം പോഷകാഹാരങ്ങളുടെ കുറവാണെന്നുമാണ് സർവേയിൽ കണ്ടെത്തൽ. ഗർഭിണികളിൽ 52 ശതമാനം പേർക്കും പോഷകാഹാരക്കുറവുമൂലം വിളർച്ച (അനീമിയ) ബാധിച്ചിട്ടുണ്ടെന്ന് സർവേ പറയുന്നു. നാഷണൽ ന്യൂട്രീഷ്യൻ മോണിറ്ററിങ്ങ് ബ്യൂറോയും ഇത് ശരിവയ്ക്കുന്നു. (ഗ്രാമതലപഠനം 2010)

പ്രസവാനന്തരം മാതാവിന് സൗജന്യപോഷകാഹാരങ്ങളോ, പ്രതിമാസം ആയിരം രൂപ വിതമോ ആറുമാസത്തേക്കു നൽകുക എന്നതാണ് മറ്റൊരു നിർദേശം. ധാന്യത്തിനായി പണം (ക്യാഷ് ഫോർ ഗ്രയിൻ) എന്ന ലോകബാങ്ക് ശുപാർശയാണ് ഈ നിർദേശത്തിന് പിന്നിലുള്ളത്. പൊതുവിതരണരംഗത്തെ പാളിച്ചകളാണ് ഇത്തരമൊരു ശുപാർശയ്ക്കു കാരണമായി ലോകബാങ്കിന്റെ ടീം ലീഡർ ഫിലിപ് ഒ.കെയിഫ് പറയുന്നത്. സംഭരണത്തിലെയോ, സംസ്കരണത്തിലെയോ പാളിച്ചകൾമൂലം ഗുണമേന്മ നഷ്ടപ്പെടുന്ന ധാന്യങ്ങൾ ഗുണത്തേക്കാളേറെ ദോഷം ചെയ്യും. ആയതിനാൽ ഗുണമേന്മയുള്ള പോഷകാഹാരങ്ങൾ വാങ്ങി ഉപയോഗിക്കുവാൻ സ്ത്രീകളെ പ്രാപ്തമാക്കുവാനാണ് സാമ്പത്തിക സഹായം എന്ന വാഗ്ദാനം. മൂന്നു വയസ്സുവരെയുള്ള കുഞ്ഞുങ്ങൾക്ക് പോഷകസമ്പുഷ്ടമായ ഭക്ഷണം സൗജന്യമായി നൽകുക എന്നതും പതിനാലു വയസ്സുവരെയുള്ള കുട്ടികൾക്ക് കുറഞ്ഞത് ഒരു നേരത്തെ പാകം ചെയ്ത ഭക്ഷണം അഥവാ തത്തുല്യമായ തുക നൽകുക എന്നതും സഹർഷം സ്വാഗതം ചെയ്യപ്പെടേണ്ട നിർദേശങ്ങൾതന്നെ. ആരോഗ്യമുള്ള യുവതലമുറയെ വാർത്തെടുക്കുന്നതിന് ഇത് സഹായകമാകുമെന്ന് പ്രതീക്ഷിക്കാം. ഭിക്ഷാടനം നടത്തുന്നവർ, നിരാലംബരായ സ്ത്രീകൾ എന്നിവരുടെ വിശപ്പകറ്റാൻ ഇനി സർക്കാരിന്റെ സഹായഹസ്തങ്ങളുണ്ടാവും എന്ന പുതുമയേറിയ പ്രഖ്യാപനം ഇന്ത്യൻ തെരുവോരങ്ങളിൽ നിന്ന് വിശപ്പിനെ ആട്ടിയകറ്റാനുള്ള ചാലകശക്തിയായി മാറും.

'ആധാർ' എന്ന പേരിൽ രാജ്യത്തെമ്പാടും പുതിയൊരു തിരിച്ചറിയൽ കാർഡ് പദ്ധതി നടപ്പാക്കാനും പുതിയ നയം ലക്ഷ്യമിടുന്നു. പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ച ജസ്റ്റീസ് ഡി.പി. വാധ്വായുടെ ശുപാർശകളിലൊന്നാണ് ഈ തിരിച്ചറിയൽ കാർഡ്. ബി.പി.എൽ കാർഡുടമകൾക്കുള്ള ഭക്ഷ്യവസ്തുക്കളിൽ 60 ശതമാനവും ഭക്ഷ്യമാഫിയ തട്ടിയെടുക്കുന്നുവെന്ന ലോകബാങ്കിന്റെ കണ്ടെത്തലിന് ജസ്റ്റിസ് വാധ്വയും അടിവരയിടുന്നു. ഫുഡ് കോർപ്പറേഷന്റെ വെയർ ഹൗസുകളിൽ നിന്നും ന്യായവില കടകളിലെത്തുന്ന ഭക്ഷ്യവസ്തുക്കൾ അത് അർഹിക്കുന്നവരിൽത്തന്നെ എത്തുന്നുണ്ടോ എന്നറിയാൻ അത്യാധുനിക ഇലക്ട്രോണിക് നെറ്റ് വർക്കിങ്ങ്, ഗുണഭോക്താക്കൾക്ക് ബയോമെട്രിക് കാർഡുകൾ, ബാർകോഡുകളിട്ട ഭക്ഷ്യകൂപ്പണുകൾ, ചില്ലറ വില്പനശാലകളിൽ സ്കാനറോടുകൂടിയ കംപ്യൂട്ടറൈസ്ഡ് വെയിങ് മെഷീനുകൾ എന്നിവയും ജസ്റ്റിസ് വാധ്വയുടെ ഹൈടെക് റിപ്പോർട്ടിലുണ്ട്. ഇതിലെ ബയോമെട്രിക് കാർഡു മാത്രമാണ് ഇപ്പോൾ പ്രാവർത്തികമാക്കുന്നത്. ഭക്ഷ്യധാന്യങ്ങളുടെ കരിഞ്ചന്തയും പൂഴ്ത്തിവെയ്പും ഒഴിവാക്കുവാനും വ്യാജകാർഡുകളുടെ വ്യാപനം തടയുവാനും പുതിയ കാർഡുകൊണ്ട് സാധിയ്ക്കുമെന്നാണ് കേന്ദ്രം കണക്കുകൂട്ടുന്നത്. എന്നാൽ ആകെയുള്ള സ്റ്റോക്കിൽനിന്നും ചോർച്ചയുണ്ടാവുന്നത് ഇതുകൊണ്ടു മാത്രം തടയാനാവില്ല.

രാജ്യത്തുടനീളമുള്ള ബി.പി.എൽ കാർഡ് ഉടമകൾക്ക് കിലോഗ്രാമിന് മൂന്നു രൂപയ്ക്ക് അരി രണ്ടു രൂപയ്ക്ക് ഗോതമ്പ് ഒരു രൂപയ്ക്ക് മറ്റു ധാന്യങ്ങൾ എന്ന നയം നടപ്പാക്കപ്പെടുമ്പോൾ അത് പൊതുവിപണിയിലെ ധാന്യവിലയുടെ വർധനവിനെ ഒരു പരിധിവരെ പിടിച്ചുനിർത്താൻ സഹായകമാവും. ഇതൊരു സ്ഥിരം സംവിധാനമെന്ന നിലയിൽ തുടരുമ്പോൾ സർക്കാരിന്റെ ധാന്യസംഭരണികളിലേക്ക് ഒരു ലക്ഷം കോടി ടൺ ധാന്യങ്ങൾ അധികമായി കരുതേണ്ടിവരും. ഇതിനായി പ്രാഥമിക മേഖലയെ കൂടുതൽ ഊർജസ്വലമാക്കണം. ഗ്രാമീണ മേഖലയിലെ കൃഷിഭൂമിയുടെ വിസ്തൃതി വർഷംതോറും ചുരുങ്ങിവരുന്നത് കാർഷിക ഉത്പാദനത്തെ പ്രതികൂലമായി ഇപ്പോൾത്തന്നെ ബാധിച്ചിട്ടുണ്ട്.

- ഗർഭസ്ഥശിശുവിനും മാതാവിനും സൗജന്യപോഷകാഹാരം
- കുഞ്ഞുങ്ങൾക്ക് മൂന്നുവയസ്സുവരെ സൗജന്യഭക്ഷണം
- പ്രസവശേഷം പോഷകാഹാരങ്ങൾക്കായി മാതാവിന് ആറുമാസം വരെ ആയിരം രൂപ ധനസഹായം
- പതിനാലുവയസ്സുവരെ കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷണം അല്ലെങ്കിൽ തത്തുല്യതുക ഉറപ്പ്
- ഭിക്ഷാടനം നടത്തുന്നവർക്ക് നിത്യേന ഒരു നേരത്തെ ഭക്ഷണം ലഭ്യമാക്കൽ
- ബിപിഎൽ കുടുംബങ്ങൾക്ക് മൂന്നുരൂപയ്ക്ക് അരി, രണ്ടുരൂപയ്ക്ക് ഗോതമ്പ്, ഒരു രൂപയ്ക്ക് ധാന്യങ്ങൾ (കി.ഗ്രാമിന്)
- റേഷൻ കാർഡുകൾ ഇനി ഗൃഹനാഥ അല്ലെങ്കിൽ പതിനെട്ടുകഴിഞ്ഞ പെൺകുട്ടിയുടെ പേരിൽ
- രാജ്യത്തെങ്ങും ഇനി 'ആധാർ' കാർഡുകൾ
- ഗ്രാമീണമേഖലയിൽ 75 ശതമാനം പേരും നഗരങ്ങളിൽ 50 ശതമാനം പേരും ഭക്ഷ്യസുരക്ഷാവലയത്തിൽ
- പ്രതിമാസം 35 കി.ഗ്രാം ധാന്യം ഒരു കുടുംബത്തിന് സൗജന്യനിരക്കിൽ
- ധാന്യസംഭരണത്തിന് സ്വകാര്യമേഖലയുടെ പങ്കാളിത്തം
- സംഭരണശാലകളിൽ ധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ ചൈനീസ് ടെക്നോളജി

കുറഞ്ഞ വിസ്തൃതിയിൽ നിന്നും കൂടുതൽ ഉത്പാദനത്തിനായി അവലംബിയ്ക്കേണ്ട നൂതനമാർഗങ്ങൾ പരിസ്ഥിതി സൗഹൃദമായില്ലെങ്കിൽ അവയുണ്ടാക്കിയേക്കാവുന്ന പൊല്ലാപ്പുകളെക്കുറിച്ചും ആലോചിച്ച ശേഷം മാത്രമേ ഇക്കാര്യത്തിലുള്ള ഗൃഹപാഠങ്ങൾക്ക് ബന്ധപ്പെട്ടവർ മുതിരാവൂ. മണ്ണും ജലവും വായുവും മലീമസമാക്കിക്കൊണ്ടുള്ള കൃഷിയ്ക്ക് ഒരു ഫലപ്രദമായ പകരം സംവിധാനം കണ്ടെത്തേണ്ടതുണ്ട്. ഇതിന് ഇ.എം.ടെക്നോളജി, ഓർഗാനിക് ടെക്നോളജി എന്നിവയിൽ അനന്ത സാധ്യതകളുണ്ടെന്നാണ് പരിസ്ഥിതി ശാസ്ത്രജ്ഞരും കാർഷികരംഗത്തെ ഓർഗാനിക് വിദഗ്ധരും പറയുന്നത്.

രാജ്യത്ത് 0.48 ദശലക്ഷം ന്യായവില ഷോപ്പുകളാണ് പൊതുവിതരണസമ്പ്രദായത്തിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നത്. ഇതിൽ 85 ശതമാനവും സ്വകാര്യവ്യക്തികൾ മുഖാന്തരം നടത്തപ്പെടുന്നവയാണ്. സഹകരണമേഖലയും പൊതുമേഖലയുമാണ് ബാക്കിയുള്ളവയ്ക്ക് നേതൃത്വം നൽകുന്നത്. 222.2 ദശലക്ഷം കുടുംബങ്ങൾക്കാണ് ഇവിടെ സ്വന്തമായി റേഷൻ കാർഡുകൾ ഉള്ളത്. ഒരു ഷോപ്പിനുകീഴിൽ വരുന്ന കുടുംബങ്ങളുടെ എണ്ണം ഏതാണ്ട് 454 ഓളം വരും. എല്ലാവരെയും റേഷൻ നെറ്റുവർക്കിങ്ങിനായുള്ള സോഫ്റ്റ് വെയറിന്റെ വിശാലമായ കുടക്കീഴിലാക്കുവാൻ ഭഗീരഥ പ്രയത്നം തന്നെ വേണ്ടിവന്നേക്കും. ഇതിലേക്കുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുള്ളതായി ബന്ധപ്പെട്ട മന്ത്രാലയം പറയുന്നു. പക്ഷെ എല്ലാ ദിശകളിലും കംപ്യൂട്ടർവത്കരണമെന്നത് ഒരുനാൾകൊണ്ട് നടപ്പാക്കാനാവുന്നതല്ല.

യുദ്ധകാല ഭക്ഷ്യനിയന്ത്രണ/വിതരണ സംവിധാനമെന്ന നിലയിൽ 1939-ൽ ബോംബെയിലാണ് ബ്രിട്ടീഷ് സർക്കാർ പൊതുവിതരണസമ്പ്രദായത്തിന് നാന്ദികുറിച്ചത്. തുടർന്ന് ആറുനഗരങ്ങളിലേക്കുകൂടി വ്യാപിപ്പിച്ച പിസിഎസ്, അതിന്റെ എഴുപത്തിരണ്ടാം വയസ്സിലും നവയൗവനം നേടി മുന്നോട്ടേയ്ക്കു കുതിയ്ക്കുമ്പോൾ ഇതിന്റെ ഉപജ്ഞാതാക്കളെ സ്മരിക്കാതെ പോവാനാവുമോ?

സാക്ഷരതയിലും ആരോഗ്യമേഖലയിലുമെന്നപോലെ പൊതുവിതരണരംഗത്തും കേരളം അഭൂതപൂർവമായ നേട്ടമാണ് കൈവരിച്ചതെന്ന് മഥുര സ്വാമിനാഥന്റെ പിഡിഎസ് സമഗ്രപഠനത്തിൽ കാണുന്നു. 1991-ൽ സംസ്ഥാനത്തെ 95 ശതമാനം പേരെയും റേഷൻകാർഡിന്റെ പരിധിയ്ക്കുള്ളിൽ കൊണ്ടുവരാൻ കഴിഞ്ഞ കാര്യം അതീവ പ്രാധാന്യത്തോടെയാണ് അദ്ദേഹത്തിന്റെ പഠനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ പ്രതിമാസ ധാന്യ ഉപഭോഗം 13.8 കി.ഗ്രാം (പ്രതിശീർഷം) ആണെന്ന് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് സ്വാമിനാഥൻ സമർഥിയ്ക്കുന്നു. അതായത് നമ്മുടെ പ്രതിദിന ഉപഭോഗം 460 ഗ്രാം. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ശുപാർശ ചെയ്തിട്ടുള്ള പ്രതിദിന ഉപഭോഗം 370 ഗ്രാം മാത്രമാണെന്നോർക്കുക!

ഇനി റേഷൻ കാർഡുകളിൽ കുടുംബനാഥയുടെ പേരാകും ആദ്യം കുറിയ്ക്കപ്പെടുക. തലമുതിർന്ന സ്ത്രീ അല്ലെങ്കിൽ വീട്ടമ്മ അതുമല്ലെങ്കിൽ 18 വയസ്സുകഴിഞ്ഞ സ്ത്രീയാവും ഇനി കാർഡുടമയാകുന്നത്. പുതിയ ഭക്ഷ്യനയത്തിൽ വനിതകൾക്കു നൽകുന്ന പ്രാമുഖ്യത്തിന് ഒരു ഉദാഹരണം കൂടിയാണിത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ പരിഷ്കാരത്തിൽ വലിയ പുതുമയൊന്നും തോന്നാനിടയില്ല. കാരണം ഇവിടെ സ്ത്രീകൾക്ക് നൽകുന്ന പരിഗണന മാതൃകാപരമാണ്. എന്നാൽ രാജ്യത്തെ 50 ശതമാനത്തിലേറെ സംസ്ഥാനങ്ങളിലെ സ്ഥിതി മറിച്ചാണ്. വിദ്യാസമ്പന്നർക്കിടയിൽപ്പോലും സ്ത്രീകൾക്ക് സ്വാതന്ത്ര്യം നിഷേധിയ്ക്കപ്പെടുന്ന അവസ്ഥ രാജ്യത്തു നിലനില്ക്കന്നു എന്നത് പച്ചയായ യാഥാർഥ്യമാണ്. പുതിയ നയം ഇത്തരം സമൂഹങ്ങളിലെ വനിതകൾക്കിടയിൽ ആത്മവിശ്വാസം ജനിപ്പിക്കാൻ പര്യാപ്തമാവും എന്ന കാര്യത്തിൽ സംശയമില്ല.



എന്തായാലും ഒരു കാര്യം ഉറപ്പിച്ചുപറയാം. ഭാരതത്തിന്റെ പുതിയ ഭക്ഷ്യനയം അന്താരാഷ്ട്ര വേദികളിൽ സമീപമായിത്തന്നെ ചർച്ചചെയ്യപ്പെടും. ഈ 'ഇന്ത്യൻ മോഡൽ' മറ്റുപല രാജ്യങ്ങളും പിന്തുടർന്നെന്നുമിരിയ്ക്കും. ■

■ ആർ. ഹേലി

**കാർഷികമേഖലയിലെ ഹരിതനിറം മങ്ങുന്ന കാഴ്ച ശുഭകരമാവില്ല. ഏത് പ്രതിസന്ധിയെയും മറികടക്കാൻ കഴിയുന്നവിധം ഇന്ത്യൻ കാർഷികവ്യവസ്ഥയെ സംരക്ഷിക്കാൻ ദീർഘവീക്ഷണമുള്ള ആസൂത്രണം അത്യാവശ്യം– ഭക്ഷ്യമേഖലയുടെ തന്ത്രപ്രാധാന്യം വരുംതലമുറയ്ക്കുകൂടി പകർന്ന് ഭക്ഷ്യസുരക്ഷായത്നത്തിലേക്ക് കടക്കാം.**

2011 ഇന്ത്യൻ കാർഷിക മേഖലയെ സംബന്ധിച്ചടത്തോളം ചരിത്രം സൃഷ്ടിച്ച വർഷമാണ്. ആറര കോടിയിൽപരം ടൺ ഭക്ഷ്യധാന്യം കരുതൽശേഖരമായി സർക്കാരിന്റെ പക്കൽ ഉള്ള ഒരു കാലം മുൻപ് ഒരിയ്ക്കലും ഉണ്ടായിട്ടില്ല. ഇതിൽ 3.78 കോടി ടൺ ഗോതമ്പും 2.76 കോടി ടൺ അരിയുമാണ്. ഭക്ഷ്യസുരക്ഷയ്ക്കുള്ള ഏറ്റവും വലിയ ഒരു ഉറപ്പായിത്തന്നെ ഇതിനെ കരുതണം.

ഗോതമ്പിന്റെ രംഗത്ത് പ്രതീക്ഷകളെ അതിജീവിച്ച ഉത്പാദന ഉയർച്ചയാണ് കൃഷിക്കാർ സൃഷ്ടിച്ചത്. ആകർഷകമായ വില നൽകുകയും സംഭരണസൗകര്യങ്ങൾ പൊതുമേഖലയിൽത്തന്നെ വിപുലപ്പെടുത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഇത്രയും



# ഭക്ഷ്യസുരക്ഷ
## പുരോഗതിയുടെ താക്കോൽ

ആശ്വാസം നൽകുന്ന ഒരു സ്ഥിതിവിശേഷം ധാന്യമേഖലയിൽ രൂപപ്പെടുത്താൻ കഴിഞ്ഞത്. 2002 ലാണ് ഇതിനുമുൻപ് 6.48 കോടി ടൺ ധാന്യം ഭാരതം, കരുതലായി ശേഖരിക്കുന്നതിൽ വിജയിച്ചത്. അന്ന് മൂന്നുകോടിയിൽപരം ടൺ ധാന്യം വിദേശത്ത് കയറ്റുമതി ചെയ്യാൻ സർക്കാർ നിർബന്ധിതമായി. അതും വളരെ വിലകുറച്ച് വിറ്റഴിക്കേണ്ടിവന്നു. അടുത്ത വർഷം ധാന്യസംഭരണം 3.5 കോടി ടണ്ണായി കുറയുകയും ചെയ്തു.

ഭക്ഷ്യധാന്യലഭ്യത ഒരു അവകാശമായി അംഗീകരിച്ചുകൊണ്ട് സമഗ്രമായ ഭക്ഷ്യസുരക്ഷാബില്ലിന് യഥാർഥരൂപം നൽകാൻ രാഷ്ട്രം തയ്യാറെടുത്തു നിൽക്കുന്ന ഈ വേളയിൽ കരുതൽ ഭക്ഷ്യധാന്യ ഭദ്രത ഇത്രയും ശക്തമായിരിക്കുന്നത് ശുഭോദത്തമായ ഒരു കാര്യം തന്നെയാണ്. ഇന്ത്യയിലെ കാർഷികരംഗത്തിന്റെ യഥാർഥ കരുത്തായി ഇതിനെ സമൂഹം അംഗീകരിയ്ക്കണം.



ഗുജറാത്ത്, പഞ്ചാബ്, ഹരിയാന, മധ്യപ്രദേശ്, ബിഹാർ തുടങ്ങിയ സംസ്ഥാനങ്ങളാണ് ഇതിന് ഗണ്യമായ സംഭാവന നൽകിയിരിക്കുന്നത് എന്നും നാം പ്രത്യേകം ഓർമിയ്ക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരുകളും, ഫുഡ്കോർപ്പറേഷനും, വെയർഹൗസിങ് സംവിധാനങ്ങളും ബാങ്കുകളും ഈ യത്നത്തിൽ വലിയ പങ്ക് നിർവഹിച്ചിരിക്കുന്നതും ശ്ലാഘനീയമാണ്. ഭക്ഷ്യരംഗത്ത് ഇന്ത്യയുടെ ഏറ്റവും വലിയ ശക്തിയും അതേസമയം പ്രശ്നവും വളരെവേഗം വർധിക്കുന്ന ജനസംഖ്യയാണ്. ഇതിനോടൊപ്പം, വരൾച്ച, വെള്ളപ്പൊക്കം കാലാവസ്ഥാവ്യതിയാനം ഇവ കൂടി ഒത്തുചേരുമ്പോൾ കൃഷിരംഗത്തെ ഏറ്റവും പ്രധാനപെട്ട ഘടകമായ കൃഷിക്കാരുടെ പ്രതീക്ഷകൾ പാടെ തകർന്ന് പോകുന്നു.

വളർന്നുവരുന്ന ജനസംഖ്യ പലപ്പോഴും നമ്മെ ഞെട്ടിപ്പിക്കുന്നില്ലെങ്കിലും കൃഷിയെ ആശ്രയിക്കുന്നവരുടെ എണ്ണം കുറയുന്നില്ലെന്നതാണ് വാസ്തവം. ഇത് നമ്മെ ആശ്വസിപ്പിക്കുന്നു. കൃഷിയെ പൂർണമായും ആശ്രയിച്ച് ജീവിക്കുന്നവർ 75% ആയിരുന്നത് ഇപ്പോൾ 60-65% ആയിട്ടുണ്ടെന്നാണ് കണക്ക്!! പക്ഷേ അന്നത്തെ ജനസംഖ്യ 35 കോടി ആയിരുന്നത് ഇപ്പോൾ 120 കോടിയോളം എത്തുന്നു. അപ്പോൾ കൃഷിയെ ജീവസന്ധാരണത്തിന് ആശ്രയിച്ചിരിക്കുന്നവരുടെ എണ്ണം യഥാർഥത്തിൽ എത്രയോ കൂടിയിരിക്കുന്നു എന്നു കാണാം. സത്യവും അതുതന്നെ.

ഇത്രയും പേർക്ക് കഴിക്കാൻ ധാന്യവും പച്ചക്കറിയും, പാലും, തേയിലയും, മുട്ടയും, മാംസവും, സസ്യ എണ്ണയും ഒക്കെ ദിവസംതോറും ഉണ്ടാക്കുക എന്നത് വളരെ വലിയ പ്രശ്നമാണ്. അതിൽ ഏറ്റവും പ്രാഥമികമായ ധാന്യം നൽകുന്നതിൽ ഉറപ്പു വരുത്തുവാനാണ് നാം ശ്രമിക്കുന്നത്. 'കൃഷിയുടെ പ്രാധാന്യം കുറയ്ക്കാം, ആ രംഗത്ത് കൂടുതൽ നിക്ഷേപം നടത്തിയാൽ പണത്തിന്റെയും സമ്പത്തിന്റെയും വർധനവ് വളരെ കുറവാണ്' എന്ന് തുടങ്ങിയ പാഠപുസ്തക ധനതത്വശാസ്ത്രം, പ്രഭാഷണങ്ങൾ എന്നിവ ഭക്ഷണം സമയാസമയങ്ങളിൽ ലഭ്യമായില്ലെങ്കിൽ ഉണ്ടാകുന്ന പ്രതിസന്ധിയെക്കുറിച്ച് കൂടുതൽ ചിന്തിയ്ക്കാത്തതു മൂലമുണ്ടാകുന്നതാണ്.

ഭക്ഷ്യവിഭവ ഉത്പാദനം പൊതുവിൽ വർധിപ്പിച്ചു കൊണ്ടിരിയ്ക്കണം. ഇതിന് ഇടവേള നൽകാൻ കഴിയില്ല. വിശപ്പിനും അതില്ല എന്നതുതന്നെ കാരണം. ഒരു ചെറിയ പിറകോട്ടടി ഉണ്ടായാൽപ്പോലും നാട്ടിൽ വലിയ പ്രത്യാഘാതങ്ങൾ അത് സൃഷ്ടിക്കും. ചുരുക്കത്തിൽ 120 കോടി ജനങ്ങൾക്കും 100 കോടി വരുന്ന വളർത്തുമൃഗങ്ങൾക്കും ആവശ്യമായ ഭക്ഷ്യധാന്യവും മറ്റു വിഭവങ്ങളും മുടക്കംകൂടാതെ ഉത്പാദിപ്പിക്കുകയും അത് വിതരണം നടത്തുകയും ചെയ്യുന്നത് രാജ്യരക്ഷയായോ ഒരു പക്ഷേ അതിനെക്കാൾ പ്രാധാന്യമർഹിക്കുന്ന മേഖലയായോ ഉയർന്നിരിക്കുന്നു.

ഇതിൽ ധാന്യങ്ങളുടെ ഉത്പാദനമാണ് മുഖ്യം. കാരണം ധാന്യ ഉത്പാദനമാണ് മറ്റെല്ലാവിഭവ ഉത്പാദനത്തിന്റെയും അടിസ്ഥാനമായി കണക്കാക്കപ്പെടുന്നത്. ധാന്യ ഉത്പാദന രംഗത്ത് ഇന്ത്യയ്ക്ക് ഇപ്പോൾ മാന്യമായി പിടിച്ചുനിൽക്കാൻ കഴിയുന്നുണ്ട് എന്നത് അന്തസ്സും ആശ്വാസവും പകരുന്നു. പക്ഷേ ജനസംഖ്യാവർധനവിന് അനുസരിച്ച് ഇത് ഉയർത്തിത്തന്നെ നിലനിർത്താനാണ് പ്രയാസം. അടുത്ത പത്തുപതിനഞ്ച് വർഷത്തിനകം നമ്മുടെ ധാന്യ ഉത്പാദനം പ്രതിവർഷം ഇപ്പോഴത്തെ 210 ദശലക്ഷം ടണ്ണിൽ നിന്ന് 250 ദശലക്ഷം ടണ്ണായി ഉയരണം. ഇതിനായി പുതിയതായി കൃഷി ഭൂമി ഉണ്ടാക്കാൻ കഴിയില്ല. മാത്രവുമല്ല വ്യവസായത്തിനും ഗതാഗതത്തിനും കെട്ടിട നിർമാണത്തിനും, കച്ചവട ടൂറിസ്റ്റ് സമുച്ചയ നിർമാണത്തിനും വൻതോതിൽ ഭൂമി ആവശ്യമാണ്. തന്മൂലം ഭൂമി വില വളരെ കൂടിക്കൊണ്ടിരിക്കുന്നു. ഒപ്പം കൃഷിഭൂമി വൻതോതിൽ കാർഷികേതര ആവശ്യങ്ങൾക്കായി മാറ്റപ്പെടുന്നു. ഇതിനെ തടുക്കാനുള്ള കർഷകരുടെ ശ്രമങ്ങൾ വലിയ പ്രശ്നങ്ങൾ ഉയർത്തുന്നു.

ഇതേസമയം കൃഷിയിൽ നിന്നുള്ള ആദായം മറ്റു മേഖലകളോട് താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറവാണുതാനും. കൃഷി ചെയ്യാൻ കൂലിക്കാരെ കിട്ടാനില്ല. അതോടൊപ്പം കൂലി വളരെ ദുസ്സഹമായി ഉയരുന്നത് കാരണം ഉത്പാദനചെലവ് വേഗത്തിൽ വർധിക്കുന്നു. കൃഷിവിഭവങ്ങളുടെ സംഭരണം, വിപണനം, തുടങ്ങിയ മേഖലകളിൽ കർഷകസ്വാധീനവും താത്പര്യവും ദുർബലമാകുംവിധം കച്ചവടശക്തികൾ വളരെ കരുത്തരായി വളരുന്നു. കൃഷിക്കാർ അതിനാൽ അടുത്ത തലമുറയെ കൃഷിയിലേക്ക് നയിക്കാതെ മറ്റു തൊഴിലുകളിലേക്ക് വൻതോതിൽ കടത്തിവിടുകയും ചെയ്യുന്നു. നാഷണൽ സാമ്പിൾ സർവേയുടെ ഒരു പഠനം വ്യക്തമാക്കുന്നത് 40% ഇന്ത്യൻ കർഷകരും ഈ രംഗം വിടാൻ കാത്തിരിക്കുന്നു എന്നതാണ്.

ഇതിനകം തന്നെ പയറിനങ്ങൾ, സസ്യ എണ്ണ തുടങ്ങിയവ ഇന്ത്യ വൻതോതിൽ ഇറക്കുമതി ചെയ്യുന്നുണ്ട്. ലോക കാർഷിക വിപണിയിൽപ്പോലും ആവശ്യത്തിന് മാംസത്തിനും പാലിനും മറ്റും ധാന്യങ്ങളെപ്പോലെ തന്നെ ക്ഷാമം നേരിടുന്ന അനുഭവങ്ങൾ സുലഭം. കാർഷിക മേഖലയിലെ ഹരിതനിറം പലയിടത്തും മങ്ങുന്ന കാഴ്ച ശുഭകരമല്ല!

ഇതേസമയം ഉത്പാദന ഉപാധികളായ വെള്ളം, രാസവളങ്ങൾ തുടങ്ങിയവയുടെ ലഭ്യത കുറയുകയാണ്. തത്ഫലമായി



രാസവളങ്ങളുടെ വില അന്താരാഷ്ട്ര വിപണിയിൽ പൊള്ളുന്ന രീതിയിൽ ഉയരുന്നു. ഇവയെല്ലാം കൂടിചേരുമ്പോൾ ഇപ്പോൾ വളരെ ഭദ്രമായി നാം കാണുന്ന ഇന്ത്യൻ കാർഷിക മേഖലയെ കാത്തുസൂക്ഷിയ്ക്കാൻ ദീർഘവീക്ഷണമുള്ള നിരവധി വൻപരിപാടികൾ അത്യാവശ്യമാണെന്ന് വ്യക്തമാകുന്നു.

ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി നമ്മുടെ കാർഷികസമൂഹം തന്നെയാണ്. കാർഷികക്ഷേമത്തിൽ അധിഷ്ഠിതമായ വമ്പിച്ച കാർഷിക വികസന പരിപാടികൾ സാർവത്രികമായി നടപ്പിലാക്കിയാൽ ഇന്ത്യൻ കർഷകർ ഏത് പ്രതിസന്ധിയെയും അതിജീവിയ്ക്കും. അതുകൊണ്ടാണ് മഹാനായ നെഹ്റുജി ആവർത്തിച്ചു പറഞ്ഞത്, എല്ലാകാര്യങ്ങളും മാറ്റിവയ്ക്കാം, പക്ഷേ കൃഷിയുടെ കാര്യത്തിൽ അതു പാടില്ല എന്ന്.

ഇന്ത്യയുടെ കാർഷികമേഖലയിൽ മുഴുകി നിൽക്കുന്നവരെ സംരക്ഷിക്കാനും കൃഷികാര്യത്തിൽ അവരെ സഹായിക്കാനും സർവരും മുന്നോട്ടു വരുന്ന ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കണം. ഇപ്പോൾ നാം നിറച്ചുവച്ചിരിക്കുന്ന ധാന്യശേഖരം 655 (അറുനൂറ്റി അമ്പത്തിഅഞ്ച്) ലക്ഷം ടണ്ണിലധികം വരും. അതിന്റെ മൂല്യം ഏറ്റവും കുറഞ്ഞത് ഒരു ലക്ഷം കോടി രൂപയിലധികം വരും ഇതിന് വെറും 15% വാർഷിക പലിശ കണക്കാക്കിയാൽ പോലും 15000 കോടി രൂപയാണ് കണക്ക് കൂട്ടുന്നത്. ശാസ്ത്രീയമായി ഇത് ശേഖരിക്കാനും സൂക്ഷിക്കാനും ഇന്ത്യയിൽ ആവശ്യമുള്ള ഇടങ്ങളിൽ ക്രമമായി എത്തിക്കാനും വേണ്ട സംവിധാനവും ചെലവും ശ്രദ്ധയും എത്ര വലുതാണെന്ന് രാജ്യത്തിൽ ബഹുഭൂരിഭാഗം പേരും ചിന്തിക്കാത്തതും അറിയാത്തതുമായ കാര്യമായി നില നിൽക്കുന്നു. രാഷ്ട്രത്തിന് ധാന്യശേഖരം നൽകുന്ന കരുത്തും ഭദ്രതയും അമൂല്യമാണെന്ന കാര്യം മനസ്സിലാക്കുന്നവർ നന്നേ ചുരുക്കം.



ഇതു ധാന്യമേഖലയുടെ മാത്രം കാര്യം. ഇങ്ങനെ പയറുവർഗങ്ങൾ, സസ്യഎണ്ണ മറ്റു ആഹാരവിഭവങ്ങൾ, പാൽ, മുട്ട, മാംസം തുടങ്ങിയവയുടെ മേഖലകൾകൂടി കണക്കാക്കുമ്പോൾ മാത്രമേ ഭക്ഷ്യമേഖലയുടെ തന്ത്രപ്രാധാന്യം മറ്റുള്ള സർവതി

> ഭക്ഷ്യവിഭവ ഉത്പാദനം പൊതുവിൽ വർധിപ്പിച്ചുകൊണ്ടിരിയ്ക്കണം. ഇതിന് ഇടവേള നൽകാൻ കഴിയില്ല. വിശപ്പിനും അതില്ല എന്നതുതന്നെ കാരണം. ഒരു ചെറിയ പിറകോട്ടടി ഉണ്ടായാൽപ്പോലും നാട്ടിൽ വലിയ പ്രത്യാഘാതങ്ങൾ അത് സൃഷ്ടിക്കും.

നെയും പിന്തള്ളുന്നതായി നമുക്ക് മനസ്സിലാകുകയുള്ളൂ. 'കൊടുമുടികളുടെ എണ്ണവും പേരും' പഠിപ്പിക്കുന്നതോടൊപ്പം വിദ്യാർഥികളെ ഈ കാര്യങ്ങൾ കൂടി പഠിപ്പിക്കുന്നത് അവർക്ക് രാജ്യസ്നേഹം കൂടുതൽ ഉണ്ടാകാൻ പര്യാപ്തമാകും!!

ഇന്ത്യയുടെ എല്ലാ സംസ്ഥാനങ്ങളും ഭക്ഷ്യവിഭവ ഉത്പാദനത്തിൽ പ്രത്യേക താത്പര്യം എടുത്തേ മതിയാകൂ എന്നതാണ് മറ്റൊരു സത്യം. ഉദാഹരണത്തിന് കേരളം തന്നെ എടുക്കാം. ആവശ്യത്തിന്റെ വെറും 20% അരി മാത്രം ഉത്പാദിപ്പിക്കുകയും പതിനായിരക്കണക്കിന് ഏക്കർ സ്ഥലം തരിശിടുകയും ചെയ്യുന്നത് നീതീകരണമില്ലാത്ത ഒന്നായി ഇന്നല്ലെങ്കിൽ നാളെ നാം തിരിച്ചറിയും. പാടങ്ങൾ ഉപയോഗിക്കാത്തതിനാൽ അരി മാത്രമല്ല, തന്മൂലം കുടിവെള്ളക്ഷാമവും പരിസ്ഥിതി പ്രശ്നങ്ങളും വരൾച്ചയും ഒക്കെ കൂടുതൽ ശക്തമാകുന്നു. കായലുകൾ, നദികൾ, പുഴകൾ, ജലാശയങ്ങൾ ഇവയിലെല്ലാം മത്സ്യക്കൃഷി പാടെ നിലയ്ക്കുകയാണ്. ജലം കൂടുതൽ കൂടുതൽ മലീമസമാകുന്നു. അതുപോലെ ആവശ്യത്തിനുള്ള പച്ചക്കറിയുടെ വെറും 40% മാത്രമാണ് നാം ഉത്പാദിപ്പിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കീടനാശിനിയിൽ കുളിപ്പിച്ച പച്ചക്കറികൾകൊണ്ട് വിപണി നിറയ്ക്കുകയാണിന്ന്. അതുപോലെ പാലിന്റെ ഉത്പാദനം ഉയരുന്നുണ്ടെങ്കിലും മറ്റുസംസ്ഥാനങ്ങളിൽനിന്നും കൂടുതൽ പാൽ നാം വാങ്ങുകയാണ്. മുട്ടയുടെയും ഇറച്ചിയുടെയും പയറിന്റെയും പഴത്തിന്റെയും കാര്യത്തിലും മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കുന്നനില വർധിക്കുന്നത് നല്ല ലക്ഷണമല്ല. വിലനിയന്ത്രണത്തിനും ഗുണനിയന്ത്രണത്തിനും വലിയ തടസ്സം സൃഷ്ടിക്കുന്നു. ആരോഗ്യരംഗം കൂടുതൽ ആശങ്കപരത്തുന്നു.

കേരളത്തിലെ തെങ്ങിൻ പുരയിടങ്ങളും വീട്ടുമുറ്റങ്ങളുമൊക്കെ പഴം, പച്ചക്കറി, കിഴങ്ങുവർഗ കൃഷിക്ക് വളരെ അനുയോജ്യമാണ്. വ്യാപാരാദിസ്ഥാനത്തിൽ കാണാതെ വീട്ടാവശ്യത്തെ മുൻനിർത്തി ഇതു നടത്താനുള്ള 'കൂട്ടായ്മ'കൾ നാടൊട്ടാകെ ഉണ്ടായാൽ മാത്രമേ ഇതു സാധിക്കൂ. ഈ രംഗത്ത് ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും കാര്യമായ നേട്ടങ്ങൾ ഉണ്ടാകണം.

ഓന്നോ രണ്ടോ സർക്കാർ വകുപ്പുകൾ വിചാരിച്ചാൽ കാർഷികരംഗത്തെ ഉത്പാദനം, വിശേഷിച്ച് ഭക്ഷ്യവിഭവ ഉത്പാദനം ഉയരില്ല. അതിന് വമ്പിച്ച പങ്കാളിത്തം 'ആഹാരം ആവശ്യമുള്ള സർവരിൽ നിന്നും' ഉണ്ടാകണം. അല്ലെങ്കിൽ ചെറിയ ഒരു ലോറിപ്പണിമുടക്കിനുപോലും ഭക്ഷ്യപ്രതിസന്ധി കേരളത്തിൽ സൃഷ്ടിക്കാൻ കഴിയും.

നെൽക്കൃഷി രംഗത്തും പച്ചക്കറിക്കൃഷി രംഗത്തും കരഭൂമിയിൽ തെങ്ങും കിഴങ്ങിനങ്ങളും കൃഷി ഇറക്കുന്നതിലും പശു ആട് വളർത്തൽ രംഗത്തും കോഴിവളർത്തൽ മേഖലയിലും സ്വന്തമായിട്ടുള്ള വിവിധ മാതൃകകൾ നമുക്ക് സുലഭം. പക്ഷേ സർവവും വിപണിയിൽ നിന്നു വാങ്ങുന്ന ഒരു സ്വഭാവം നമ്മെ ആരോഗ്യരംഗത്ത് വലിയ ആപത്തിൽ എത്തിച്ചിരിക്കുന്നു. ദിവസവും നമ്മുടെ ജനങ്ങൾ അറിയാതെ കഴിക്കുന്ന കീടനാശിനിയുടെ അളവ് തിട്ടപ്പെടുത്തുക പ്രയാസം. 'എൻഡോസൾഫാൻ ദുരന്തം' നമ്മെ പഠിപ്പിക്കുന്ന ഒരു കാര്യം ഇതാണ്. നല്ല കാർഷിക വിഭവങ്ങൾ സ്വന്തം വീട്ടിലെ പച്ചക്കറിത്തോട്ടത്തിൽ ഉത്പാദിപ്പിക്കാൻ തുടങ്ങിയാൽ ക്രമേണ തരിശിടാത്ത തോട്ടഭൂമിയും തരിശിടാത്ത പാടവും കേരളത്തിൽ വിപുലമായി പ്രത്യക്ഷമാകും. അപ്പോൾ മാത്രമേ നമുക്ക് ഭക്ഷ്യസുരക്ഷായത്നത്തിലെ യഥാർഥ പങ്കാളികളാകാൻ കഴിയൂ. അതല്ലാതെ ഭക്ഷ്യസുരക്ഷ സ്ഥിരമായി അനുഭവിക്കാൻ മറ്റൊരു മാർഗം ഇല്ലതന്നെ. ■



■ മുരളീധരൻ തഴക്കര

**പറമ്പിൽ കൃഷിചെയ്ത്, ഋതുഭേദങ്ങൾക്കനുസരിച്ച് ഭക്ഷിച്ചിരുന്ന ശീലത്തെ കാലമെന്ന മഹാസർപ്പം എന്നേ വിഴുങ്ങിക്കളഞ്ഞു. ഇന്ന് പത്തായം പെറുന്നില്ല, ചക്കി കുത്തുന്നില്ല, അമ്മ വയ്ക്കുന്നുമില്ല–**

ഭൂതകാലത്തിന്റെ തീൻമേശമേൽ..... തെറ്റി, നമ്മുടെ ഭൂതകാലത്തിനെവിടെയാണ് തീൻമേശ? ഭൂതകാലം-അടുക്കളയുടെ നിലത്ത് കുരണ്ടിയിലും വെറും നിലത്തുമിരുന്ന് ഭക്ഷണം കഴിച്ചവരാണ് നമ്മൾ. പ്ലാവില കോട്ടി കുനിഞ്ഞിരുന്ന് കഞ്ഞി കുടിച്ചവരും, വിരലഞ്ചും കൂട്ടി ഉരുളയുരുട്ടി ഊണു കഴിച്ചവരുമാണ്. അടുക്കളമുറ്റത്തിറങ്ങി ചീരയും വെണ്ടയും വഴുതിനയും മുരിങ്ങയിലയും വാഴക്കൂമ്പും പറിച്ചെടുത്ത് കറിവെച്ചവർ. മുത്തശ്ശിപ്ലാവിനെ ഭക്ഷണത്തിനായി നിരന്തരം ആശ്രയിച്ചവർ..... പത്തായത്തിലെ നെല്ലും പറമ്പിലെ ചേനയും മരച്ചീനിയും നമ്മുടെ ചോരയും നീരുമാക്കിയവർ. ഒരു കർക്കിടകം വരുമ്പോൾ ഔഷധസേവയും കർക്കിടകക്കഞ്ഞിയും കഴിച്ച് പഞ്ഞത്തെ നിഷ്ഠയോടെ നേരിട്ടവർ....

എവിടെ അക്കാലം എന്ന ചോദ്യത്തിന് തെല്ലും പ്രസക്തിയില്ല. കാലമെന്ന മഹാസർപ്പം വന്ന് വിഴുങ്ങിക്കളയുന്നുണ്ട് പലതും. ബാഹ്യമോടികളുടെ രുചിയും നിറവും പ്രേരണയും ആകെ മാറ്റിമറിച്ചു കളയുന്നുണ്ടെല്ലാം. ഇപ്പോൾ നമുക്ക് തീൻമേശയുണ്ട്, കിച്ചണും വർക്ക് ഏരിയയുമുണ്ട് തെല്ലും പരിചയമില്ലാത്ത വിഭവങ്ങളുണ്ട്. പക്ഷെ അടുപ്പുകൾ നഷ്ടമായി, അടുപ്പിൽ തീ പുകയുന്നുമില്ല-അതോടൊപ്പം അമ്മിക്കല്ലും അമ്മയുടെ കൈപ്പുണ്യവുംകൂടി കൈമോശം വന്നു! ഒരു സമൂഹത്തിന്റെ ജീവിതം അതിന്റെ ഭക്ഷണസമ്പ്രദായത്തിലൂടെ വിശകലനം ചെയ്യാം. അങ്ങനെ ചെയ്യുമ്പോൾ

# അടുക്കള അന്ന് ആഹാരം ഇന്ന്



നമ്മുടെ വർത്തമാനകാലം നാട്ടിൻപുറത്തെ ചെറിയ ക്ലിനിക്കിൽ നിന്ന് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിലേക്ക് മാർച്ച് ചെയ്യുന്നതിന്റെ സമീപ ദൃശ്യം കാണാം!



## ആഹാരം തന്നെ- ഔഷധം

നമ്മുടെ കാരണവന്മാർ എത്രയോ പതിറ്റാണ്ടുകൾക്ക് മുമ്പ് പറഞ്ഞുവെച്ച പഴമൊഴിയാണിത്. "അന്നാദ് ഭവന്തി ഭൂതാനാ" എന്ന ഗീതാവാക്യം ഈ നിത്യസത്യത്തിന്റെ പ്രഖ്യാപനമാണ്. എല്ലാ ജീവരാശിയും ഭക്ഷണത്തിൽ നിന്നും ജനിച്ചു വളരുന്നു-ഭക്ഷണം തീർന്നാൽ ജീവിതവും തീർന്നു. പക്ഷെ ഇന്ന് നാം കഴിക്കുന്ന ആഹാരം പോഷണവും ഔഷധവുമാണെന്ന് പറയുവാൻ കഴിയുമോ? രാസിക വസ്തുക്കളുടെ സ്പർശമില്ലാത്ത, യാതൊരു മാലിന്യവും കലരാത്ത, പ്രകൃതിയുടെ തനിമയിൽ മണ്ണിന്റെ ഉർവരതയിൽ വിളയിച്ചെടുത്തിരുന്ന ഭക്ഷണസാധനങ്ങൾ മൺകലത്തിൽ പാകപ്പെടുത്തി കഴിച്ചിരുന്ന പരമ്പരാഗത രീതിയും സമ്പ്രദായവും എന്നെന്നേക്കുമായി അന്യമായി.

സ്വന്തം ആഹാരാവശ്യത്തിന് സ്വയം അധ്വാനിച്ച് കാർഷികോത്പന്നങ്ങൾ വിളയിച്ചെടുത്തിരുന്ന കാർഷികസംസ്കാരവും അന്യമാകുന്നു. ഭക്ഷണാവശ്യത്തിനുള്ള അരിയും പച്ചക്കറികളും വിലകൊടുത്ത് ചന്തയിൽ നിന്ന് വാങ്ങുന്നത് അപമാനമായി കരുതിയിരുന്ന ഒരു തലമുറയുടെ പിന്മുറക്കാരായ നമുക്ക് എല്ലാം പണം കൊടുത്ത് വിപണിയിൽ നിന്ന് വാങ്ങുന്നതാണിന്ന് അഭിമാനം. ഏത് തരം ഭക്ഷണവും ടിന്നിലടച്ചും മേനിപാക്കറ്റിൽ നിറച്ചും റെഡിമെയിഡായി കിട്ടുന്നു. ഒരു എസ്.എം.എസ്. സന്ദേശം അയച്ചാൽ നഗരത്തിലെ ഷോപ്പിങ് മാളിൽ നിന്നും ക്ഷണനേരത്തിനുള്ളിൽ ആഹാരസാധനങ്ങൾ വീട്ടിലെത്തുന്നു. പത്തായം പെറുന്നില്ല ചക്കി കുത്തുന്നില്ല അമ്മ വെയ്ക്കുന്നുമില്ല. വലിയ വില നൽകി രുചിദായകമായ കോമ്പിനേഷനിൽ എണ്ണയും മസാലയും നിറക്കൂട്ടുകളും അജിനോമോട്ടോയും ചേർത്ത് തയ്യാറാക്കുന്ന ഭക്ഷണം മൃഷ്ടാന്നമായി നാം ആഹരിക്കുന്നു. ഏറെ തിരക്കു പിടിച്ച വേഗതയേറിയ ജീവിതത്തിൽ ആഹാരവും വളരെ ഫാസ്റ്റായി മാറി.



ഒരു കാലത്ത് നമ്മുടെ ഭക്ഷണശീലത്തെ പ്രാദേശികഭേദങ്ങളും, ഋതുഭേദങ്ങളും ഏറെ സ്വാധീനിച്ചിരുന്നു. ഋതുക്കൾ മാറുന്നതനുസരിച്ച് ലഭ്യമാകുന്ന കാർഷികവിഭവങ്ങൾക്ക് വൈവിധ്യതയുണ്ടാകുകയും ആ വൈവിധ്യത നമ്മുടെ ഭക്ഷണത്തിൽ പ്രതിഫലിയ്ക്കുകയും ചെയ്തിരുന്നു. വിരിപ്പും മുണ്ടകനും പുഞ്ചയുമായി നെൽക്കൃഷി സജീവമായി നിലനിൽക്കുകയും നെല്ലും അരിയും സമൃദ്ധമായി ലഭിയ്ക്കുകയും ചെയ്തു. ചിങ്ങമാസമായാൽ മരച്ചീനിയും ചേനയും ചേമ്പും നേന്ത്രക്കായുമെല്ലാം വേണ്ടത്ര ലഭിയ്ക്കുന്നു. തുലാം വൃശ്ചികമാസമാകുമ്പോഴേയ്ക്കും ചേമ്പും കാച്ചിലും മരച്ചീനിയും, മകരം കുംഭം മാസമാകുമ്പോൾ മുതിരയും എള്ളും, മേടം ഇടവം ആകുമ്പോൾ ചക്കയും ശീമച്ചക്കയും മാങ്ങയും സുലഭം. മിഥുനം കർക്കിടകമാസങ്ങളിൽ കാർഷിക വിഭവങ്ങളൊന്നും വേണ്ടത്ര ലഭ്യമല്ല. എന്നാൽ ഈ പഞ്ഞമാസങ്ങളിലേക്ക് ഭക്ഷണസാധനങ്ങളേറെയും കരുതി വെയ്ക്കും. മരച്ചീനി വാട്ടിയും അരിഞ്ഞുണങ്ങിയും വറ്റലാക്കിയും സൂക്ഷിയ്ക്കും.

ആഞ്ഞിലിക്കുരു വറുത്തുതിന്നുക, അരിത്തവിട് ശർക്കരചേർത്ത് കഴിക്കുക, മങ് (കറുത്ത ചെറിയ അരി) വറുത്തിടിച്ച് ശർക്കരയും ചേർത്ത് കഴിയ്ക്കുക, മാങ്ങയണ്ടി സൂക്ഷിച്ചുവെച്ച് അതിന്റെ കട്ടിയുള്ള പുറംതോട് കളഞ്ഞ് പരിപ്പെടുത്ത് നല്ലതുപോലെ അരച്ച് തിളപ്പിച്ച് കട്ട് ഊറ്റിക്കളഞ്ഞ് അരിപ്പൊടിയും ശർക്കരയും ചേർത്ത് അപ്പം ഉണ്ടാക്കി കഴിയ്ക്കുക എന്നിവയൊക്കെ അന്നത്തെ രീതികളായിരുന്നു. കർക്കിടകത്തിൽ വിളവെടുക്കാവുന്ന കർക്കിടകച്ചേമ്പ് പുഴുങ്ങിയും കറിവെച്ചും ഈ സമയത്ത് കഴിക്കുമായിരുന്നു. കർക്കിടകച്ചേമ്പ് കട്ടിട്ടായാലും കൂട്ടണമെന്ന ചൊല്ലിന്റെ പൊരുളും മറ്റൊന്നല്ല. കാലാകാലങ്ങളിൽ ലഭിച്ചിരുന്ന ഈ കാർഷിക വിഭവങ്ങൾ മലയാളിയുടെ ആഹാരരീതിയിൽ സ്വതസിദ്ധമായ വ്യത്യസ്തതയുണ്ടാക്കിയിരുന്നു.

ഇടവപ്പാതിക്കാലമായാൽ തോടുകളിൽനിന്ന് ധാരാളമായി മീൻ കിട്ടും. വൃശ്ചികത്തിൽ പുഞ്ചക്കൃഷിക്ക് വെള്ളം വറ്റിച്ച് നിലമൊരുക്കുമ്പോഴും മീൻ സമൃദ്ധമായി കിട്ടും. കുംഭം, മീനമാസമാകുമ്പോൾ വീട്ടുവളപ്പുകളിലെ കുളം വെട്ടുമ്പോഴും മീനുണ്ടാകും. ഇവയൊക്കെ ചേർന്നുള്ള ഋതുഭേദങ്ങൾക്കനുസൃതമായ നാടൻ ഭക്ഷണരീതി യഥാർഥത്തിൽ കേരളീയരുടെ ആയുരാരോഗ്യത്തിന്റെ താക്കോലായിരുന്നു.

## മാറിയ ജീവിതശൈലിയും ഭക്ഷണരീതിയും

പരസ്യവിസ്മയങ്ങളുടേതായ കമ്പോളം നമ്മുടെ ഭക്ഷണക്രമവും ജീവിതശൈ

ലിയും മാത്രമല്ല മലയാളിയുടെ മനസ്സു തന്നെ മാറ്റിയെടുത്തു എന്നതാണ് യാഥാർഥ്യം. ചോറും സാമ്പാറും അവിയലും ദോശയും ഇഡ്ഡലിയും പുട്ടും കടലയുമൊക്കെ മാറിയിട്ട് നൂഡിൽസും ബർഗറും സാന്റ്‌വിച്ചും ഫ്രൈഡ്റൈസും ചില്ലിബൊറോട്ടയും തുടങ്ങിയുള്ള പുതുപുത്തൻ ഭക്ഷണമാണിന്ന് നമുക്ക് പഥ്യം. ചിക്കനില്ലാതെ ഭക്ഷണം ഇറങ്ങാത്ത അവസ്ഥയായിരിക്കുന്നു!



വലിയ വിലകൊടുത്ത് വിപണിയിൽ നിന്ന് വാങ്ങുന്നതാണ് കൂടുതൽ പോഷകസമ്പുഷ്ടം എന്നൊരു മിഥ്യാധാരണ നമ്മെ കീഴടക്കിയിരിക്കുന്നു. കാബേജും, കോളിഫ്ളവറും തുടങ്ങിയുള്ള വിലകൂടുതലുള്ള മുന്തിയ ഇനം പച്ചക്കറികളാണ് അത്യുത്തമം എന്ന ചിന്തയുണ്ടായി. 'താളല്ലിയോ കറി' എന്നു പറഞ്ഞ് നാം പുച്ഛിക്കുന്ന ചേമ്പിൻതാളിനോട് കിടപിടിയ്ക്കാൻ ഇവയ്ക്ക് കഴിയില്ലെന്നതാണ് വസ്തുത. കാബേജിൽ അടങ്ങിയിട്ടുള്ളതിനേക്കാൾ പോഷകങ്ങളും കലോറി ഊർജവും പ്രദാനം ചെയ്യാൻ നമ്മുടെ ചേമ്പിൻതാളിന് കഴിയും! ചേനത്തണ്ടും ചെറുപയറും വാഴച്ചുണ്ടും വൻപയറും കർക്കിടത്തിൽ പത്തിലയും ചക്കപ്പൂഞ്ഞും ചക്കക്കുരുവും വാഴപ്പിണ്ടിയും ചേമ്പിൻതാളും മൊന്തൻകായും എല്ലാം ചേർന്നുള്ള നാടൻ ഭക്ഷണരീതി ആരോഗ്യദായകവും പോഷകസമ്പുഷ്ടവുമായിരുന്നു.

നാരുള്ള ഭക്ഷണം ആഹാരത്തിൽ ധാരാളമായി ഉൾപ്പെടുത്തിയാൽ അത് ആമാശയസംബന്ധമായ രോഗങ്ങളകറ്റുമെന്നും ക്യാൻസർ തുടങ്ങിയുള്ള രോഗങ്ങളെ പ്രതിരോധിക്കുമെന്നും ആധുനിക വൈദ്യശാസ്ത്രം പറയുന്നു. നോക്കൂ ഈ ആധുനിക ആരോഗ്യപാഠങ്ങളൊന്നും വശമില്ലാത്ത നമ്മുടെ പൂർവികർ ഈ കാര്യങ്ങൾ അറിഞ്ഞോ അറിയാതെയോ ശ്രദ്ധിച്ചിരുന്നു. ചേനത്തണ്ടും വാഴപ്പിണ്ടിയും വാഴക്കൂമ്പും ചേമ്പിൻതാളുമെല്ലാം യഥേഷ്ടം കഴിയ്ക്കുന്നതിലൂടെ നാരുകൂടുതലുള്ള ഭക്ഷണാവശ്യകതയാണ് അവർ നിവർത്തിച്ചിരുന്നത്.

ചക്കയും ചക്കക്കുരുവും മാത്രമല്ല ചക്കക്കുരുവിന്റെ പുറത്തെ പാടപോലും ശരീരത്തിന് വലിയ പ്രതിരോധശക്തി പ്രദാനം ചെയ്യുമെന്നും ശരീരത്തിനാവശ്യമായ ധാതുക്കളാലും അമിനോഅമ്ലങ്ങളാലും ഇവ ഏറെ സമ്പുഷ്ടമാണെന്നുമുള്ള പുതിയ ഗവേഷണ റിപ്പോർട്ടുകളെക്കുറിച്ച് സായിപ്പ് പറഞ്ഞപ്പോഴാണ് ചക്ക ഇത്രയ്ക്കും കേമനാണെന്ന് നമുക്ക് ബോധ്യം വന്നുതുടങ്ങിയത്. മരച്ചീനി മലയാളിയുടെ വിശപ്പാറ്റിയ വിളയാണ്. പാടത്ത് പണിയെടുത്തിരുന്ന കർഷകരും കർഷകത്തൊഴിലാളികളും മൂന്ന് നേരവും മരച്ചീനികഴിച്ചിരുന്ന കാലമുണ്ടായിരുന്നു. മരച്ചീനി വേവിച്ചതും മത്തികറിവെച്ചതും ചേരും പടി ചേർന്ന ഒരു ഭക്ഷണക്കൂട്ടായിരുന്നു. മരച്ചീനി നാട്ടിൻപുറങ്ങളിൽപ്പോലും ഇന്ന് ദുർലഭമായിരിക്കുന്നു! ഒരു തൂക്കം മരച്ചീനിക്ക് അതായത് രണ്ട് കിലോഗ്രാമിന് മുപ്പത്തിയഞ്ച് രൂപയാണ് വില. സാധാരണക്കാരന്റെ അടുക്കളയിൽ നിന്നും സ്റ്റാർഹോട്ടലിലെ തീൻമേശയിലേക്ക് മരച്ചീനിയ്ക്ക് സ്ഥാനക്കയറ്റം കിട്ടിയിരിക്കുന്നു!

മുരിങ്ങയുണ്ടെങ്കിൽ മരുന്നുവേണ്ട എന്നാണ് കാരണവന്മാരുടെ പക്ഷം. വീട്ടുവളപ്പിലെ മുരിങ്ങയുടെ ഇലയും പൂവും കായുമെല്ലാം ആരോഗ്യത്തിന് അത്യുത്തമമാണ്. മുരിങ്ങയിലകൊണ്ടുള്ള കറിയും മുരിങ്ങപ്പൂവ്, മുരിങ്ങക്കായ് കൊണ്ടുള്ള തോരനും വളരെ സ്വാദിഷ്ഠമാണെന്ന് മാത്രമല്ല അത്യന്തം പോഷകപ്രദവുമാണ്. കർക്കിടകത്തിൽ പത്തില കൊണ്ടുള്ള ഭക്ഷ്യവിഭവങ്ങളെക്കുറിച്ച് വീട്ടമ്മമാർക്കറിയാമായിരുന്നു. താള്, തകര, ചീര, മത്തൻ, കുമ്പളം, ചേന, ഉഴുന്ന്, പയറ്, ആനത്തൂവ, നെച്ചുണ്ണി എന്നിവയാണ് ഈ പത്തിലകൾ. ദേവന്മാർ ഇവയുടെ ഇലകളിൽ കർക്കിടകമാസത്തിൽ അമൃത് തളിക്കുമെന്നും അതിനാൽ ഈ ഇലകൾ കൊണ്ടുണ്ടാക്കുന്ന കറികൾക്ക് ഗുണമേറുമെന്നുമാണ് വിശ്വാസം. നമ്മുടെ പുരയിടത്തിൽ നിന്നും പറിച്ചെടുക്കുന്ന ഈ ഇലകളെല്ലാം അരിഞ്ഞിട്ട് തോരനാക്കി ചെറുചൂടോടെ കഴിയ്ക്കുന്നത് ഉദരസംബന്ധമായ രോഗങ്ങൾക്ക് പ്രതിരോധവും അഴകിനും ആരോഗ്യത്തിനും വളരെ ഉത്തമവുമായിരുന്നു. കർക്കിടമാസം ഇന്നിപ്പോൾ സുഖചികിത്സയുടെയും മരുന്നുകഞ്ഞിയുടെയും വിപണനകാലമാണ്. നാട്ടിൻപുറങ്ങളിലെ പലചരക്കുകടകളിൽപ്പോലും മരുന്നുകഞ്ഞിയുടെ റെഡിമെയ്ഡ് കിറ്റ് സുലഭമാണ്.



## അധ്വാനം തന്നെ ആരോഗ്യം

മാംസാഹാരങ്ങളും കൊഴുപ്പ് ധാരാളമായുള്ള ഭക്ഷണസാധനങ്ങളും മൃഷ്ടാന്നമായി കഴിച്ചിട്ട് മെയ്യനങ്ങാതെ വിശ്രമിക്കുന്ന അലസമായ ജീവിതശൈലിയാണ് നമ്മളെ രോഗികളാക്കി മാറ്റുന്നത്. കൃഷിപ്രധാന ജീവനോപാധിയായിരുന്നപ്പോൾ കഠിനാധ്വാനികളായിരുന്നു നമ്മുടെ പൂർവികർ. എല്ലുമുറിയെ പണിയെടുത്തിട്ടാണ് അവർ പല്ലുമുറിയെ ഭക്ഷണം കഴിച്ചിരുന്നത്. കഞ്ഞിയും കപ്പയും കാച്ചിലും ചേനയും ചേമ്പും ചക്കയും തുടങ്ങിയുള്ള അന്നജപ്രധാനമായ ഭക്ഷണമായിരുന്നു മുഖ്യം. കൊളസ്ട്രോളിനെ ഭയന്ന് നാം അടുക്കളയിൽ നിന്നും പുറത്താക്കിയ വെളിച്ചെണ്ണ വേണ്ടത്ര താളിച്ചാണ് ഭക്ഷണമെല്ലാം പാകം ചെയ്തിരുന്നത്. അവർ ആരോഗ്യദൃഢഗാത്രരായിരുന്നു. ബാങ്ക്

നിക്ഷേപത്തിലുപരി ആരോഗ്യമായിരുന്നു അവരുടെ നിക്ഷേപവും സമ്പത്തും. നല്ല തുപോലെ ഭക്ഷണം കഴിക്കും, നന്നായി അധ്വാനിക്കും. അതിനാൽ ശരീരത്തിന്റെ സന്ധിബന്ധങ്ങളിലോ നാഡീഞരമ്പുക ളിലോ കൊഴുപ്പ് അടിഞ്ഞുകൂടുവാൻ സാഹചര്യം ഉണ്ടായില്ല എന്നതാണ് വസ്തുത.

ആരോഗ്യപൂർണമായ ജീവിതത്തിന് നല്ല ഭക്ഷണം പോലെ പരമപ്രധാനമാണ് ശാരീരികഅധ്വാനമെന്ന് ആധുനികവൈദ്യ ശാസ്ത്രം നിർദേശിക്കുന്നു. ഇപ്പോൾ ആരോഗ്യപരിരക്ഷയ്ക്കായി മലയാളി മണിക്കൂറുകളോളം നടക്കുകയാണ്. വ്യായാമത്തിനായുള്ള നടക്കാൻ വേണ്ടിയുള്ള നടപ്പ്! അത്രയെങ്കിലും മെയ്യനങ്ങി ശരീരം വിയർക്കുന്നത് നല്ലതുതന്നെ. പക്ഷെ മൺവെട്ടിയെടുത്ത് ഒരു മൂട് തെങ്ങിന്റെ തടം തുറക്കുമ്പോഴും ഒരു വാഴക്കന്ന് കുഴിയെടുത്ത് നടുമ്പോഴും, പത്ത് തടം പയറും ചീരയും നടുമ്പോഴും ശാരീരികമായും മാനസികമായും കിട്ടുന്ന ഉന്മേഷം അതിലും പ്രധാനമാണ്. നടപ്പിനോടൊപ്പം ഇങ്ങനെയുള്ള ചില്ലറ അധ്വാനവും കൂടിയായാൽ ആരോഗ്യത്തിന് അതൊരു കായകല്പചികിത്സയുടെ ഫലം ചെയ്യും. ആവശ്യത്തിലേറെ ഭക്ഷണം കഴിച്ച് യാതൊരു ജോലിയും ചെയ്യാതെ ശരീരം ചീർത്ത് വീർത്ത് കാലുകൾക്ക് ഭാരം താങ്ങാൻ കഴിയാത്ത അവസ്ഥയിലാണിന്ന് മലയാളി. വലിയ പരസ്യങ്ങളുടെ പിൻബലത്തോടെയെത്തുന്ന ഒരു തൈലത്തിനും അമിതവണ്ണം കുറയ്ക്കാൻ കഴിയില്ല.

ഒരു കാലത്ത് കേരളത്തിലെ എല്ലാ വീടുകളിലും വീടിനേക്കാൾ വലിയ എരുത്തിലും എരുത്തിലുനിറയെ പശുക്കളുമുണ്ടായിരുന്നു. മലയാളിയുടെ ആരോഗ്യവും പശുവളർത്തലുമായി വളരെ വലിയ പാരസ്പര്യമുണ്ടായിരുന്നു. പശുവിനെ അഴിച്ചിറക്കുന്നതും കുളിപ്പിക്കുന്നതും എരുത്തിലു വൃത്തിയാക്കുന്നതും ചാണകം വാരി മാറ്റുന്നതും പുല്ലുപറിച്ചു നൽകുന്നതുമെല്ലാം അധ്വാനം വേണ്ട ജോലിയായിരുന്നു. ഈ അധ്വാനം ആരോഗ്യദായകമായിരുന്നു. അതോടൊപ്പം പശുവിനെ കറന്നുകിട്ടുന്ന നറുംപാലാണ് ഓരോ വീട്ടിലും ഉപയോഗിച്ചിരുന്നത്. പശുവിന്റെ അകിടിൽ നിന്നും അടുപ്പിലെ മൺകലത്തിലേക്ക് എന്ന പഴയ സമ്പ്രദായം ഏറ്റവും ശുചിയായ പാൽ നമ്മുടെ ആരോഗ്യത്തിന് പരിരക്ഷയേകി. അടുക്കളക്കോലായിലിരുന്ന് അമ്മൂമ്മ മൺകലത്തിൽ മത്തുകൊണ്ട് തൈരു കടയുമ്പോൾ കലത്തിന്റെ വശങ്ങളിലും മത്തിലും വെണ്ണ പറ്റിപ്പിടിയ്ക്കും, പ്ലാവിലകൊണ്ട് അത് വടിച്ചെടുത്ത് കൈയിലേക്ക് തേച്ചുതരും. ഈ തൈരും വെണ്ണയും മോരും നെയ്യുമെല്ലാം സമൃദ്ധമായി കിട്ടിയിരുന്നപ്പോൾ അത് നമ്മുടെ ആരോഗ്യത്തെയും സമൃദ്ധവും സമ്പുഷ്ടവുമാക്കിയിരുന്നു. ഇന്നിതാ എരുത്തിലുകളേറെയും അനാഥമായി. പശുവളർത്തൽ നാമമാത്രമായി. പശുവിന്റെ അകിടിൽ നിന്നും അടുപ്പിലെ മൺകലത്തിലേയ്ക്ക് എന്നത് മാറി കവറിൽ നിന്നും കുക്കറിലേക്ക് എന്നായപ്പോൾ അതിന്റേതായ മാറ്റം സ്വാഭാവികം തന്നെയല്ലേ?







ഈ മാറിയ ഭക്ഷണക്രമം നമ്മുടെ ആരോഗ്യത്തെ വല്ലാതെ ബാധിച്ചിരിക്കുന്നു. പ്രമേഹവും കൊളസ്ട്രോളും ഹൃദയാഘാതവുമൊക്കെ ലോകനിലവാരത്തിലും മേലേയായിരിക്കുന്നു. കേരളത്തിൽ നന്നേ ചെറിയ കുട്ടികൾ പോലും ദുർമേദസ്സുള്ളവരായി മാറുന്നു. അതുകൊണ്ടുതന്നെ മുതൽമുടക്കാവുന്ന ഏറ്റവും ലാഭകരമായ വ്യവസായമായി നമ്മുടെ നാട്ടിൽ "സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ" തഴയ്ക്കുകയാണ്. പഴയ മുറുക്കാൻ കടകളുടെ സ്ഥാനം ഇന്ന് മെഡിക്കൽ ഷോപ്പുകൾക്കായിരിക്കുന്നു. ഓരോ ജംഗ്ഷനിലും മത്സരിച്ച് മെഡിക്കൽ ഷോപ്പുകളും സ്കാനിങ് സെന്ററുകളും ആരംഭിയ്ക്കുകയാണിന്ന്. ആദായകരമായ ഒരു തൊഴിൽ സംരംഭം.

ചില തിരിച്ചറിവുകൾ സമൂഹത്തെ ഞെട്ടിയ്ക്കും. വർധിച്ചുവരുന്ന രോഗങ്ങൾ, ക്യാൻസർ രോഗികളുടെ എണ്ണത്തിലുണ്ടാകുന്ന വർധന, കാലാവസ്ഥാ മാറ്റം ഇതെല്ലാം കേരളീയ സമൂഹത്തെ തെല്ലൊന്ന് പരിഭ്രാന്തരാക്കിയിട്ടുണ്ട്. ആരോഗ്യം അപകടത്തിലാകുന്നു എന്ന വലിയ ആപത്ത് കേരളീയ സമൂഹം മെല്ലെ മെല്ലെ തിരിച്ചറിഞ്ഞുതുടങ്ങിയിരിക്കുന്നു. കണ്ടറിയാത്തവർ കൊണ്ടറിയും എന്നാണല്ലോ പ്രമാണം. കഴിയുന്നത്ര ജൈവീക രീതിയിൽ ഉത്പാദിപ്പിച്ച നാടൻ ഭക്ഷണസാധനങ്ങൾതന്നെ വാങ്ങുവാനും രാസവളങ്ങളുടെയും കീടനാശിനികളുടെയും അതിപ്രസരമുള്ള പഴങ്ങളും പച്ചക്കറികളും ഒഴിവാക്കുവാനുമുള്ള ഒരു തിരിച്ചറിവ് ഉണ്ടായിരിക്കുന്നു. വീട്ടുവളപ്പിൽ രണ്ട് മൂട് വാഴയും നാല് തടം പയറും വെണ്ടയും ചീരയും മറ്റും നടണമെന്നുള്ള തോന്നലുണ്ടായിരിക്കുന്നു. മണ്ണിലേക്കിറങ്ങുവാനും എന്തെങ്കിലുമൊക്കെ സ്വന്തമായി നട്ടുനനച്ച് വളർത്തിയെടുക്കണമെന്നുമുള്ള ഈ ബോധം തീർച്ചയായും ഗുണപരമായ ഒരു മാറ്റമാണ്. കേരളീയർ നല്ലൊരുപങ്ക് നാടൻ ഭക്ഷണത്തിലേക്ക് ചുവടുമാറുകയാണ്. പക്ഷേ അതൊരു ഫാഷനാകുന്നുമുണ്ട് മിക്കപ്പോഴും. അവിടെയും ഒരു കച്ചവടതന്ത്രം കടന്നുവരുന്നുണ്ട്. എന്നാലും എള്ളോളമാകട്ടെ! അത്ര നല്ലത് എന്ന് കരുതാം. ■

■ സുരേഷ് മുതുകുളം

# മഞ്ഞുമലയിലെ വിസ്മയ വിത്തുസംഭരണി

**ഭൂമുഖത്ത് ജീവജാലങ്ങൾ വംശമറ്റുപോകാതിരിക്കാൻ ബൈബിൾ കഥകളിലെ നോഹ ഏറ്റെടുത്ത ദൗത്യത്തിന്റെ ഒരാധുനിക പതിപ്പാണ് ഉത്തരധ്രുവത്തിന്റെ തുഷാരമേഖലയുടെ ചെപ്പിലൊളിപ്പിച്ച ഭീമൻ വിത്തുസംഭരണി.**

ഭൂമിയിലുള്ള വിത്തുകളെല്ലാം ഒരു ദിവസം പെട്ടെന്ന് നശിച്ചുപോയാലുള്ള അവസ്ഥ ഒന്നാലോചിച്ചു നോക്കൂ....നമ്മുടെ സസ്യജാലസഞ്ചയം തന്നെ അന്യം നിന്നു പോകും. ഒരു ചെടിയോ വിളയോ മരമോ ഭൂതലത്തിലുണ്ടാവില്ല. ഹരിത സമൃദ്ധമായിരുന്ന ഭൂമി പൊടുന്നനെ ഒരു മൊട്ടക്കുന്നായി മാറുന്ന ദുരവസ്ഥ. ഭക്ഷണം, വസ്ത്രം, പാർപ്പിടം, വൈദ്യം തുടങ്ങി വൈവിധ്യമാർന്ന ജീവിതാവശ്യങ്ങൾക്കായി സസ്യലതാദികളെ ആശ്രയിച്ചിരുന്ന ജീവജാലങ്ങളുടെ സർവനാശമായിരിക്കും അനന്തരഫലം. ദുരന്തങ്ങൾ അപ്രതീക്ഷിതമായി തലപൊക്കുന്ന വർത്തമാനകാലത്ത് ഇത്തരമൊരു ദുരന്തവും പ്രതീക്ഷിക്കേണ്ടതു തന്നെ. ഭൂതലം മുഴുവൻ കനത്ത പേമാരിയും വെള്ളപ്പൊക്കവും കൊണ്ട് നിറഞ്ഞപ്പോൾ ജന്തുജാലങ്ങളിൽ ഓരോ ജോടിയെയും കൊണ്ട് മഴ തീർന്ന് മാനം തെളിയുവോളം തന്റെ പെട്ടകത്തിനുള്ളിൽ കഴിഞ്ഞുകൂടിയ നോഹയുടെ കഥ ബൈബിളിൽ പറയുന്നില്ലേ. ഭൂമുഖത്ത് ജീവജാലങ്ങളുടെ വംശം അന്യം നിന്നു പോകാതിരിക്കുവാൻ വേണ്ടി അന്ന് നോഹ



സ്വാൽബാർഡിലെ ആഗോള വിത്തുസംഭരണി

ചെയ്ത ദീർഘദർശിത്വമുള്ള ഈ അതിജീവന തന്ത്രമാണ് ഇന്ന് സദാ മഞ്ഞുമൂടിക്കിടക്കുന്ന ഉത്തരധ്രുവത്തിന്റെ അപ്രാപ്യമായ തുഷാരമേഖലയ്ക്കുള്ളിൽ വിവേകശാലിയായ മനുഷ്യൻ പ്രാവർത്തികമാക്കിയിരിക്കുന്നത്. അതാണ് സ്വാൽബാർഡിലെ ആഗോള ഭീമൻ വിത്തുസംഭരണി (Global seed vault).

ഏത് പ്രഗത്ഭമായ ഗൃഹനിർമാണതന്ത്രത്തെയും വെല്ലുന്ന നിർമാണചാതുരിയാണ് ഈ വിത്തുസംഭരണിയുടെ കാതൽ എന്ന് സമ്മതിച്ചേതീരൂ. ആദ്യം എവിടെയാണ് ഈ വിസ്മയവിത്തുസംഭരണി പണിതീർത്തിരിക്കുന്നത് എന്നറിയുക. ഉത്തരധ്രുവത്തിൽ നിന്ന് 1300 കിലോമീറ്റർ ഉള്ളിലുള്ള ആർട്ടിക് സ്വാൽബാർഡ് എന്ന വിദൂരദ്വീപ സമൂഹത്തിലെ ലോങ്യർബിയൻ എന്ന നഗരത്തിനു സമീപസ്ഥമായ സ്പിറ്റ്സ്ബെർഗൻ ദ്വീപിലാണ് ഈ വിത്തുസംഭരണി സ്ഥിതിചെയ്യുന്നത്. വളരെ വൈവിധ്യമാർന്ന വിത്തുകളുടെ ബൃഹദ്ശേഖരമാണ് ഈ സംഭരണി ഉൾക്കൊള്ളുന്നത്. ലോകത്താകമാനമുള്ള വിവിധ ജീൻബാങ്കുകളിലെ വിത്തുകളുടെ ഡ്യൂപ്ലിക്കേറ്റ് സാമ്പിളുകൾ ഇവിടെയുണ്ട്. എന്തെങ്കിലും തരത്തിലുള്ള ആഗോളപ്രശ്നങ്ങൾ നിമിത്തം ജീൻബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന വിത്തുകൾക്ക് നാശനഷ്ടം സംഭവിച്ചാലും ഈ വിത്തുസംഭരണിയിലെ വിത്തുകൾക്കെല്ലാം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകും. നോർവീജിയൻ സർക്കാരും ആഗോളവിളവൈവിധ്യട്രസ്റ്റും (Global crop diversity trust) നോർഡിക് ജനറ്റിക് റിസോഴ്സ് സെന്ററും തമ്മിലുള്ള കരാർ അനുസരിച്ചാണ് വിത്തുസംഭരണിയുടെ ദൈനംദിന പരിപാലനം നടപ്പാക്കുന്നത്. വിത്തുസംഭരണിയുടെ നിർമാണത്തിന് 45 ദശലക്ഷം നോർവീജിയൻ ക്രോണർ (9 ദശലക്ഷം യു.എസ്.ഡോളർ) ആണ് ചെലവ്. നോർവേ സർക്കാരാണ് ഈ ചെലവു വഹിച്ചത്. സംഭരണിയിൽ വിത്തുകൾ സൂക്ഷിക്കാൻ സ്വീകരിക്കുന്നത് തികച്ചും സൗജന്യമായാണ്. ഇന്ത്യ ഉൾപ്പെടെയുള്ള വികസ്വരരാഷ്ട്രങ്ങൾ ഇതിന്റെ പ്രവർത്തനത്തിൽ വേണ്ടത്ര പങ്കാളിയാകുന്നുമുണ്ട്.




ഇനി ഇതിന്റെ നിർമാണചാതുരിയുടെ വിശേഷങ്ങളിലേക്ക്; സ്വാൽബാർഡിൽ സ്പിറ്റ്സ്ബെർഗൻ ദ്വീപിലെ മണൽക്കല്ലുകളുൾക്കൊള്ളുന്ന പാറമടയ്ക്കുള്ളിലായി 120 മീറ്റർ നീളത്തിലാണ് ഈ വിത്തുബാങ്ക് നിർമിച്ചിരിക്കുന്നത്. ഇതിനുള്ളിലെ മൂന്ന് ഭൂഗർഭഅറകൾക്ക് 1200 ഘനമീറ്റർ വ്യാപ്തമുണ്ട്. വളരെ സുശക്തവും സുഭദ്രവുമായ വിധമാണ് ഇതിനുള്ളിൽ വിത്തുസംഭരണം നടത്തുന്നത്. വിത്തുകൾ പ്രത്യേകതരം പായ്ക്കറ്റുകളിലാക്കി താപസഹായത്താൽ സീൽ ചെയ്ത് തരിമ്പും ഈർപ്പമില്ലാത്ത വിധമാണ് പായ്ക്ക് ചെയ്തിരിക്കുന്നത്. എന്തുകൊണ്ട് ഇത്തരമൊരു സവിശേഷവിത്തുസംഭരണി നിർമാണത്തിന് സ്പിറ്റ്സ്ബെർഗൻ തെരഞ്ഞെടുത്തത് എന്നു ചോദിച്ചാൽ അതിനുമുണ്ട് വ്യക്തമായ ഉത്തരം; യാതൊരുവിധ ഭൂചലനസാധ്യതയുമില്ലാത്ത സദാ മഞ്ഞുമൂടിയ മേഖലയാണിത്. എന്തും കേടാകാതെ സംരക്ഷിക്കാനുള്ള ഒരു സവിശേഷസാഹചര്യം ഇവിടെ നിലനിൽക്കുന്നു. സമുദ്രനിരപ്പിൽ നിന്ന് 130 മീറ്റർ ഉയരത്തിലാണ് ഈ സ്ഥലം; അതുകൊണ്ടുതന്നെ മഞ്ഞുരുകിയാൽ പോലും ഇവിടെ പ്രശ്നങ്ങളുണ്ടാകുന്നില്ല. പ്രാദേശികമായി തന്നെ കുഴിച്ചെടുക്കുന്ന കൽക്കരി ഉപയോഗിച്ച് ഉത്പാദിപ്പിക്കുന്ന ഊർജസഹായത്താലാണ് സംഭരണിക്കുള്ളിൽ വിത്തുകളെ അന്തർദേശീയ നിലവാരമുള്ള ഊഷ്മ പരിധിയായ $-18^0$ സെന്റീഗ്രേഡിൽ ($0^0$ F) തണുപ്പിച്ചു നിർത്തുന്നത്. ഇനി ഈ ഊഷ്മക്രമീകരണ സംവിധാനം ഒരു വേള പരാജയപ്പെട്ടാൽ പോലും പരിസര പ്രദേശത്തെ ഊഷ്മപരിധി $-3^0$ സെന്റീഗ്രേഡ് ആയി ഉയരാൻ ആഴ്ചകൾ തന്നെ എടുക്കും. ചുരുക്കത്തിൽ പ്രധാനധാന്യവിളകൾ ഉൾപ്പെടെയുള്ളവയുടെ വിത്തുകൾ ആയിരക്കണക്കിന് വർഷം കഴിഞ്ഞാലും തെല്ലും കേടാകുകയില്ല എന്ന് പറയാം. 2008 ഫെബ്രുവരി 26-നാണ് ഈ ഭീമൻ വിത്തു സംഭരണി ഔദ്യോഗികമായി പ്രവർത്തനമാരംഭിച്ചത്. ഇപ്പോൾ ഇതിൽ വിവിധതരം കാർഷിക വിളകളുടെ ഏതാണ്ട് 1½ ദശലക്ഷം വ്യത്യസ്ത വിത്തുസാമ്പിളുകൾ സംഭരിച്ചിട്ടുണ്ട്. പരമാവധി 4½ ദശലക്ഷം വിത്തുസാമ്പിൾ സംഭരണമാണ് ഈ വിത്തുബാങ്കിന്റെ ശേഷി. ഒരു ബാങ്കിലെ സെയിഫ് ഡെപ്പോസിറ്റ് ലോക്കർ പോലെയാണ് സംഭരണി പ്രവർത്തിക്കുന്നത്. സംഭരണശാലയാണ് വിത്തുബാങ്കിന് സ്വന്തം. വിത്ത് സംഭരിക്കുന്ന രാജ്യത്തിന് തങ്ങളുടെ വിത്തിന്മേൽ പൂർണ അവകാശമുണ്ടായിരിക്കും. ജീൻബാങ്ക് ശാസ്ത്രശാഖയിൽ ഈ സംവിധാനത്തിന് 'ബ്ലാക്ക് ബ്ലോക്സ്' സംവിധാനം എന്നാണ് പറയുക. ഒരാൾ സൂക്ഷിക്കാൻ ഏൽപ്പിച്ചിരിക്കുന്ന വിത്തിനുമേൽ മറ്റൊരാൾക്ക് യാതൊരുവിധ അവകാശമുണ്ടായിരിക്കുകയില്ല.

സംഭരണിയിലെ കുറഞ്ഞ താപനിലയും പ്രാണവായുവിന്റെ ദൗർലഭ്യവുമാണ് വിത്തുകളിലെ ഉപാപചയപ്രക്രിയ മന്ദീഭവിപ്പിച്ച് അവയെ ജരാനര ബാധിക്കാതെ കാത്തുസൂക്ഷിക്കുന്നത്. ഏഷ്യയിലെയും ആഫ്രിക്കയിലെയും മുഖ്യ ആഹാരപദാർഥങ്ങളായ അരി, ഗോതമ്പ്, ചോളം, തിന, പയർ, വഴുതന, ഞെട്ടുകീര, ബാർളി, ഉരുളക്കിഴങ്ങ് തുടങ്ങിയവയുടെ വിത്തുകൾ ഇതിനുള്ളിൽ പൂർണജീവനക്ഷമതയോടെ നിലനിർത്തിയിട്ടുണ്ട്. ഇതിനുള്ളിൽ ബാർളിവിത്തിന് 2000 വർഷവും ഗോതമ്പിന് 1700 വർഷവും ചോളത്തിന് 20,000 വർഷം വരെയും യാതൊരുവിധ കേടുപാടും കൂടാതെ ജീവിക്കാൻ കഴിയും! ഒരുവിധത്തിലുള്ള കാലാവസ്ഥാവ്യതിയാനങ്ങളും വിത്തുസംഭരണിയെ ബാധിക്കുകയുമില്ല. 'ആഗോളതാപനം' എന്ന് നാം ഭയപ്പെടുന്ന പ്രതിഭാസം പരിധി വിട്ടാൽ പോലും സംഭരണിയിലെ വിത്തുസഞ്ചയത്തിന് 200 വർഷക്കാലത്തോളം യാതൊരുവിധ കേടുപാടും വരുകയില്ല. ലോകത്തിന്റെ നാനാഭാഗത്തുനിന്നും ഇന്നും വിളവിത്ത് സാമ്പിളുകൾ ഇവിടെ എത്തിച്ചേരുന്നുണ്ട്. ഭക്ഷ്യസുരക്ഷയുടെ താക്കോൽ എന്നു തന്നെ വിശേഷിപ്പിക്കാവുന്ന ബീജങ്ങളെ തലമുറകളോളം കണ്ണിലെണ്ണയൊഴിച്ച് കാത്തു സൂക്ഷിക്കുന്ന മഹത്കൃത്യമാണ് ലോകാത്ഭുതമായി മാറിയേക്കാവുന്ന ഈ ഭീമൻ വിത്തുസംഭരണി നിർവഹിച്ചു പോരുന്നത്. ■

അഡ്വ. ലോറൻസ് റ്റി.എച്ച്.

# നിയമക്കരുക്കളൊരുക്കി മായത്തെ ചെറുക്കാം



**നമ്മുടെ ജീവിതത്തെ ഓരോ നിമിഷവും സ്പർശിച്ചുകൊണ്ടിരിക്കുന്ന നിയമമാണ് ഭക്ഷ്യപദാർഥങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതിനുള്ള നിയമം. അതിനാൽ ഈ നിയമത്തെ കുറിച്ചുള്ള അറിവ് സാമൂഹികാരോഗ്യത്തിന് ഏറെ പ്രധാനം.**

മനുഷ്യജീവിതത്തെയും ജീവനെയും അനുനിമിഷം സ്പർശിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു നിയമമാണ് The Prevention of food Adulteration Act. ഭക്ഷ്യപദാർഥങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതിനുള്ള ഈ നിയമം 1954-ലാണ് പാസ്സാക്കിയിട്ടുള്ളത്. എന്താണ് മായം ചേർക്കൽ എന്നത് ഇതിൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ഉപഭോക്താവ് ഉദ്ദേശിക്കുന്നതരത്തിലോ അഥവാ വില്പനക്കാരൻ ഉണ്ടെന്നവകാശപ്പെടുന്ന തരത്തിലോ ഉള്ള സ്വഭാവഗുണങ്ങളില്ലാത്തതോ, യഥാർഥ സ്വഭാവ ഗുണങ്ങളെ ഹാനികരമായ രീതിയിൽ ബാധിക്കുന്ന തരത്തിലുള്ളതോ അങ്ങനെ ഉത്പാദിപ്പിക്കപ്പെട്ടതോ, വിലകുറഞ്ഞതും ഗുണമേന്മയില്ലാത്തതുമായ പദാർഥങ്ങൾ ഭാഗികമായോ പൂർണമായോ പകരം ഉപയോഗിച്ചിട്ടുള്ളതോ, അനാരോഗ്യകരമായ സാഹചര്യത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളതോ, രോഗം ബാധിച്ച മൃഗങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ളതോ, ഭാഗികമായോ പൂർണമായോ ചീഞ്ഞതും ദ്രവിച്ചതും കീടബാധയേറ്റതും ഉപയോഗയോഗ്യമല്ലാത്തതുമായ സസ്യമാംസപദാർഥങ്ങളോ, വിഷാംശവും ആരോഗ്യത്തിനുഹാനികരവുമായ വസ്തുക്കൾ അടങ്ങിയതോ അനുവദനീയമല്ലാത്തതോ അനുവദനീയമായ അളവിൽ കൂടുതലോ ആയ നിറമോ സംരക്ഷകപദാർഥമോ ചേർത്തിട്ടുള്ളതോ, നിർദിഷ്ടതോതിലുള്ള ഗുണനിലവാരമോ ശുചിത്വമോ ഉറപ്പുവരുത്തിയിട്ടില്ലാത്തതോ ആയ ഭക്ഷ്യവസ്തുക്കൾ എല്ലാം തന്നെ മായം ചേർക്കപ്പെട്ടതായി കണക്കാക്കപ്പെടുന്നു.

മായം ചേർക്കൽ നിവാരണ നിയമം നടപ്പാലാക്കുന്നതിനായി സെൻട്രൽ കമ്മിറ്റി, സെൻട്രൽ ഫുഡ് ലബോറട്ടറി, പബ്ലിക് അനലിസ്റ്റ്സ്, ഫുഡ് ഇൻസ്പെക്റ്റേഴ്സ് എന്നിവർ ഉൾപ്പെടുന്ന വിപുലമായ ഒരു സംവിധാനം തന്നെ വിഭാവനം ചെയ്തിട്ടുണ്ട്. അതിൽ ഒരു ഫുഡ് ഇൻസ്പെക്റ്ററുടെ അധികാരപരിധി വളരെ വ്യാപ്തിയുള്ളതാണ്. ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതോ വില്പനയ്ക്കായി സൂക്ഷിക്കുകയോ പ്രദർശിപ്പിക്കുകയോ ചെയ്തിട്ടുള്ളതോ ആയ ഏതൊരു സ്ഥലത്തും എപ്പോൾ വേണമെങ്കിലും, വേണ്ടിവന്നാൽ കതകുതല്ലിത്തുറന്നുകൊണ്ടുതന്നെ, ഈ ഉദ്യോഗസ്ഥന് പ്രവേശിക്കുവാനും പരിശോധിക്കുവാനും സാമ്പിൾ ശേഖരിക്കുവാനും കഴിയും. ഉപഭോഗയോഗ്യമല്ലെന്നു ബോധ്യപ്പെടുന്ന പക്ഷം ആ ഭക്ഷ്യ





വസ്തു അപ്പാടെ നശിപ്പിച്ചുകളയുന്നതിനും അദ്ദേഹത്തിനധികാരമുണ്ട്. ഒപ്പം ബന്ധപ്പെട്ടവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും.

മായം ചേർക്കലിനെക്കുറിച്ചുള്ള നിർവചനം വളരെ സങ്കീർണമായതാണെന്ന് നമുക്ക് അറിയാം. അതനുസരിച്ച്, മായം ചേർക്കപ്പെട്ട ഭക്ഷ്യവസ്തുവിന്റെ വിപണനവുമായി ബന്ധപ്പെട്ട ഏതൊരുവ്യക്തിയും ശിക്ഷാർഹനാണ്, അയാൾ യഥാർഥത്തിൽ നിരപരാധിയാണെങ്കിൽപ്പോലും. ഉപഭോക്താവിന്റെ ജീവിതത്തെയും ജീവനെയും അപകടപ്പെടുത്താവുന്ന അവസ്ഥയുള്ളതിനാൽ മായം ചേർക്കലിന്റെ സ്രോതസ്സ് കണ്ടുപിടിച്ച് അതിനുകാരണക്കാരായവരെമാത്രം ശിക്ഷിക്കുവാനുള്ള സാവകാശം നല്കിക്കൊണ്ടുള്ള ഒരു വ്യവസ്ഥയും ഈ നിയമത്തിലില്ല. തന്നിമിത്തം വിപണനത്തിനായി ഏതു തരത്തിലുള്ള ഭക്ഷ്യവസ്തുവും കൈവശം വച്ചിട്ടുള്ള കച്ചവടക്കാരനും സ്ഥാപനവും ഒരു ഫുഡ് ഇൻസ്പെക്ടറുടെ അധികാരപരിധിയിൽ പെടുന്നു.

ഭക്ഷ്യവസ്തുക്കൾ വിപണനം നടത്തുന്നവർ ശ്രദ്ധിച്ചിരിക്കേണ്ട ചില പ്രത്യേകകാര്യങ്ങളുണ്ട്. ഒന്നാമതായി, അവ മായം ചേർക്കൽ നിർവചനത്തിൽ ഉൾപ്പെടുന്നില്ലെന്നുറപ്പുവരുത്തണം. രണ്ടാമതായി, പായ്ക്കുചെയ്തിട്ടുള്ളവയാണെങ്കിൽ അവയുടെ പുറത്ത് വ്യക്തമായി ഉള്ളടക്കത്തെപ്പറ്റിയും ഉത്പാദകനെപ്പറ്റിയുമുള്ള വിവരങ്ങളും, അളവ്, തൂക്കം, ഉപയോഗ്യകാലദൈർഘ്യം, പരമാവധി കമ്പോളവില എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടാവണം. മൂന്നാമതായി, വില്പനയ്ക്കുവേണ്ടി വാങ്ങി സൂക്ഷിച്ചിട്ടുള്ളവയ്ക്ക് വാറന്റി (ബിൽ, ഇൻവോയ്സ്, കാഷ്മെമ്മോ എന്നിവയുമാവാം) കൈവശം വച്ചിട്ടുണ്ടാവണം. ഇവ പാലിക്കാതെയുള്ള ഭക്ഷ്യവസ്തു വിപണനം, എത്രതന്നെ ലാഭാധിക്യം ഉണ്ടായാലും, ഉപേക്ഷിക്കുകയാണ് നിയമത്തിന്റെ പിടിയിൽനിന്നും മോചിതമാകുന്നതിനുള്ള ഏകമാർഗം.


തങ്ങൾ വില്ക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപഭോക്താക്കളുടെ ആരോഗ്യത്തെ ഉടൻ തന്നെ ഹാനികരമായി ബാധിച്ചേക്കില്ല എന്ന ചിന്തയാണ് ലാഭേച്ഛുക്കളായ പല വിപണനക്കാരെയും പ്രലോഭിപ്പിക്കുന്ന വസ്തുത. അത്തരം വ്യക്തികളും സ്ഥാപനങ്ങളും സമൂഹത്തെ ബോധപൂർവം ദ്രോഹിക്കുകയാണുചെയ്യുന്നത്. ഇവർക്കെതിരെ നിയമത്തിന്റെ കരങ്ങൾ യഥാസമയം പതിക്കാറുമില്ല.

നമ്മുടെ മറ്റു പല നിയമങ്ങളെപ്പോലെ ഭക്ഷ്യപദാർഥമായംചേർക്കൽ നിവാരണ നിയമവും കാലോചിതമായ മാറ്റങ്ങൾക്ക് വിധേയമാക്കേണ്ടതാണ്. സ്രോതസ്സിൽ മായം ചേർക്കുന്ന പ്രക്രിയ നിർബാധം തുടരുന്നവർ രക്ഷപ്പെടുകയും നിരപരാധികളായ വിപണനക്കാർ ശിക്ഷിക്കപ്പെടുകയും ചെയ്യാവുന്ന സ്ഥിതിവിശേഷത്തിന് ഒരു വിരാമമുണ്ടാവേണ്ടിയിരിക്കുന്നു. അഴിമതിക്കും പക്ഷപാതത്തിനും വശംവദരാകാതെ സത്യസന്ധമായും നിർഭയമായും കർശനമായും പ്രവർത്തിക്കുന്ന അധികാരികൾ ഉള്ളതും അതുപോലെതന്നെ അപരാധം ചെയ്തതിനുശേഷം ഏതുരീതിയിലെങ്കിലും രക്ഷപെടാൻ ശ്രമിക്കുന്ന ഉത്പാദകർ (ഒപ്പം വിപണനക്കാരും) ഭയപ്പെടുന്നതും ശിക്ഷിക്കപ്പെടുന്നതും ആയ ഒരു സാഹചര്യം സംജാതമാക്കുകയും ചെയ്യുന്നപക്ഷം ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് അവസാനിക്കുകയും അങ്ങനെ പൊതുജനാരോഗ്യം നല്ലൊരു പരിധിവരെ സംരക്ഷിക്കപ്പെടുകയും ചെയ്യുമെന്ന് പ്രത്യാശിക്കാം. ■

# ബാപ്പുജി

ഞങ്ങടെ നാവിനു നേരിൽ നൂതന
നാദമൊരുക്കിയ നായകനേ
ഞങ്ങടെ നാടിനു ചേരും മോചന
പാതപുതുക്കിയ നായകനേ
ഞങ്ങടെ ഭാരത ഭൂവിൽ ചേതന
പാടിയുണർത്തിയ ഗായകനേ
ഞങ്ങടെ ജീവിതനാളിൽ ചോദന
യാകും ശീലു പകർന്നവനേ
നിന്നുടെ ജീവിത സന്ദേശത്തിന്
നന്ദി പകുക്കാം മടിയാതെ..
ബാപ്പുജി,യങ്ങേ, യിന്നും ഞങ്ങൾ
ഓർമ്മയിൽ വെച്ചു വണങ്ങട്ടെ
അങ്ങു നയിച്ചൊരു സത്യാന്വേഷണം
എന്നും ഞങ്ങൾക്കതു ദീപം
രാഷ്ട്രപിതാവേ, യിന്നും ഞങ്ങൾ
ശിരസ്സു നമിച്ചു വണങ്ങുന്നു.

**ജോസ് ഗോതുരുത്ത്**
എറണാകുളം



■ പ്രൊഫ. ടോണി മാത്യു



# സ്വാതന്ത്ര്യസമരത്തിലെ പെൺപെരുമ

**ഭാരതാംബയുടെ വിമോചനത്തിനായി പോരാടിയ വനിതകൾ നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഒളിമങ്ങാത്ത നക്ഷത്രങ്ങളാണ്. അവരിൽ ചിലരെ അടുത്തറിയാം.**

ആയിരക്കണക്കിന് ധീരാത്മാക്കളുടെ ത്യാഗോജ്വലമായ ജീവിതഗാഥയാണ്, നമ്മുടെ സ്വാതന്ത്ര്യസമരത്തിന്റെ അത്ഭുതകഥ. പുണ്യചരിതയായ ഭാരതാംബയുടെ മോചനത്തിനുവേണ്ടി, നോമ്പുനോറ്റ്, രണാങ്കണത്തിലിറങ്ങി, സാഹസികമായ പോരാട്ടം നടത്തിയ ദേശാഭിമാനികളായ സ്ത്രീകളുടെ പാവനനാമം, അനശ്വരതയുടെ അക്ഷരങ്ങളിലാണ്, സ്വാതന്ത്ര്യസമരത്തിന്റെ വീരേതിഹാസത്തിൽ ആലേഖനം ചെയ്തിരിക്കുന്നത്. 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന മഹാമന്ത്രം ജപിച്ച ഗാന്ധിജിയായിരുന്നു അവരുടെ മാർഗദർശി. മനസ്സും മസ്തിഷ്ക്കവും നിറയെ സ്വാതന്ത്ര്യവാഞ്ഛയുടെ ശംഖൊലി! ബാലികമാരും ഗർഭിണികളും, കൈക്കുഞ്ഞുങ്ങളെ എടുത്തുകൊണ്ട് അമ്മമാരും വൃദ്ധകളും തെരുവിലിറങ്ങി മുദ്രാവാക്യം വിളിച്ചു; ജാഥ നയിച്ചു. ബ്രിട്ടീഷ് പട്ടാളത്തിന്റെ വെടിയേറ്റു വീണു വീരചരമം പ്രാപിച്ചു.

തങ്ങളുടെ ആയുസ്സും വപുസ്സും ആത്മതപസ്സും മാതൃരാജ്യത്തിനുവേണ്ടി സമർപ്പിച്ച സ്ത്രീരത്നങ്ങളിൽ പ്രാതഃസ്മരണീയയാണ് ഝാൻസിയിലെ റാണി ലക്ഷ്മീഭായ്. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും പ്രജകളുടെ ക്ഷേമൈശ്വര്യങ്ങൾക്കും വേണ്ടി വെള്ളക്കാരോടു പടപൊരുതി വീരമൃത്യുവരിച്ച അനശ്വര കഥാപാത്രം!

പുരുഷപ്പടയാളിയുടെ വേഷമിട്ട്, കൈയിലുയർത്തിപ്പിടിച്ച വാളുമായി, കുതിരപ്പുറത്തേറി രണാങ്കണത്തിലേക്ക് കുതിക്കുന്ന റാണി ഒരു വിസ്മയദൃശ്യമായിരുന്നു. അക്രമവും അനീതിയും സഹിച്ച്, വെള്ളക്കാരുടെ ചൊൽപ്പടിക്കു നിൽക്കുന്നത്, ഭാരതസ്ത്രീകളുടെ ഭാവശുദ്ധിക്ക് ചേർന്നതല്ലെന്നവർ വിശ്വസിച്ചു. യുദ്ധമെങ്കിൽ യുദ്ധം! അപമാനിതയായി ജീവിക്കുന്നതിലും ഭേദം അഭിമാനത്തോടെ മരിക്കുന്നതാണെന്ന് റാണി വിശ്വസിച്ചു.

1857-ൽ ഝാൻസിയിലും കല്പിയിലും കഞ്ചുവിലും ഗ്വാളിയറിലുംവെച്ച് അവർ വിദേശസേനയോടേറ്റുമുട്ടി. ദേശാഭിമാനിയായ താന്തിയാത്തോപ്പിയുടെ സഹായം റാണിക്കു ലഭിച്ചു.

ബ്രിട്ടീഷ് പട്ടാളത്തെ അത്ഭുതപരതന്ത്രരാക്കുന്ന യുദ്ധമുറകളായിരുന്നു റാണിയുടേത്. മിന്നൽവേഗത്തിൽ വാളിളക്കി നിരവധി സൈനികരെ വകവരുത്തി. പക്ഷേ, അധികനേരം ആ വീരപോരാട്ടം തുടർന്നില്ല. പ്രിയസഖി തുംഗ വെടിയേറ്റു വീഴുന്നതവർ കണ്ടു. ഒരുനിമിഷം, ഇല്ല ഒരു നിമിഷാർധം റാണി നിശ്ചലയായിപ്പോയി! അപ്പോഴേക്കും പത്മവ്യൂഹത്തിലകപ്പെട്ട അഭിമന്യുവിനെപ്പോലെ, അവർ പട്ടാളക്കാരാൽ വലയം ചെയ്യപ്പെട്ടു. റാണിയുടെ മാന്ത്രികക്കുതിര വെടിയേറ്റു വീണു. പരുക്കേറ്റ ആ വീരയോദ്ധാവ് 1857 ജൂൺ 17-ാം തീയതി വീരസ്വർഗം പ്രാപിച്ചു.

"യുദ്ധക്കളത്തിൽ ഞാൻ മരിച്ചുവീഴും. എന്നാൽ എന്റെ ശവശരീരം ആ മ്ലേച്ഛന്മാർ തൊടാൻ നിങ്ങൾ അനുവദിക്കരുത്"- പടക്കളത്തിലെ ഈ അന്ത്യമൊഴിയിൽ റാണിയുടെ ദേശാഭിമാനവും സ്വാതന്ത്ര്യബോധവും ആത്മസ്ഥൈര്യവും നിറഞ്ഞു നിൽക്കുന്നുണ്ട്.

സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളികളിൽ അദ്വിതീയയാണ് ഡോ. ആനിബസന്റ്. ഇംഗ്ലണ്ടിൽ ജനിച്ചെങ്കിലും ഭാരതത്തെ പെറ്റമ്മയും പോറ്റമ്മയുമായി സ്വീകരിച്ചവരാണവർ. തിയോസഫിക്കൽ സൊസൈറ്റിയിലൂടെ ഭാരതത്തിന്റെ ആധ്യാത്മികപൈതൃകത്തെയും ഹോംറൂൾ ലീഗിലൂടെ സ്വാതന്ത്ര്യസമരത്തെയും ഉൾക്കൊണ്ട വ്യക്തിയാണ് ഡോ.ബസന്റ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യത്തെ വനിതാപ്രസിഡന്റ് അവരായിരുന്നു. ശ്രീമതി ബസന്റിന്റെ പ്രഭാഷണങ്ങളും പ്രബന്ധങ്ങളും സമരഭടന്മാർക്കുണർവേകുന്നതായിരുന്നു.

"സ്വയം ഭരണാവകാശം വേണമെന്ന് ഇന്ത്യ മുൻപ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്നും ആവശ്യപ്പെടുന്നു. ഇനിയും ആവശ്യപ്പെടും. സ്വാതന്ത്ര്യം ബ്രിട്ടന്റെ ഔദാര്യമായിട്ടല്ല, ഇന്ത്യയുടെ അവകാശമായിട്ടാണ് ഞാൻ കാണുന്നത്"- ആനിബസന്റിന്റെ ധീരോദാത്തമായ ഈ ആഹ്വാനം ഭാരതീയരുടെ രക്തസിരകളെ ത്രസിപ്പിക്കുന്നതായിരുന്നു!

സ്വാതന്ത്ര്യസമരത്തിന് കരുത്തും കർമ ശേഷിയും നൽകിയ അവരെ അറസ്റ്റു ചെയ്തു തടവിലാക്കി. ദേശീയനേതാക്കളു ടെയും ലോകനേതാക്കളുടെയും ശ്രമഫല മായി ജയിൽവിമുക്തയായ അവർ പറഞ്ഞ വാക്കുകൾ സ്വാതന്ത്ര്യത്തിന്റെ അമൃതം കിനിയുന്നതാണ്.

''ഞാൻ അപമാനിതയായപ്പോൾ, നിങ്ങ ളെന്നെ ആദരിച്ചു. ഞാൻ ആരോപണവി ധേയയായപ്പോൾ, നിങ്ങളെന്നിൽ വിശ്വാസ മർപ്പിച്ചു. ബ്രിട്ടീഷുകാർ എന്നെ അടിച്ച മർത്തിയപ്പോൾ, നിങ്ങളെന്നെ നേതൃത്വപ ദവിയിലേക്കുയർത്തി. ഞാൻ നിങ്ങളെ നിർവ്യാജം സ്നേഹിച്ചപ്പോൾ, നിങ്ങ ളെന്നെ നേതാവും ജേതാവുമാക്കി. നിങ്ങ ളോടുള്ള നന്ദി പറയാനുള്ള വാക്സാ മർഥ്യം എനിക്കില്ല. നിങ്ങൾ നൽകിയ സ്വാതന്ത്ര്യമാകുന്ന ഈ പാരിതോഷികം മാതൃഭൂമിക്കുവേണ്ടി ഞാൻ ചെലവഴിക്കും. എന്റെ ഭാവിജീവിതം ഭാരതാംബയ്ക്കുള്ള താണ്. ഭാരതമാതാവിന്റെ ബലിവേദിയിൽ എന്നെ ഞാനിതാ സമർപ്പിക്കുന്നു. നമു ക്കൊന്നിച്ച് ഉച്ചൈസ്തരം ഉദ്ഘോഷിക്കാം: വന്ദേ മാതരം, വന്ദേ മാതരം!''

ഭാരതത്തിന്റെ വാനമ്പാടി എന്നു ഗാന്ധിജി വിശേഷിപ്പിച്ച, സരോജിനിനാ യിഡുവിന്റെ സമരസന്നദ്ധതയും നമ്മിൽ ഭക്ത്യാദരവുകൾ വളർത്തുന്നതാണ്. സ്വദേ ശാഭിമാനത്തിന്റെയും സ്വാതന്ത്ര്യവാഞ്ഛ യുടെയും പടപ്പാട്ടുകൾ പാടിക്കൊണ്ടാണ് അവർ സ്വാതന്ത്ര്യസമര വിഹായസിൽ പാടിപ്പറന്നത്.

ഉപ്പുസത്യാഗ്രഹത്തിൽ ഗാന്ധിജിയെ അറസ്റ്റു ചെയ്തപ്പോൾ, സരോജിനിയാണ് സമരത്തിന് പിന്നീട് നേതൃത്വം നൽകിയ ത്. ഗാന്ധിജിയുടെ അറസ്റ്റും വിചാരണയും



ഝാൻസി റാണി



കമലാ നെഹ്റു



ആനിബെസന്റ്

ശിക്ഷയും യേശുക്രിസ്തുവിന്റേതിനു തുല്യമാണെന്ന് അവർ പറഞ്ഞു. നിരപ രാധി ക്രൂശിക്കപ്പെടുന്നു എന്നതാണിതിന്റെ അർഥം.

റൗലക്ട് ആക്ടിനും ജാലിയൻ വാലാ ബാഗ് കൂട്ടക്കൊലയ്ക്കുമെതിരെ സമരം നയിച്ചതിന് തടവറയിലായ സരോജിനിനാ യിഡു അനർഗളമായ കാവ്യരചന യ്ക്കൊപ്പം അസാധാരണമായ വാക്പാട വത്തിനും ഉടമയായിരുന്നു. അവർ യുവ ജനങ്ങൾക്ക് നൽകിയ സന്ദേശം ശ്രദ്ധേയ മാണ്.

''നമ്മുടെ സമരം ആത്മശുദ്ധിയും ആത്മത്യാഗവും ഉൾക്കൊള്ളുന്ന ഒരു സമ രമാണ്. അതിൽ പങ്കാളികളാകാൻ, സ്വാത ന്ത്ര്യത്തിന്റെ സുവർണപതാകകളുമേന്തി രണാങ്കണത്തിലണിനിരക്കൂ!'' ഭാരത ത്തിലെ ആദ്യത്തെ വനിതാഗവർണറും സരോജിനി നായിഡുവാണ്.

ഭർത്താവിനോടൊപ്പം, സ്വാതന്ത്ര്യസമ രത്തിൽ ത്യാഗോജ്വലമായ സേവനമനു ഷ്ഠിച്ച മഹതിയാണ് കമലാ നെഹ്റു. ഗാന്ധിജി ആഹ്വാനം ചെയ്ത സ്വദേശി പ്രസ്ഥാനത്തിന്റെ പ്രചാരണാർഥം ഗ്രാമ ഗ്രാമാന്തരങ്ങളിൽ സഞ്ചരിക്കുന്നതിൽ കമല ഉത്സാഹം കാണിച്ചു. സ്വാതന്ത്ര്യം അർഥപൂർണമാകണമെങ്കിൽ, ഗ്രാമീണജന തയുടെ ജീവിതനിലവാരം ഉയരണമെന്ന് അവർ വിശ്വസിച്ചു. നിസ്സഹകരണപ്രസ്ഥാ നത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിൽവാസവും അവരനുഭവിച്ചു.

ഭർത്താവിന്റെ കാലടിപ്പാടുകൾ പിന്തു





**കുട്ടിമാളു അമ്മ**



**അക്കാമ്മ ചെറിയാൻ**

ടരുന്നതിൽ അഭിമാനിച്ചിരുന്ന കമലയുടെ ആത്മാഭിമാനവും ആർജവവും നിറഞ്ഞ ഒരു കത്തിലെ, ദേശസ്നേഹവും സ്വാതന്ത്ര്യദാഹവും പ്രതിഫലിപ്പിക്കുന്ന ചില വാക്കുകൾ കേൾക്കൂ:

''എന്റെ രോഗമോർത്ത് അങ്ങ് ദുഃഖിക്കരുത്. ഭാരതത്തിന്റെ സ്വാതന്ത്ര്യത്തെ അപേക്ഷിച്ച്, എത്രയോ നിസ്സാരമാണ് എന്റെ ജീവൻ. അങ്ങ് ഇന്ത്യയിലേക്കു മടങ്ങിപ്പോയി സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുക. ഇന്ത്യ സ്വതന്ത്രയാവുന്നതുകാണാൻ എനിക്കു സാധ്യമാവുമോ എന്ന കാര്യം സംശയമാണ്. സ്വതന്ത്രഇന്ത്യയിൽ ജീവിക്കാൻ അങ്ങക്കെങ്കിലും കഴിഞ്ഞാൽ അത് എന്റെ ഭാഗ്യമായി കരുതും!''

ഡോ. ആനിബസന്റിനെ പോലെ, ഇംഗ്ലണ്ടിൽനിന്ന് ഇന്ത്യയിൽ വന്നുതാമസിച്ച്, നമ്മുടെ സ്വാതന്ത്ര്യസമരത്തെ സഹായിച്ചവരാണ് മാഡലൈൻ സ്ലേഡും, സമിയോസ് എലീനയും. പക്ഷേ, ഈ പേരു



**സരോജിനി നായിഡു**



**വിജയലക്ഷ്മിപണ്ഡിറ്റ്**

കൾ ആരും തിരിച്ചറിയുമെന്നു തോന്നുന്നില്ല. ഗാന്ധിജി അവർക്കുനൽകിയ പേര് മീരാ ബെന്നെന്നും സരളാബന്നെന്നുമാണ്.

വാർധാആശ്രമത്തിൽ ഗാന്ധിജിയോടൊത്തു പാർത്ത്, അദ്ദേഹത്തിന്റെ കർമപരിപാടികളിൽ സജീവസാന്നിധ്യമായി മാറിയ വ്യക്തിയാണ് സരളാബൻ. ക്വിറ്റിന്ത്യാസമരകാലത്ത്, അൽമോറയിൽ പ്രവർത്തിച്ച അവരെ 'അൽമോറയിലെ അപകടകാരി' എന്നു വിശേഷിപ്പിച്ചുകൊണ്ടാണ് അറസ്റ്റ് ചെയ്തത്. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി 'കസ്തൂർബാ മഹിളാ ഉത്ഥാൻ മണ്ഡൽ' സ്ഥാപിച്ച അവർ സാഹിത്യ പ്രവർത്തനങ്ങൾക്കും സമയം കണ്ടെത്തിയിരുന്നു.

ഗാന്ധിജിയുടെ സെക്രട്ടറിമാരിൽ ഒരാളായി സബർമതി ആശ്രമത്തിൽ വസിച്ച മീരാബെന്നും ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്തു. മഹാത്മജിയോടൊപ്പം വട്ടമേശസമ്മേളനത്തിന് ഇംഗ്ലണ്ടിൽ പോയിട്ടുള്ള മീരാബെന്നിന് ഉപ്പുസത്യാഗ്രഹത്തിലും മറ്റും പങ്കെടുത്തതിന് നിരവധി തവണ ജയിൽശിക്ഷ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഖാദി വസ്ത്രത്തിന്റെ പ്രചാരണത്തിന് അവർ അഹോരാത്രം പ്രയത്നിച്ചു. ഹരിജനോദ്ധാരണ പ്രവർത്തനത്തിലും ഏർപ്പെട്ടു. ഭാരതത്തെ ഹൃദയപൂർവം സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത ഈ വിദേശവനിതകളുടെ പാദപീഠത്തിങ്കൽ നമുക്ക് നമ്രശിരസ്ക്കരാവാം.

അഖിലേന്ത്യാ വനിതാ സംഘടനയുടെ പ്രസിഡന്റായിരുന്ന അമൃതാകൗറും സംഘടനയുടെ സെക്രട്ടറിയായിരുന്ന അമ്മു സ്വാമിനാഥനും ക്വിറ്റിന്ത്യാസമരത്തിൽ പങ്കെടുത്ത് ജയിൽശിക്ഷ അനുഭവിച്ച ധീരദേശാഭിമാനികളാണ്. അമ്മു സ്വാമിനാഥന്റെ മകൾ ക്യാപ്റ്റൻ ലക്ഷ്മിയുടെ ധീരസാഹസികജീവിതകഥ അത്ഭുതാദരങ്ങളോടെമാത്രമേ അനുസ്മരിക്കാനാവൂ.

നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ഇന്ത്യൻ നാഷണൽ ആർമി (ഐഎൻഎ) യിലെ, ഝാൻസിറാണി റെജിമെന്റിൽ ക്യാപ്റ്റൻ ആയിരുന്നു അവർ. സായുധ വിപ്ലവത്തിലൂടെ ഭാരതത്തെ സ്വതന്ത്രയാക്കാമെന്ന ആത്മാർഥവിശ്വാസമായിരുന്നു അവരുടെ കർമശക്തി. അതിനുവേണ്ടി അവരനുഷ്ഠിച്ച മഹനീയ സേവനങ്ങൾ വരുംതലമുറ കൃതജ്ഞതയോടെ ഓർക്കുകയും വിസ്മയാധീനരാകുകയും ചെയ്യും.

സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് എടുത്തുചാടിയ മറ്റു രണ്ടു ധീരമലയാളി വനിതകളാണ് കുട്ടിമാളു അമ്മയും അക്കാമ്മ ചെറിയാനും. സിവിൽ നിയമലംഘനത്തിനും വിദേശവസ്ത്രബഹിഷ്ക്കരണത്തിനും അറസ്റ്റുചെയ്യപ്പെട്ട കുട്ടിമാളു അമ്മ പലപ്രാവശ്യം തടവറയിൽ കിടന്നിട്ടുണ്ട്. രണ്ടുമാസം പ്രായമായ കൈക്കുഞ്ഞുമായാണ് ഒരിക്കലവർ കാരാഗൃഹത്തിലേക്കു പോയത്. ആ അസാധാരണ സംഭവം അഖിലേന്ത്യാതലത്തിൽ ശ്രദ്ധിക്കപ്പെട്ടു. അക്കാമ്മ ചെറിയാന്റെ അനന്യമായ രാജ്യസ്നേഹവും അദമ്യമായ സ്വാതന്ത്ര്യദാഹവും കാലത്തെ അതിജീവിക്കുന്ന പുളകപ്രസരം നൽകുന്നതാണ്.

സ്വതന്ത്ര ഇന്ത്യയുടെ ദേശീയ പതാക രൂപകല്പന ചെയ്യുന്നതിലും ഒരു ധീരവനിതയുടെ നിറസാന്നിധ്യമുണ്ടായിരുന്നു മദാം കാമ. വീരസവർക്കറുമായി ആലോചിച്ചാണ് അവർ ത്രിവർണപതാകയ്ക്കു രൂപം കൊടുത്തത്. 1907-ൽ ജർമനിയിലെ സ്റ്റർട്ട് ഗാർട്ടിൽ ചേർന്ന യോഗത്തിൽ പതാക പ്രദർശിപ്പിച്ചുകൊണ്ട് അവർ പറഞ്ഞു:

''ഇതാ, ഇവിടെ ഇതു ജനിച്ചിരിക്കുന്നു- ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ പുണ്യപതാക!''

ആയിരക്കണക്കിനാളുകൾ ഹർഷാരവത്തോടെയാണ് മദാം കാമയുടെ വാക്കുകൾ കേട്ടത്. ഇന്ദുലാൽ യാജ്ഞിക്ക് എന്ന വിപ്ലവകാരി ഈ പതാക ഇന്ത്യയിലേക്ക് ഒളിച്ചുകടത്തി. ലാഹോർ കോൺഗ്രസ്സിൽ പണ്ഡിറ്റ് നെഹ്റു, ത്രിവർണപതാക ആദ്യമായി ഇന്ത്യൻ മണ്ണിൽ ഉയർത്തുകയും ചെയ്തു.

മദാം കാമയുടെ പ്രാണസ്പന്ദനവും ഹൃദയനാദവും നിറഞ്ഞുനിൽക്കുന്ന വരികൾ കൂടെ കേൾക്കാം:

''ഇന്ത്യാക്കാരേ, ആത്മാഭിമാനം പ്രദർശിപ്പിച്ച് പ്രവർത്തിക്കുവിൻ... സ്വാതന്ത്ര്യത്തിനുവിലകൊടുത്തേ തീരൂ. നാം ഉണർന്നു കഴിഞ്ഞു. നമ്മുടെ മർദകരെ നിരാകരിക്കുക. നമുക്ക് സ്വരാജ്യം തിരിച്ചുകിട്ടണം. ഇംഗ്ലീഷുകാരന്റെ ഓക്കുമരത്തെക്കാൾ നല്ലത് നമ്മുടെ ആൽമരമാണ്. ബ്രിട്ടീഷ് നാഗരികതയെക്കാൾ ഉന്നതവും ഉദാത്തവും നമ്മുടെ സംസ്കാരമാണ്...!''

മഹാത്മാഗാന്ധിയുടെ പത്നി കസ്തൂർബാ, മോത്തിലാൽ നെഹ്റുവിന്റെ സഹധർമിണി സ്വരൂപ് റാണി, പണ്ഡിറ്റ്ജിയുടെ സഹോദരിയായ വിജയലക്ഷ്മി പണ്ഡിറ്റ്, കൃഷ്ണഹഥീസിങ്, ജയപ്രകാശ് നാരായണിന്റെ ഭാര്യ പ്രഭാവതി, ലാഹോറിലെ സുട്ചി സഹോദരിമാർ, ദുർഗാബായി ദേശ്മുഖ്, രമാബായി സരസ്വതി, ഹിരാബായി ടാറ്റാ, അരുണാ ആസഫലി, മഞ്ജുഭാഷിണി തുടങ്ങി എത്രയോ മഹതികളാണ് മാതൃഭൂമിയുടെ മോചനത്തിനായി അക്ഷീണം പ്രയത്നിച്ചത്.!

ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്ത്, മിഡ്നാപ്പൂരിൽ വെടിയേറ്റുവീണ, 73 വയസ്സുള്ള മാതംഗിനിയും അസമിലെ ഗോഹപ്പൂർ പൊലീസ് സ്റ്റേഷന്റെ മുകളിൽ ദേശീയപതാക ഉയർത്തിയതിന്റെ പേരിൽ കൊല്ലപ്പെട്ട കനകലതയും പതാക രക്ഷിക്കാനുള്ള ശ്രമത്തിൽ ജീവൻ വെടിഞ്ഞ രത്നയും, സ്വാതന്ത്ര്യത്തിന്റെ മുലപ്പാൽ കുടിക്കുന്നതിനുവേണ്ടി, മാതൃഭൂമിയുടെ മാറോടണഞ്ഞ അരുമസന്താനങ്ങളാണ്. ആ മണ്ണിലെ ചോരയുടെ ഈർപ്പത്തിൽനിന്നു വീണ്ടും വീണ്ടും വിപ്ലവകാരികൾ ഉയിർകൊണ്ടു!

വിപ്ലവകാരികളെ സംരക്ഷിച്ചതിന്റെ പേരിൽ പീഡനമേറ്റവരാണ് സാവിത്രിദേവിയും പ്രീതിലതയും. ഇനിയുമെത്രയോ പേർ..... പിതാവു നഷ്ടപ്പെട്ടവർ, ഭർത്താവു നഷ്ടപ്പെട്ടവർ, മക്കൾ നഷ്ടപ്പെട്ടവർ.... ആ ത്യാഗകഥകൾ, ആ ദുഃഖകഥകൾ തലമുറകളെ ഹർഷപുളകിതരാക്കിക്കൊണ്ട് അനശ്വരതയിലേക്കു നടന്നുനീങ്ങുന്നു.

വന്ദേമാതരം ■

ഡോ. ശ്രീലത പി.ആർ.



# കുട്ടികൾക്കുള്ള പ്രതിരോധകുത്തിവയ്പുകൾ ആധുനികയുഗത്തിൽ

പൊതുജനാരോഗ്യത്തിനായുള്ള ആധുനിക വൈദ്യശാസ്ത്രത്തിന്റെ ഏറ്റവും മഹത്തായ സംഭാവനയാണ് പ്രതിരോധകുത്തിവയ്പുകൾ. രോഗം വന്ന് ചികിത്സ തേടുന്നതിനേക്കാളും എന്തുകൊണ്ടും മികച്ചതാണ് രോഗം വരാതെ നോക്കുന്നത്. രോഗപ്രതിരോധമാർഗങ്ങളിൽ ഏറ്റവും ഫലപ്രദമായ നടപടിയാണ് പ്രതിരോധകുത്തിവയ്പുകൾ അഥവാ വാക്സിനുകൾ. ഈ തിരിച്ചറിവ് ഉൾകൊണ്ട് ലോകാരോഗ്യസംഘടന 1974 ൽ EPI (Expanded Programme on Immunisation) എന്ന പദ്ധതി ആവിഷ്കരിച്ചു. അഞ്ചുവയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ക്ഷയരോഗം, ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ് തുടങ്ങിയ രോഗങ്ങൾക്കെതിരായ കുത്തിവയ്പുകൾ വ്യാപകമായി നല്കുക എന്ന ഉദ്ദേശ്യമായിരുന്നു അതിന്. തുടർന്നുള്ള വർഷങ്ങളിൽ ഇന്ത്യ ഉൾപ്പെടെ അനേകം വികസിതവികസ്വര രാജ്യങ്ങൾ ഈ പദ്ധതി ഉൾക്കൊണ്ട് വിജയപ്രദമായി നടപ്പിലാക്കി. കാലാകാലങ്ങളിൽ പുതിയതിരിച്ചറിവുകളുടെ വെളിച്ചത്തിൽ ചെറിയ ചെറിയ വ്യതിയാനങ്ങളോടെ ഇന്നും ഈ പദ്ധതി നിലനില്ക്കുന്നു. നമ്മുടെ രാജ്യത്ത് UIP (Universal Immunisation Programme) എന്ന പേരിലാണ് ഇത് അറിയപ്പെടുന്നത്.

UIP പ്രകാരം ക്ഷയരോഗം, പോളിയോ, ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, അഞ്ചാംപനി എന്നീ രോഗങ്ങൾക്കെതിരെ എല്ലാ കുഞ്ഞുങ്ങൾക്കും സൗജന്യമായി പ്രതിരോധകുത്തിവയ്പുകൾ സർക്കാർ നല്കിവരുന്നു. തിരഞ്ഞെടുക്കപ്പെട്ട ചില ജില്ലകളിലും സംസ്ഥാനങ്ങളിലും ഇവ കൂടാതെ മഞ്ഞപിത്തം (ഹെപ്പറ്റൈറ്റിസ് ബി), ജപ്പാൻജ്വരം എന്നിവയ്ക്കെതിരെയുള്ള കുത്തിവയ്പുകളും നല്കിവരുന്നു. പ്രായത്തിനനുസരിച്ച് നൽകേണ്ട വാക്സിനുകൾ പട്ടിക ഒന്നിൽ നൽകിയിട്ടുണ്ട്.

ഒരുവയസ്സ് മുതൽ എല്ലാ ആറുമാസം കൂടുമ്പോഴും വൈറ്റമിൻ എ തുള്ളിമരുന്ന്, അഞ്ച് വയസ്സ് വരെ കൊടുക്കുന്നു. ഡോസ് മുടങ്ങിയാൽ എവിടെ വച്ചാണോ മുടങ്ങിയത് ആ ഡോസ് മുതലുള്ളവ എത്രയും നേരത്തേ കൊടുക്കുക.

ഇതുവരെ പറഞ്ഞത് ഗവൺമെന്റ് പദ്ധതിപ്രകാരമുള്ള വാക്സിനുകളുടെ കാര്യമാണ്. ഇവ കൂടാതെ നിരവധി രോഗങ്ങൾക്കെതിരെ ഫലപ്രദവും സുരക്ഷിതവുമായ കുത്തിവയ്പുകൾ ഇന്ന് ലഭ്യമാണ്. ഇവ ഓപ്ഷണൽ അല്ലെങ്കിൽ അഡീഷണൽ വാക്സിനുകൾ എന്ന് അറിയപ്പെടുന്നു. നമ്മുടെ പരിതസ്ഥിതികളിൽ പ്രയോജനപ്രദമായ ഇത്തരം കുത്തിവയ്പുകളെക്കുറിച്ചാണ് ഇനി പ്രതിപാദിക്കുന്നത്.

**പട്ടിക - 1**

| | | |
|---|---|---|
| ജനിച്ച് ആദ്യ ദിവസങ്ങളിൽ | - | ബി.സി.ജി, പോളിയോ (സീറോഡോസ്) ഹെപ്പറ്റൈറ്റിസ് ബി (ബർത്ത് ഡോസ്) |
| 6 ആഴ്ച (പൂർത്തിയാകുമ്പോൾ) | - | ഡി.പി.റ്റി, ഹെപ്പറ്റൈറ്റിസ് ബി പോളിയോ - 1-ാം ഡോസുകൾ |
| 10 ആഴ്ച | - | ഡി.പി.റ്റി, ഹെപ്പറ്റൈറ്റിസ് ബി പോളിയോ - 2-ാം ഡോസുകൾ |
| 14 ആഴ്ച | - | ഡി.പി.റ്റി, ഹെപ്പറ്റൈറ്റിസ് ബി പോളിയോ - 3-ാം ഡോസുകൾ |
| 9 മാസം പൂർത്തിയാകുമ്പോൾ | - | മീസിൽസ് (അഞ്ചാം പനി) വൈറ്റമിൻ ഏ-1 ഡോസ് |
| 18 മാസം | - | ഡി.പി.റ്റി, പോളിയോ- 1-ാം ബൂസ്റ്റർ |
| 4½ വയസ്സ് | - | ഡി.പി.റ്റി, പോളിയോ- 2-ാം ബൂസ്റ്റർ |
| 10 വയസ്സ് | - | റ്റി.റ്റി.ബൂസ്റ്റർ |
| 16 വയസ്സ് | - | റ്റി.റ്റി.ബൂസ്റ്റർ |

## MMR വാക്സിൻ (മുണ്ടിനീര്, അഞ്ചാംപനി, ജർമ്മൻ മീസിൽസ്)

9-ാം മാസത്തിൽ എടുക്കുന്ന മീസിൽസ് വാക്സിൻ ഒരു ബൂസ്റ്റർ പോലെയാണ് വർത്തിക്കുന്നത്. മുണ്ടിനീര് ഉമിനീർഗ്രന്ഥികളെയാണ് സാധാരണ ബാധിക്കാറുള്ളതെങ്കിലും മെനിഞ്ചൈറ്റിസ് വന്ധ്യത മുതലായ പ്രശ്നങ്ങളും ഉണ്ടാക്കാം. ജർമ്മൻ മീസിൽസ് എന്ന പേര് കേട്ട് ജർമ്മനിയിൽ കാണപ്പെടുന്ന അസുഖമാണെന്ന് തെറ്റിദ്ധരിക്കരുത്. താരതമ്യേന ലഘുവായ ഒരു രോഗമാണ് ഇതെങ്കിലും ഗർഭാവസ്ഥയിൽ ഈ രോഗം ബാധിച്ചാൽ ശിശുവിന് ബുദ്ധിമാന്ദ്യം ഉൾപ്പെടെ ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാകാം.

ഡോസുകൾ - 2 എണ്ണം

പ്രായം - 15-60 18-60 മാസത്തിനിടയ്ക്ക് 1-ാം ഡോസ്
4-60 5-60 വയസ്സിനിടയ്ക്ക് 2-ാം ഡോസ്

## ഹീമോഫിലസ് ഇൻഫ്ളുവൻസാ വാക്സിൻ (HiB Vaccine)

അഞ്ചുവയസ്സിന് താഴെ പ്രത്യേകിച്ച് 2 വയസ്സിനു താഴെ ഉള്ള കുട്ടികളിൽ മെനിഞ്ചൈറ്റിസും സെപ്റ്റിസീമിയയും വരുത്തുന്ന ഒരു ബാക്ടീരിയ ആണ് ഹീമോഫിലസ് ഇൻഫ്ളുവൻസ.ബി. ഇതിനെതിരെയുള്ള കുത്തിവയ്പ് വളരെഫലപ്രദവും സുരക്ഷിതവുമാണ്.

ഡോസുകളുടെ എണ്ണം - 3 പ്രാഥമികഡോസുകളും
1 ബൂസ്റ്ററും

കൊടുക്കേണ്ട പ്രായം - 6-ാമത്തെ ആഴ്ച മുതൽ- ഡി.പി. റ്റിയോടൊപ്പം

1 ½ വയസ്സിൽ ബൂസ്റ്റർഡോസ് ഡി.പി.റ്റിയും ഹെപ്പറ്റൈറ്റിസു വാക്സിനും ഹിബ് (HiB) വാക്സിനും കൂടി ചേർത്ത് സംയോജിത കുത്തിവയ്പ് ലഭ്യമാണ്- Pentavac, Rasyfive എന്നീ ബ്രാൻഡ് പേരുകളിൽ ഇതറിയപ്പെടുന്നു.

## ചിക്കൻപോക്സ് വാക്സിൻ (Varicella vaccine)

സാധാരണഗതിയിൽ കുട്ടികളിലും കൗമാരപ്രായക്കാരിലും വലിയ പ്രശ്നങ്ങളൊന്നുമുണ്ടാക്കാതെ വന്നുപോകുന്ന രോഗമാണ് ചിക്കൻപോക്സ്. എന്നാൽ ചിലപ്പോഴെങ്കിലും ഗുരുതരപ്രശ്നങ്ങൾ ഉണ്ടാക്കാറുണ്ട്. പ്രധാനമായും നാഡിവ്യൂഹത്തിന്റെ പ്രശ്നങ്ങളാണ് ഉണ്ടാക്കുന്നത്. കൂടാതെ മുതിർന്നവരിലും ശിശുക്കളിലും ഈ രോഗത്തിന്റെ കാഠിന്യം ഏറുവാനും ഗുരുതരാവസ്ഥയിലേക്ക് നീങ്ങാനും സാധ്യതകൂടുതലാണ്. ഇന്നത്തെ കാലത്ത് എൽ.കെ.ജിയിൽ പഠിക്കുന്ന കുട്ടിക്ക് പോലും ഒരു ദിവസത്തെ ക്ലാസ് മുടങ്ങുന്നത് ബുദ്ധിമുട്ടാണ്. ചിക്കൻ പോക്സ് വന്നാൽ രണ്ടാഴ്ചയോളം പഠിത്തം മുടങ്ങുമെന്നുള്ളത് കൊണ്ട് ഈ കുത്തിവയ്പ് എടുക്കാൻ മാതാപിതാക്കൾ താത്പര്യപ്പെട്ടു കാണുന്നു. ഫലപ്രദവും കാര്യമായ പാർശ്വഫലങ്ങളൊന്നും കണ്ടുവരാത്തതുമായ ഈ കുത്തിവയ്പിന്റെ ഉയർന്ന വിലയാണ് സാധാരണക്കാരെ ഇതിൽ നിന്നു അകറ്റുന്നത്.

ഡോസിന്റെ എണ്ണം - 13 വയസ്സിനു താഴെ
- ഒറ്റ ഡോസ്

13 വയസ്സിനു മേലെ - 2 ഡോസുകൾ
4 മുതൽ 8 ആഴ്ച ഇടവിട്ട്

## ന്യൂമോകോക്കൽ വാക്സിൻ

ന്യൂമോണിയ, മെനിഞ്ചൈറ്റിസ്, സെപ്റ്റിസീമിയ എന്നീ മാരകരോഗങ്ങൾ എല്ലാ പ്രായക്കാരിലും ഉണ്ടാക്കുന്ന ഒരു ബാക്ടീരിയ ആണ് ന്യൂമോകോക്കൈ. ഇവയ്ക്കെതിരെയുള്ള കുത്തിവയ്പ് പല വികസിതരാജ്യങ്ങളിലും പൊതുകുത്തിവയ്പ് പദ്ധതിയുടെ ഭാഗമായി കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇതിന്റെ ഉയർന്ന വില തന്നെയാണ് നമ്മുടെ നാട്ടിൽ ഈ കുത്തിവയ്പിനെയും സാധാരണക്കാരിൽ നിന്നും അകറ്റി നിർത്തുന്നത്.

ഡോസിന്റെ എണ്ണം - 3 പ്രാഥമിക ഡോസുകളും 1 ബൂസ്റ്ററും

പ്രായം - 6-ാമത്തെ ആഴ്ചയിൽ ഡിപിറ്റി വാക്സിനൊപ്പം ആദ്യഡോസ്. തുടർന്ന് 4 ആഴ്ച ഇടവിട്ട് അടുത്ത 2 എണ്ണം.
ഒന്നരവയസ്സിൽ ബൂസ്റ്റർഡോസ്

ആദ്യ ഡോസ് വൈകിയാണ് തുടങ്ങുന്നതെങ്കിൽ മൊത്തം ഡോസുകളുടെ എണ്ണത്തിൽ കുറവുണ്ടാകും. ഈ കുത്തിവയ്പ് കുട്ടികൾക്ക് മാത്രമല്ല 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കും ശുപാർശ ചെയ്യപ്പെടുന്നു.

## ഹെപ്പറ്റൈറ്റിസ്. ഏ (Hepatitis-A) വാക്സിൻ

ഹെപ്പറ്റൈറ്റിസ് ബി (Hepatitis-B) പോലെ മഞ്ഞപിത്തമു





ണ്ടാക്കുന്ന മറ്റൊരു വൈറസാണ് ഹെപ്പറ്റൈറ്റിസ് ഏ. ആഹാരത്തിലും വെള്ളത്തിലും കൂടി പകരുന്ന ഈ അണുക്കൾക്കെതിരെയുള്ള കുത്തിവയ്പ് ചില പ്രത്യേക കൂട്ടം ആളുകൾക്കാണ് ശുപാർശചെയ്യപ്പെടുന്നത്. ഹോസ്റ്റലിലും ബോർഡിങ്ങിലുമൊക്കെ താമസിച്ചു പഠിക്കുന്ന വിദ്യാർഥികൾ, പുറത്ത് നിന്നും ആഹാരം സ്ഥിരമായി കഴിക്കേണ്ടിവരുന്ന വ്യക്തികൾ, കരൾ സംബന്ധമായ രോഗമുള്ളവർ – ഇവർക്കാണ് പ്രധാനമായും ഇത് പ്രയോജനപ്പെടുന്നത്.

ഡോസുകളുടെ എണ്ണം– 2 ഡോസുകൾ, ആറുമാസം ഇടവിട്ട് ഒരു വയസ്സിന് മേലെയാണ് ഇതെടുക്കേണ്ടത്.

## ടൈഫോയിഡ് വാക്സിൻ

ആഹാരത്തിൽ കൂടിയും ജലത്തിൽ കൂടിയും പകരുന്ന രോഗമാണ് ടൈഫോയിഡ്. നമ്മുടെ നാട്ടിൽ വളരെ സാധാരണമായി തന്നെ ഇത് കണ്ട് വരുന്നു. മൂന്ന് തരത്തിലുള്ള വാക്സിനുകൾ നിലവിലുണ്ടെങ്കിലും താരതമ്യേന പാർശ്വഫലങ്ങൾ കുറഞ്ഞത് പോളിസാക്കറൈഡ് വാക്സിൻ ഇനത്തിൽപ്പെട്ട ടൈഫറിക്സ് എന്ന പേരിലും മറ്റും അറിയപ്പെടുന്നവയാണ്.

ഡോസുകളുടെ എണ്ണം– ഒരു ഡോസ് കൊണ്ട് മൂന്ന് വർഷത്തേക്ക് പ്രതിരോധശക്തി ലഭിക്കുന്നു. തുടർന്നുള്ള ഡോസുകൾ ഡോക്ടറുടെ അഭിപ്രായം അനുസരിച്ച് എടുക്കുക

2 വയസ്സിന് മുകളിലാണ് ഇത് എടുക്കുന്നത്

## ഇൻഫ്ളുവൻസാ വാക്സിൻ

എല്ലാ പ്രായക്കാരെയും ഇൻഫ്ളുവൻസാ രോഗം ബാധിക്കാമെങ്കിലും കുട്ടികളെയും മുതിർന്നവരെയും ചില പ്രത്യേക വിഭാഗത്തിൽ പെട്ടവരെയും (ഹൃദ്രോഗം, പ്രമേഹം, വൃക്കരോഗം, മുതലായവ ബാധിച്ചവർ) ആണ് പൊതുവിൽ ഇത് ബാധിക്കുന്നത്. അതിനാൽ രോഗകാഠിന്യം ഏറുവാൻ സാധ്യതയുള്ളവർക്കാണ് ഇൻഫ്ളുവൻസാ വാക്സിൻ ശുപാർശ ചെയ്യപ്പെടുന്നത്.

6 മാസത്തിൽ മുകളിൽ പ്രായമുള്ള, സ്ഥായിയായ ഹൃദ്രോഗം, ശ്വാസകോശരോഗം, വൃക്കരോഗം, പ്രമേഹം, HIV അണുബാധ ഇവ ഏതെങ്കിലും ഉള്ള എല്ലാ കുട്ടികൾക്കും ഈ വാക്സിൻ ലോകാരോഗ്യസംഘടന ശുപാർശ ചെയ്യുന്നു.

ഡോസ് – ഓരോ വർഷവും അതത് വർഷം പുറത്തിറക്കുന്ന വാക്സിൻ എടുക്കണം.

## ജപ്പാൻജ്വര വാക്സിൻ

പ്രധാനമായും 15 വയസ്സിൽ താഴെയുള്ള കുട്ടികളെ ബാധിക്കുന്ന അതിമാരകരോഗമാണ് ജപ്പാൻജ്വരം. ഏതാനും വർഷങ്ങൾക്ക് മുമ്പ് ഏറെ വാദകോലാഹലങ്ങൾക്കിടയിൽ ആലപ്പുഴയിലും മറ്റ് ചില ജില്ലകളിലുമായി ജപ്പാൻജ്വരത്തിനെതിരെയുള്ള കുത്തിവയ്പ് ഒന്നുമുതൽ 15 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സർക്കാർ നേതൃത്വത്തിൽ നല്കുകയുണ്ടായി ആലപ്പുഴ ജില്ലയിൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നത് കാര്യമായ പാർശ്വഫലങ്ങളിൽ നിന്നും ഇത് വിമുക്തമാണെന്നാണ്.

ഡോസ് – ഒറ്റ ഡോസ് (1 വയസ്സുമുതൽ 15 വയസ്സ് വരെ പ്രായമുള്ളവർക്ക് മാത്രം)

ഒന്നര വയസ്സിലുള്ള ഡി.പി.റ്റി. ബൂസ്റ്ററിന്റെ ഒപ്പമാണ് ഇതിപ്പോൾ കൊടുത്തുവരുന്നത്.

## വില്ലൻ ചുമക്കെതിരെയുള്ള ഏസെല്ലുലാർ വാക്സിൻ

ഡി.പി.റ്റി കുത്തിവയ്പ് എടുക്കുമ്പോൾ വേദനയും ചൂടും വളരെ സാധാരണയായി കണ്ടുവരുന്നു. ഇതൊഴിവാക്കാനായിട്ടാണ് പ്രധാനമായും ഏസെല്ലുലാർ വാക്സിൻ ഉപയോഗിക്കുന്നത്. ഇത്തരത്തിലുള്ള ഡിപിറ്റി വാക്സിനിൽ വില്ലൻചുമക്കെതിരെയുള്ള ഘടകത്തിൽ ചില വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. ഈ വാക്സിൻ DTap/DTPa എന്നീ നാമധേയങ്ങളിൽ അറിയപ്പെടുന്നു. സാധാരണ DPT വാക്സിന് പകരം ഇവ ഉപയോഗിക്കാം.

## പ്രതിരോധ കുത്തിവയ്പുകളെ സംബന്ധിച്ച ചില പൊതുവായ കാര്യങ്ങൾ

- ഒരു കുത്തിവയ്പ് ഫലപ്രദം ആകണമെങ്കിൽ അത് ഗുണമേന്മ ഉള്ളതും, ശരിയായ ഊഷ്മാവിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ളതും ശരിയായ രീതിയിൽ എടുക്കപ്പെട്ടിട്ടുള്ളതും ആകണം. നിർവിഘ്നം വിദ്യുച്ഛക്തി ലഭ്യമാണെങ്കിൽ മാത്രമേ കൃത്യമായ ഊഷ്മാവിൽ നിരന്തരം വാക്സിനുകൾ സംഭരിക്കുവാൻ കഴിയൂ. വിദ്യുച്ഛക്തി നിലയ്ക്കുന്ന അവസരങ്ങളിൽ തക്ക പ്രതിവിധികളും കൂടി സംവിധാനം ചെയ്യപ്പെടേണ്ടതുണ്ട്. പൊതുവേ ഗവൺമെന്റ് ആശുപത്രികളിൽ നിന്നു ലഭിക്കുന്ന മരുന്നുകളെക്കുറിച്ച് നല്ല അഭിപ്രായമല്ല ജനത്തിനുള്ളതെങ്കിലും ഏറ്റവും ഗുണമേന്മയോടെ പ്രതിരോധ കുത്തിവയ്പുകൾ ലഭ്യമാക്കുന്നത് ഗവൺമെന്റ് സംവിധാനത്തിൽ തന്നെയാണ്.
- ചെറിയ പനിയും ജലദോഷവും വയറിളക്കവും ഉള്ളത് കുത്തിവയ്പ് മാറ്റിവയ്ക്കാൻ ഒരു കാരണമാവേണ്ടതില്ല
- ശക്തിയായ പനി, ഗൗരവമുള്ള മറ്റ് അസുഖങ്ങൾ ഇവ ഉള്ളപ്പോൾ കുത്തിവയ്പ് നീട്ടിവയ്ക്കണം.
- എന്തെങ്കിലും കാരണവശാൽ ഒരു കുത്തിവയ്പു എടുക്കാൻ വിട്ടുപോയെങ്കിൽ വീണ്ടും ആദ്യം മുതൽ എടുക്കേണ്ട കാര്യമില്ല. മുടങ്ങിയ ഡോസു മുതൽ എത്രയും വേഗം എടുക്കുക.
- പനിയോട് കൂടിയ ജന്നി അഥവാ കോട്ടൽ, മരുന്നുകൾകൊണ്ട് നല്ല നിയന്ത്രണത്തിലായ അപസ്മാരം ഇവ ഉള്ളവർക്ക് ഡിപിറ്റി എടുക്കാം.

സുരക്ഷിതവും ആരോഗ്യകരവുമായ ഒരു നല്ല നാളേയ്ക്ക് വേണ്ടി നിങ്ങളുടെ കുഞ്ഞിന് ആവശ്യമായ കുത്തിവയ്പുകൾ യഥാസമയങ്ങളിൽ നല്കുക. ■

*ആലപ്പുഴ ഗവ. ടി.ഡി.മെഡിക്കൽ കോളേജിൽ ശിശുരോഗവിഭാഗം അസോസിയേറ്റ് പ്രൊഫസറാണ് ലേഖിക.*

വിനോദ് മങ്കര

പറയാതെ വയ്യ

# അഗ്നിപർവതത്തിനു മുകളിൽ വെയിൽ കായുന്ന
# സ്വന്തവും ബന്ധവും

**ഓരോ കാലഘട്ടത്തിനും ഓരോ നടപ്പു ശീലങ്ങൾ എന്ന കാഴ്ചപ്പാടിനുമുന്നിൽ ഭ്രമണം നടത്തി നമ്മുടെ കാലിടറുന്നുവോ?**

ശിതീകരിക്കപ്പെട്ട ബന്ധങ്ങളുടെ സദാചാരത്തിൽ നിന്നൊക്കെ നമ്മുടെ രാജ്യം മുക്തമാക്കപ്പെട്ടിട്ട് കാലമേറെയായി. മനുഷ്യപരിണതിയുടെ അച്ചടക്കത്തിനെന്ന ലേബലിൽ അരിയിട്ടുവാഴിച്ച സദാചാരചിന്തകൾ തീപ്പെട്ടു എന്നാണ് പറഞ്ഞുവരുന്നത്. ഓരോ കാലഘട്ടത്തിനും ഓരോ നടപ്പുശീലങ്ങൾ എന്ന കാഴ്ചപ്പാടിനു ചുറ്റുമാണ് മറ്റെവിടേയുമെന്നപോലെ ഇന്ത്യൻ ചിന്തയുടെ ഭ്രമണപഥവും. കാലഘട്ടത്തിന്റെ കനപ്പെട്ട ആവശ്യങ്ങളിലൊന്ന്, മുഷിഞ്ഞ ആശയങ്ങളിൽ വീണ്ടും വീണ്ടും തപ്പിത്തടഞ്ഞു നടക്കാതെ അതിനെ ഉൻമൂലനം ചെയ്യുന്ന രീതിയിൽ പുതിയ പദ്ധതികൾക്ക് തുടക്കം കുറിക്കുക എന്നതാണ്.

പുതിയ ചുറ്റുപാടിലേക്ക് കുടിയേറിയതുകൊണ്ടായിരിക്കാം വിചിത്രമായ കുറേ ബന്ധങ്ങളുടെ കൂട്ടിൽ താമസിക്കുകയാണ് നമ്മളിന്ന്. തന്റെ സ്വപ്നങ്ങൾ കുറച്ചുകൂടി സുരക്ഷിതമാവേണ്ടതുണ്ട് എന്നതിൽ നിന്നാവാം ഈ പലായനം തുടങ്ങുന്നത്. പക്ഷേ വിചിത്രമെന്നും അസുഖകരമെന്നും അയൽക്കാരനു തോന്നുന്ന ഈ ബന്ധങ്ങളുടെ പുതിയ ഫോർമുലകൾ മറ്റൊരർഥത്തിൽ ഭൂരിപക്ഷം ന്യായീകരിക്കുന്നുണ്ട് എന്നയിടുത്തുനിന്നാണ് ഈ പരീക്ഷണത്തിനും പരിരംഭണത്തിനും ഊർജം കിട്ടുന്നത്.

ഐതിഹ്യങ്ങളും പുരാണങ്ങളും ഭയഭക്തിയോടെയും കൗതുകത്തോടെയും വായിച്ച നമ്മൾ ഈ പുതുമ തേടിയുള്ള പരക്കംപാച്ചിലുകൾ കാണാതെ പോയിട്ടില്ല. ആ കഥകളുടെ പ്രദക്ഷിണവഴികളിലെല്ലാം അതിന്റെ ശില്പികൾ കൗതുകകരമായ ബന്ധങ്ങളുടെ പുതിയ ഗുണനങ്ങൾ ഒരുക്കിയിരുന്നു എന്നതാണ് സത്യം. ബഹുഭാര്യാത്വത്തിന്റെയും ബഹുഭർതൃത്വത്തിന്റെയും വേരുകൾ പുരാണങ്ങളിലാണ് അള്ളിപ്പിടിച്ചിരിക്കുന്നത്. മഹാഭാരതത്തിലെ കൃഷ്ണന് നിയമപരമായി രുഗ്മിണി, സത്യഭാമ എന്ന രണ്ടു ഭാര്യമാരുണ്ടായിട്ടും കൃഷ്ണൻ പതിനാറായിരത്തെട്ടു ഗോപികമാരുടെ കാമുകനായി. ദ്രൗപതിയെന്ന പാഞ്ചാലകുമാരി, തന്നെ വീതം വച്ചത് അഞ്ചുപേർക്കായാണ്. ദശരഥന്റെ മൂന്നു ഭാര്യമാരുണ്ടാക്കിയ പുകിലിൽ നിന്നുണ്ടായതാണ് രാമായണം. അഷ്ടപദിയുടെ സാഹിത്യമായ ഗീതാഗോവിന്ദത്തിൽ രാസലീലയാടിയ രാധക്ക് കൃഷ്ണനേക്കാൾ എട്ടുവയസ്സു കൂടുതലാണ് എന്നത് വേണ്ടവിധത്തിൽ ചർച്ചക്കെടുക്കാതെ പോയതെന്തുകൊണ്ടാണ്? പ്രണയമെന്ന അതിമാസ്മരിക പ്രതിഭാസത്തെ തുടച്ചുതുടച്ചു മിനുക്കിയെടുക്കുമ്പോൾ കവിക്ക് മറ്റൊന്നും പ്രശ്നമാവില്ല എന്നതല്ലേ സത്യം? കുറച്ചുകൂടി അടുത്ത കാലത്തേക്കു വന്നാൽ അറിയാതെയാണെങ്കിലും പെറ്റമ്മയെ പ്രണയിച്ച് പുതിയ ബന്ധം സ്ഥാപിച്ച ഈഡിപ്പസ്. ഉണ്ണുനീലി സന്ദേശം, ഉണ്ണിയച്ചി ചരിതം ചന്ദ്രോത്സവം തുടങ്ങിയ ആദികാല കവിതകളിൽ പ്രത്യക്ഷപ്പെട്ട, ആ കവിതകൾക്കുതന്നെ പ്രചോദനമായ ഭാര്യയല്ലാത്ത ആ മറ്റേ സ്ത്രീയെ കാണാം. ഒരു വശത്തുകൂടി സദാചാരത്തിനുവേണ്ടി സിന്ദാബാദ് വിളിക്കുമ്പോൾത്തന്നെ മറ്റേവശത്തുകൂടി അതിനെ തകിടം മറിക്കുന്നതും നാം കേൾക്കുന്നുണ്ട്. സദാചാരഭ്രംശത്തിൽ നിന്നുണ്ടായ സന്ദേശകാവ്യങ്ങളെ നാം ഇന്ന് നല്ലമാർക്കുകിട്ടുന്നതിനുവേണ്ടി പഠിക്കുന്നുണ്ട്. കുമാരനാശാന്റെ ചണ്ഡാലഭിക്ഷുകിയിലെ പുലയസ്ത്രീ ഭിക്ഷുവിന് കുടിവെള്ളം കൊടുത്തപ്പോഴും അകത്തവൾ ചോദിച്ച ചോദ്യം 'അല്ലല്ലെന്തു കഥയിതു കഷ്ടമേ അല്ലലാലങ്ങു ജാതി മറന്നുവോ' എന്നായിരുന്നു. അത് അന്നത്ര വലിയ പ്രശ്നമായിരുന്നു എന്നതാണതിനു കാരണം. എന്നാൽ കുറേകാലം കഴിഞ്ഞപ്പോൾ ഒ.വി. വിജയന്റെ തലമുറകൾ എന്ന നോവലിലെ ചന്ദ്രൻ



എന്ന ഈഴവൻ തന്റെ അപകർഷതാബോധം കുടഞ്ഞുകളയുന്നത് റോസ്മേരി വാഗ്നർ എന്ന ക്രിസ്ത്യൻ യുവതിയെ വിവാഹം കഴിക്കുന്നതിലൂടെയാണ്. പുതിയ പരിസ്ഥിതിക്ക് പുതിയ സിദ്ധാന്തങ്ങളും ആലോചനകളും കടന്നുവന്നു.

ചരിത്രത്തിന്റെ വഴിയമ്പലങ്ങളിൽ പിന്നീട് പേരുപറയാൻ, കുലം പറയാൻ ജാള്യതകാട്ടിയ ദേവദാസികളെ ഈയവസരത്തിൽ ഓർക്കുന്നത് നന്നായിരിക്കും. രതിവൈകൃതത്തിന്റെ ഒരു മറ്റേ അധ്യായം എന്നും സൂക്ഷിച്ചിട്ടുള്ള മനുഷ്യൻ ഇന്ത്യയിൽ എന്നപോലെ മറ്റു പല രാജ്യങ്ങളിലും ഈ ദേവദാസി സമൂഹത്തെ പാർപ്പിച്ചിട്ടുണ്ട്. ബുദ്ധ ഭിക്ഷുക്കളുടെ സാർഥവാഹകസംഘത്തെ ബുദ്ധവിഹാരങ്ങളിൽ രമിപ്പിക്കുന്നതിന് 'സുതനുക' എന്ന സ്ത്രീസംഘത്തെ നിയോഗിച്ചതിലെ രീതിശാസ്ത്രം തന്നെയാണ് ഇന്ത്യയൊട്ടാകെയുള്ള ഹിന്ദുക്ഷേത്രങ്ങളിൽ നൃത്തംചെയ്ത ദേവദാസികളിലും പ്രവർത്തിച്ചത്. പുരി ജഗന്നാഥ ക്ഷേത്രത്തിൽ, ഇവർ ഒഡീസി എന്ന നൃത്തകൗതുകത്തിലേക്ക് വഴിമരുന്നിട്ടപ്പോൾ തഞ്ചാവൂരിലെയും മധുരയിലെയും ക്ഷേത്രങ്ങളിൽ, ദേവദാസികൾ ഒരുക്കിയ സദിരാട്ടം പിന്നീട് ഭരതനാട്യമായി മാറി. കേരളത്തിലെ ദേവദാസികൾക്ക് തമിഴത്തിയുടെ ഛായയായതിനാൽ മോഹിനിയാട്ടം ആ വഴിക്കുവന്നതാണെന്ന് പറയാനുള്ള തെളിവൊന്നും കിട്ടിയില്ല. എങ്കിലും ആദ്യകാല മോഹിനിയാട്ടത്തിലെ ആഭാസത്തരങ്ങളൊന്നും ഇന്നില്ല എന്നതാണ് ആ കലാരൂപത്തിന്റെ വളർച്ച. ഇന്ത്യയിലെ ചില മുസ്ലീം പള്ളികളിലും ദേവദാസികളെ പാർപ്പിച്ചിരുന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഗ്രീസിലും മെസോപ്പൊട്ടോമിയയിലും മറ്റും ഉയിർക്കൊണ്ട ഇറോട്ടിക് തിയേറ്റർ ഈ വർഗത്തിന്റെ സാർവദേശീയത അടയാളപ്പെടുത്തുകയാണ്.

ഹിന്ദുവിനിടയിൽ നിലനിന്നിരുന്ന സമ്മന്തമെന്ന അസംബന്ധം, ഇസ്ലാമിനിടയിൽ നിലനിന്നിരുന്ന ബഹുഭാര്യാത്വം ഇതൊക്കെ അപലപനീയമായ സ്ഥിതിവിശേഷത്തിന്റെ പഴയ കാലമാണെങ്കിലും സ്വാതിതിരുനാൾ മഹാരാജാവിനും ബിൻലാദനും ഭാര്യമാർ പലതാണെന്നത് സൗകര്യപൂർവം വിസ്മരിക്കുന്നത് വ്യക്തികളുടെ ചാർത്തപ്പെട്ട പ്രഭാവലയം കൊണ്ടാണ്.

ബന്ധത്തിന്റെ പുതിയ മേച്ചിൽപ്പുറങ്ങളിലൊന്നാണ് ഭർത്താവിനേക്കാൾ മൂപ്പുകൂടിയ ഭാര്യ എന്ന സങ്കല്പം. ഭർത്താവിന് ഭാര്യയേക്കാൾ വയസ്സു കൂടുതൽ വേണമെന്ന പഴയ സങ്കല്പത്തിൽ ഭാര്യ തന്റെ പുരുഷനിൽ ഇണ എന്ന പ്രാകൃതിക സഞ്ചാരത്തിനുപരിയായി പിതാവ് എന്ന സുരക്ഷിതത്വം ആരോപിച്ചിരുന്നു എന്ന പഴയ കഥയുടെ കടയ്ക്കൽ വെട്ടേറ്റിരിക്കുന്നു. പുതിയ രീതിയിൽ പ്രായം കൂടിയ ഭാര്യയിൽ, ഭർത്താവ് രതിനായികയ്ക്കുപരിയായി താരാട്ടിന്റെ, ലാളനയുടെ ഒരു അമ്മയെ കാണുന്നുവോ എന്ന് സംശയമുണ്ടെന്ന് ചില മനശ്ശാസ്ത്രജ്ഞർ പറയുന്നു. 1967-ലെ ദ ഗ്രാജുവേറ്റ് എന്ന ഹോളിവുഡ് ചിത്രത്തിൽ ഡസ്റ്റിൻ ഹോഫ്മാന്റെ കഥാപാത്രത്തിന്റെ ഭാര്യ, വയസ്സിൽ മൂപ്പുള്ള അനീബാൻക്രോഫ്റ്റിന്റെ കഥാപാത്രമായത് ഇതിനുദാഹരണമാണ്. 2009 ലെ ഒരു ഹിന്ദി സൂപ്പർഹിറ്റ് ചിത്രമായിരുന്നു വേക്ക് അപ് സിഡ്. നായകനായ രൺബീർ കപൂറിന്റെ നായിക രൺബീറിനേക്കാൾ വയസ്സുള്ള കൊങ്കണാസെൻ ശർമയായിരുന്നു. സെല്ലുലോയിഡിൽ നടന്ന പരീക്ഷണങ്ങൾ ജീവിതത്തിലും പിന്നീട് പകർത്തപ്പെട്ടു. കോഗർ വിവാഹമെന്ന് ഇത് വാഴ്ത്തപ്പെട്ടു. ഹോളിവുഡിൽ, ഡമീമൂർ തന്നേക്കാൾ 15 വയസ്സ് കുറവുള്ള നടനായ അസ്തൻ കുച്ചറിനെ വരനാക്കി. പോപ്പ് ഗായിക മഡോണ വിവാഹം കഴിച്ചത് 10 വയസ്സിനു ഇളയ റിച്ചിയെയായിരുന്നു. ഇന്ത്യയിൽ, 1991 ൽ സെയ്ഫ് അലിഖാൻ തന്നേക്കാൾ 12 വയസ്സ് കൂടുതലുള്ള അമൃത സിംഗിനെ വിവാഹം കഴിച്ചത് വലിയ ഒച്ചപ്പാടുകളുണ്ടാക്കിയതാണ്. ഇന്ന് ഇതൊരു സാധാരണ വാർത്ത മാത്രമാണ്. ക്രിക്കറ്റ് താരം സച്ചിൻ ടെന്റുൽക്കറുടെ ഭാര്യ അഞ്ജലിക്ക് ടെന്റുൽക്കറേക്കാൾ 5 വയസ്സ് കൂടുതലാണ്. ബോളിവുഡ് സുന്ദരിമാർ ഐശ്വര്യറായും ശില്പാഷെട്ടിയും തങ്ങളേക്കാൾ 2 വയസ്സു കുറവുള്ള നായകൻമാരെയാണ് വിവാഹം കഴിച്ചത്. ഇക്കഴിഞ്ഞ ജൂണിൽ ദി സൺ പത്രം പ്രസിദ്ധീകരിച്ച ഒരു വാർത്ത ഏറെ രസകരമാണ്. ബ്രിട്ടനിലെ 56 വയസ്സുള്ള പാറ്റ് ഹിഗ്ഗിൻസ് എന്ന സ്ത്രീ അവരുടെ ഒൻപതാമത്തെ വിവാഹം നടത്തിയിരിക്കുന്നു! വരൻ തന്നേക്കാൾ 32 വയസ്സു കുറവുള്ള മാർക്ക് സാൻറേഴ്സൺ! മാർക്ക് ജനിക്കുന്നതിനു മുമ്പേ പാറ്റ് ഹിഗ്ഗിൻസ് 3 തവണ വിവാഹിതയായിരുന്നു. വരന്റെ അമ്മയേക്കാൾ 7 വയസ്സു കൂടുതലാണത്രെ വധുവിന്!

ഇന്റർ കാസ്റ്റ്, ഇന്റർ റിലീജിയൻ വിവാഹങ്ങളുടെ വിപ്ലവമൊക്കെ തീർന്നിട്ട് കാലങ്ങളായി. ലോകത്താകമാനമെന്നതുപോലെ ത്തന്നെ ഇന്ത്യയിലും ഗേ, ലസ്ബീനിയൻ സംസ്കാരവും സ്വവർഗരതിയും സാധാരണ സംഭവമായിട്ടുണ്ട്. പെൺവേഷം കെട്ടി കാമനയെ പുതിയ വഴിത്താരയിലേക്ക് ക്ഷണിക്കുന്നവന്റെ 'പെൺപ്രശ്നങ്ങൾ' പരിഹരിക്കണമെന്ന് ആക്രോശിക്കുന്ന ചലച്ചിത്രങ്ങളുണ്ടാവുന്ന രാജ്യത്താണ് നാം താമസിക്കുന്നത് എന്നോർക്കണം. സദാചാരത്തിന്റെ ചരടുകൾ എത്രത്തോളം മുറുക്കിയിട്ടുണ്ടോ അത്രത്തോളം അത് പൊട്ടിയിട്ടുമുണ്ട്. അതിന്റെ വികൃതരൂപമായിരിക്കാം ഇപ്പോൾ ആവർത്തിക്കുന്നത്.

ജീവിത കാമനയുടെ മുകളിൽ കയറിയിരിക്കുന്ന മനുഷ്യന്റെ ആർത്തിയുടെ പുതിയ വഴിയാണ് ഹോർമോൺ ഇഞ്ചക്ഷനിലൂടെ തെളിയുന്നത്. വാർധക്യത്തിന് തടയിടാൻ ഹോർമോണുകൾ കുത്തിവയ്ക്കുന്ന പുതിയ തലമുറയെക്കുറിച്ചുള്ള വാർത്തകൾ നിരവധിയാണ്. പുരുഷ ലൈംഗിക ഹോർമോണായ ടെസ്റ്റോസ്റ്റിറോൺ കുത്തിവയ്ക്കുന്ന ആണും പെണ്ണും ഇടകലർന്ന സമൂഹത്തിലാണ് ഇപ്പോൾ നമ്മുടെ വാസം. ജോലിസമയത്തിന്റെ ദൈർഘ്യകൂടുതൽ കൊണ്ടുണ്ടാവുന്ന മാനസിക പിരിമുറുക്കത്തിൽനിന്ന് മോചനം ലഭിക്കാനും, പേശീബലം കൂട്ടാനുമാണ് യുവാക്കൾ ഈ ഹോർമോൺ കുത്തിവയ്ക്കുന്നത്. 20 നും 30 നും ഇടയിൽ പ്രായമുള്ളവരുടെ പുതിയ രീതിയാണിത്. ഇതു കുത്തിവയ്ക്കുന്നതിലൂടെ ഉത്തേജിതരാവുന്നവരുടെ ദാമ്പത്യത്തിൽ എപ്പോഴും ഒരു കൃത്രിമത്വമുണ്ടാവുമെന്ന് പറയേണ്ടല്ലോ. പുരുഷ ഹോർമോണായ ടെസ്റ്റോസ്റ്റീറോൺ ഉപയോഗിച്ച് ലൈംഗിക ശക്തി കൂട്ടുന്ന സ്ത്രീകളും ഇന്ന് കുറവല്ല. ഇങ്ങനെയുള്ളവർക്ക് നേരിടേണ്ടിവരുന്ന പാർശ്വഫലങ്ങൾ ചില്ലറയല്ല.

എന്തു കാരണമായാലും സ്ത്രീ-പുരുഷ ബന്ധത്തിൽ ആലോചിക്കാനാവുന്നതിനപ്പുറമുള്ള മാറ്റങ്ങൾ വന്നുകഴിഞ്ഞു. ദാരിദ്ര്യം കൊണ്ടാണെങ്കിലും അല്ലെങ്കിലും സ്വന്തം മകളെ കാഴ്ചവയ്ക്കുന്ന മാതാപിതാക്കളുടെ ചെയ്തികളെ എല്ലാകാലത്തും പോക്രിത്തരം എന്നേ പറഞ്ഞിട്ടുള്ളൂ. എന്നിട്ടും മകളെ പീഡിപ്പിക്കുന്ന അച്ഛന്റെ കഥ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. സ്ത്രീക്ക് മാസമുറ വരുമ്പോൾ ലൈംഗിക ആവശ്യങ്ങൾക്കായി മറ്റൊരു സ്ത്രീയെ ഉപയോഗിക്കാവുന്നതാണെന്നു പറഞ്ഞ് ബഹുഭാര്യാത്വത്തിനെ ന്യായീകരിച്ച മതപണ്ഡിതന്റെ പ്രസ്താവന മിക്ക മലയാളം ടെലിവിഷൻ ചാനലുകളിലെയും ഫയലിലുണ്ട്. സദാചാരത്തിന്റെ ഡോസു കൂട്ടാൻ ഒരു സ്കൂളിൽ പഠിച്ചിരുന്ന ആൺകുട്ടിയെയും പെൺകുട്ടിയെയും രണ്ടു സ്കൂളിലാക്കി ഗേൾസ് സ്കൂൾ, ബോയ്സ് സ്കൂൾ എന്ന മഹത്തായ കണ്ടുപിടിത്തം നടത്തിയവരാണ് നാം.

അടിച്ചമർത്തപ്പെട്ട ലൈംഗികചിന്തയിലാണ് ഇന്ത്യയുടെ അടിത്തറയെന്നും സ്നേഹമെന്ന ഗംഗയുടെ ഉറവിടകേന്ദ്രമായ ഗംഗോത്രിയാണ് ലൈംഗികതയെന്നും അതിനെ നിഷേധിക്കുന്നത് വങ്കത്തമാണെന്നും പറഞ്ഞ രജനീഷ് തന്നെയാവുമോ സത്യമെന്നും വെറുതെ ചിന്തിച്ചുപോകാൻ പ്രേരിതമാകുകയാണ്. 'പ്രിയേ ഇതു നീയാം' എന്ന് പ്രിയതമയോടു, തന്നെ പരിചയപ്പെടുത്തിയ ജലാലുദീൻ റൂമിയുടെ നായകൻ ഇന്നില്ല. എന്റെ മകളെ മകളേ എന്നും മകനെ മകനേ എന്നും വിളിക്കാൻ എനിക്കിനി എത്ര കാലം കഴിയും? ഇപ്പോൾ എനിക്ക് ശരിക്കും പേടി തോന്നുന്നു. ■

■ നിലീൻ കിള്ളൂർ

# പുനർജനി തേടുന്ന പുനലൂർ

## വിസ്മൃതിയിലലിഞ്ഞ പൂർവകാല പ്രതാപങ്ങൾ ഒന്നൊന്നായി തിരിച്ചുവരുന്ന പുനലൂരിന്റെ ചരിത്രത്തിലേക്ക്

കേരളത്തിലെ ആദ്യകാല വികസിത മലയോരപട്ടണങ്ങളിൽ ഒന്നായിരുന്നു പുനലൂർ. അന്തർസംസ്ഥാന ഗതാഗതസൗകര്യവും പ്രകൃതിവിഭവങ്ങളുടെ സമ്പന്നതയും വ്യവസായ സംരംഭങ്ങളുമൊക്കെക്കൂടി ഈ ചെറുപട്ടണം കൊല്ലം ജില്ലയുടെ ഭൂപടത്തിൽ നിർണായകസ്ഥാനം നേടിയെടുത്തു. കാലപ്രവാഹത്തിൽ പാരമ്പര്യത്തിന് മങ്ങലേൽപ്പിച്ചുകൊണ്ട് പ്രതാപങ്ങൾ ഒന്നൊന്നായി പോയ്മറഞ്ഞു. പക്ഷേ, ഇന്ന് ഈ മലയോരപട്ടണം വികസനത്തിന്റെ പാതയിലാണ്; ഗതകാലപ്രൗഢികൾ ഒന്നൊന്നായി മടങ്ങിവന്നുകൊണ്ടിരിക്കുന്നു.

വിനോദസഞ്ചാരികളെ മാടിവിളിക്കുന്ന പശ്ചിമഘട്ടമലനിരകളുടെ മടിത്തട്ടിലാണ് പുനലൂരിന്റെ സ്ഥാനം. ഇന്ത്യയിലെതന്നെ ആദ്യത്തെ പ്രകൃതിസൗഹൃദ ഇക്കോടൂറിസം പദ്ധതി പ്രവർത്തിക്കുന്നത് പുനലൂർ അടങ്ങുന്ന പത്തനാപുരം താലൂക്കിലെ തെന്മലയിലാണ്. പ്രശാന്ത സുന്ദരമായ തേയിലത്തോട്ടങ്ങളും ഓറഞ്ച് തോട്ടങ്ങളും കൊണ്ട് അനുഗൃഹീതമായ അമ്പനാട് കുന്നുകളും സഞ്ചാരികൾക്ക് കാഴ്ചയുടെ വസന്തമൊരുക്കുന്നു. ഏലം, ഗ്രാമ്പൂ തുടങ്ങിയവയും ഇവിടങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്. ചരിത്രസ്മാരകമായ പുനലൂർ തൂക്കുപാലവും ഇപ്പോൾ പുനരുദ്ധരിക്കപ്പെട്ടുക്കൊണ്ടിരിക്കുന്നു. നൂറുകണക്കിന് തൊഴിലാളികൾക്ക് ആശ്രയമേകിയിരുന്ന പുനലൂർ പേപ്പർമിൽ ഏറെക്കാലത്തെ കാത്തിരിപ്പിനുശേഷം തുറക്കാൻ പോകുന്നുവെന്ന വാർത്ത തദ്ദേശീയരിൽ പ്രത്യാശയുണർത്തുന്നു.



പുനലൂർ തൂക്കുപാലം

അടഞ്ഞുകിടന്ന പുനലൂർ അഗ്രോഫ്രൂട്ട്സും ഉടൻ പ്രവർത്തനം ആരംഭിക്കുമെന്ന് ഉറപ്പായിക്കഴിഞ്ഞു. ഇടയ്ക്ക് പ്രവർത്തനം നിലച്ച പ്ലൈവുഡ് ഫാക്ടറിയടക്കം മേൽപ്പറഞ്ഞ വ്യവസായ സ്ഥാപനങ്ങൾ ഒരുകാലത്ത് ഈ മലയോരപട്ടണത്തിന് നേടിക്കൊടുത്ത ഖ്യാതി ചെറുതല്ല.

ശെന്തുരുണി വന്യജീവി സങ്കേതത്തിനു നടുവിലെ തെന്മലഡാം. അഡ്വഞ്ചർ പാർക്ക്, കളംകുന്ന് ബോട്ട്യാർഡ് എന്നിവിടങ്ങളൊക്കെ സഞ്ചാരികളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ വലിയ ജലസേചനപദ്ധതികളിൽ ഒന്നായ കല്ലട ജലസേചനപദ്ധതിയുടെ ഭാഗമായ തെന്മല ഡാമിൽനിന്ന് 15 മെഗാവാട്ട് വൈദ്യുതിയും ഉത്പാദിപ്പിക്കുന്നുണ്ട്.

തീർഥാടകരെ ആകർഷിക്കുന്ന മൂന്ന് കാനന ക്ഷേത്രങ്ങളും ഈ ചെറുപട്ടണത്തിന്റെ മൂന്നു കോണുകളിലായി നിലകൊള്ളുന്നു. കുളത്തൂപ്പുഴ, ആര്യങ്കാവ്, അച്ചൻകോവിൽ അയ്യപ്പക്ഷേത്രങ്ങളാണ് അവ. മണ്ഡലകാലത്ത് അന്യസംസ്ഥാനങ്ങളിൽനിന്നുൾപ്പെടെയുള്ള തീർഥാടകരുടെ പ്രവാഹമാണ് ഇവിടങ്ങളിൽ. മണ്ഡലകാലം ആരംഭിച്ചാൽ പുനലൂർ-തെങ്കാശി പാതയുടെ ഇരുവശങ്ങളിലും ആരംഭിക്കുന്ന താത്കാലിക കടകൾ മാസങ്ങളോളം കൊച്ചുപമ്പ എന്ന പേരിൽ സജീവ വ്യാപാരകേന്ദ്രമായി തുടരും.

ജപ്പാൻ കുടിവെള്ളപദ്ധതിയുടെ ഭാഗമായി കല്ലടയാറ്റിൽനിന്ന് ജലംശേഖരിച്ച് ശുദ്ധീകരിക്കുന്ന കേന്ദ്രസംഭരണിയും പുനലൂരിലെ കൊമ്പേറ്റിമലയിലാണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് സാധനങ്ങൾ എത്തിക്കാനുള്ള മുഖ്യ ഗതാഗതമാർഗങ്ങളായ റെയിൽ, റോഡ് സൗകര്യങ്ങളാൽ അനുഗൃഹീതമാണ് ഈ ചെറുപട്ടണം.

ദൃശ്യചാരുതയേകുന്ന കണ്ണറപ്പാലങ്ങളും തുരങ്കങ്ങളും കടന്ന് കാട്ടിനുനടുവിലൂടെ പോകുന്ന മീറ്റർഗേജ് തീവണ്ടിയിലിരിക്കുമ്പോൾ സഞ്ചാരികൾ പ്രകൃതിസൗന്ദര്യത്തിന്റെ മനോഹാരിത അറിയുന്നു. തിരുവനന്തപുരം-തെങ്കാശി, പുനലൂർ-മൂവാറ്റുപുഴ പാതകൾ അന്യജില്ലകളിൽ എത്തുന്ന സഞ്ചാരികളെക്കൂടി അതിവേഗം ഈ സഹ്യസാനുക്കളിലേക്ക് ആകർഷിക്കുന്നു.

തെന്മലയിലെ മാൻ പാർക്ക്, പാലരുവി, കുംഭാവുരുട്ടി വെള്ളച്ചാട്ടങ്ങൾ എന്നിവയൊക്കെ കുറഞ്ഞ ചുറ്റളവിൽ കൂടുതൽ പ്രകൃതിസൗന്ദര്യം നുകരാൻ സഞ്ചാരികൾക്ക് അവസരം ഒരുക്കുന്നു. ജലക്രീഡാതത്പരരായവർക്ക് കൂടുതൽ ആവേശമായി ചെങ്കോട്ടയിലെ കുറ്റാലം വെള്ളച്ചാട്ടവും ഏറെ അകലെയല്ലാതെ പ്രകൃതി കാത്തുസൂക്ഷിക്കുന്നു.

പ്രതികൂലങ്ങളെ മറികടന്ന് പുനലൂർ വളരുകയാണ്, വിനോദ-വ്യവസായ ഭൂപടത്തിൽ കൊല്ലം ജില്ലയുടെ സ്ഥാനം ഉറപ്പിച്ചുകൊണ്ട്. വിസ്മൃതിയിലലിഞ്ഞ ഗതകാല പ്രതാപങ്ങൾ തുടികൊട്ടി ഉണരുന്ന സമയം ഇനി അകലെയല്ല. ■

ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ



# ശ്രീപത്മനാഭപ്പെരുമാൾ

**ഒൻപതാം നൂറ്റാണ്ടു മുതൽക്ക് തുടങ്ങുന്നതാണ് ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ചരിത്രം. ദേവന്റെ രാജ്യം, ദേവന്റെ സ്വത്ത് എന്നീ പരികല്പനകൾ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ഈടുവെയ്പുകളെ കാത്തുപോന്നു**

കേരളചരിത്രത്തിലെ രോമാഞ്ചദായകമായ സംഭവങ്ങളിലൊന്നാണ് തൃപ്പടിദാനം. ശ്രീ. വീരബാലമാർത്താണ്ഡവർമ ശ്രീപത്മനാഭപ്പെരുമാൾക്ക് രാജ്യം അടിയറവെച്ച് ശ്രീപദ്മനാഭദാസനായി മാറിയെന്ന് ചരിത്രം. മിക്കവാറും എല്ലാ കേരളചരിത്രകാരന്മാരും ഈ വസ്തുത അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസിന്റെ എഡിറ്ററായിരുന്ന റ്റി.എം. ഗോപിനാഥറാവു തൃപ്പടിദാനം സംബന്ധിച്ച് ഒരു വിയോജനക്കുറിപ്പ് എഴുതിയിട്ടുള്ളത് അധികമാരും ശ്രദ്ധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. തിരുവിതാംകൂർ ചരിത്രകാരനായ പി.ശങ്കുണ്ണിമേനോൻ കൊല്ലം 925 മേടം 5-ാം തീയതി മാർത്താണ്ഡവർമ തൃപ്പടിദാനം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ദാനം സംബന്ധിച്ച് ട്രാവൻകൂർ ലാന്റ് റവന്യൂമാനുവലിൽ 925 മകരം 5-നു എന്നു കാണുന്നു. വൈക്കത്തു പാച്ചുമൂത്തത് എഴുതിയ ചരിത്രത്തിൽ കൊല്ലം 922 വിഷുദിവസം തൃപ്പടിദാനം നടന്നതായി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിൽ ഏതാണ് ശരി? മാർത്താണ്ഡവർമ നടത്തിയ തൃപ്പടിദാ



**മാർത്താണ്ഡവർമ്മ**

നത്തെപ്പറ്റി പണ്ടേ സംശയമുണ്ടായിരുന്നുവെന്ന് ഈ കാലവ്യതിയാനങ്ങൾ വ്യക്തമാക്കുന്നു.

മാർത്താണ്ഡവർമയ്ക്കുശേഷം തിരുവിതാംകൂർ ഭരിച്ച കാർത്തിക തിരുനാൾ ബാലരാമവർമ തൃപ്പടിദാനം നിർവഹിച്ചതിന് അനിഷേധ്യമായ തെളിവുണ്ട്. ബാലരാമഭരതത്തിൽ ഇപ്രകാരം കാണുന്നു-

*തദനുജരവിവർമ ഭാഗിനേയഃ*
*സ്വനാമാ*
*സ്വയമപി സ തു വഞ്ചിക്ഷ്മാപ*
*തിശ്ചൈകഭാവഃ*
*സകലഭൂവനഭാരം പത്മനാഭായ*
*ദത്വാ*
*മനുപതി കുലഭൂപേ സ്വാമിഭൃത്യ*
*സ്വഭാവാഃ*

മാർത്താണ്ഡവർമയുടെ തൃപ്പടിദാനത്തെപ്പറ്റി 'ബാലരാമഭരത'ത്തിൽ യാതൊരു സൂചനയുമില്ല. സകലഭൂവനഭാരം പത്മനാഭനു നല്കി പത്മനാഭദാസനായി മാർത്താണ്ഡവർമ മാറിയിട്ടുണ്ടായിരുന്നെങ്കിൽ അക്കാര്യമെന്തേ കാർത്തികതിരുനാൾ 'ബാലരാമഭരത'ത്തിൽ വിട്ടുകളഞ്ഞു! രാമപാണിവാദൻ 'സീതാരാഘവ'ത്തിലും ദേവരാജൻ 'ബാലമാർത്താണ്ഡവിജയത്തി'ലും പ്രകീർത്തിച്ച തൃപ്പടിദാനം ബാലരാമഭരതകർത്താവ് വിസ്മരിച്ചത് അത്ഭുതംതന്നെ. കൊല്ലം 937-ലാണ് കാർത്തികതിരുനാൾ തൃപ്പടിദാനം നല്കിയത്. ശ്രീപത്മനാഭന്റെ രാജ്യം എന്ന സങ്കല്പം മാർത്താണ്ഡവർമയ്ക്കു മുമ്പുതന്നെ ഉണ്ടായിരുന്നു. രാജനാഥകവിയുടെ 'അച്യുതരായാഭ്യുദയം' കാവ്യത്തിൽ തിരുവടിദേശം (വേണാട്) ശ്രീപത്മനാഭന്റെയാണെന്ന സങ്കല്പത്തെ ആദരിച്ചിട്ടുണ്ട്. അച്യുതരായർ വിജയനഗരരാജാവായിരുന്ന കാലത്ത് വേണാടിന്റെ തെക്കൻ പ്രദേശങ്ങൾ വിജയനഗരം ആക്രമിക്കുകയുണ്ടായി. താമ്രപർണീതീരത്തു വെച്ചുണ്ടായ യുദ്ധത്തിൽ വേണാട്ടടികൾ പരാജയപ്പെട്ടു. കാവ്യത്തിലെ സൂചനപ്രകാരം അച്യുതരായരുടെ സൈന്യാധിപൻ തിരുവനന്തപുരത്തെത്തി അനന്തശയനം വന്ദിക്കുകയും കാണിക്ക അർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മാർത്താണ്ഡവർമയ്ക്കുമുമ്പ് വേണാടു ഭരിച്ചിരുന്ന രാജാക്കന്മാരെല്ലാം ശ്രീപത്മനാഭഭക്തന്മാരായിരുന്നു. സംഗ്രാമധീരരവിവർമയുടെ തിരുവനന്തപുരം ശാസനത്തിൽ 'ശ്രീ പത്മനാഭപദകമല പരമാരാധകൻ' എന്നും വീരരവിവർമയുടെ കേരളപുരം ശാസനത്തിൽ 'പത്മനാഭ പാദാരവിന്ദസേവിതൻ' എന്നും രേഖപ്പെടുത്തിയിട്ടുള്ളതു നോക്കുക. കൊല്ലവർഷം 695, 696, 722 കാലത്തെ ഓലച്ചുരുണകളിൽ വേണാട്ടുരാജാവിനെ 'പത്മനാഭദാസൻ' എന്ന് പരാമർശിച്ചു കാണുന്നു.

ചിലപ്പതികാരത്തിൽ പരാമൃഷ്ടമായിട്ടുള്ള 'ആടകമാടം' ശ്രീപത്മനാഭസ്വാമി ക്ഷേത്രമാണെന്ന് ചില തമിഴ് വ്യാഖ്യാതാക്കൾ നിരീക്ഷിച്ചിട്ടുണ്ട്. 'ആടകമാടത്തരവണൈക്കിടന്തോൻ' അനന്തനിൽ പള്ളികൊള്ളുന്ന വിഷ്ണുവാണല്ലോ

ആഴ്വാന്മാരിൽ പ്രധാനിയായ നമ്മാഴ്വാരാണ് അനന്തപുരം ക്ഷേത്രത്തെപ്പറ്റി പാടിയിട്ടുള്ളവരിൽ ഏറ്റവും പ്രാചീനൻ. ക്രി.വ. 900 നടുത്താണ് അദ്ദേഹം ജീവിച്ചിരുന്നത്. ചിലപ്പതികാരത്തിൽ പരാമൃഷ്ടമായിട്ടുള്ള 'ആടകമാടം' ശ്രീ പത്മനാഭസ്വാമിക്ഷേത്രമാണെന്ന് ചില തമിഴ് വ്യാഖ്യാതാക്കൾ നിരീക്ഷിച്ചിട്ടുണ്ട്. 'ആടകമാടത്തരവണൈക്കിടന്തോൻ' അനന്തനിൽ പള്ളികൊള്ളുന്ന വിഷ്ണുവാണല്ലോ. ഈ ദേവൻ തിരുവനന്തപുരത്തെ അനന്തശായിയാണെന്ന് ഉറപ്പിച്ചു പറയാൻ തെളിവില്ല. എന്തായാലും ക്രി.വ. 9-10 നൂറ്റാണ്ടു മുതൽക്ക് തുടർച്ചയായ ഒരു ചരിത്രം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനുണ്ടെന്ന് പുരാരേഖകൾ വ്യക്തമാക്കുന്നു. ഇന്നു കാണുന്ന ക്ഷേത്രം മാർത്താണ്ഡവർമയുടെ ഭരണകാലത്ത് ഉണ്ടായതാണെങ്കിലും പ്രതിഷ്ഠാമൂർത്തികളെല്ലാം പണ്ടുമുതൽക്കേ ഉള്ളതാണെന്നതിന് ഉണ്ണുനീലി സന്ദേശകാവ്യം ഒരു തെളിവാണ്. 14-ാം നൂറ്റാണ്ടിലുണ്ടായ ഈ കാവ്യത്തിൽ അനന്തശയനം, നരസിംഹമൂർത്തി, വേദ വ്യാസൻ, വിഷ്വക്സേനൻ, രാമലക്ഷ്മണഹനുമാന്മാർ, ഗരുഡൻ, ഉണ്ണിക്കൃഷ്ണൻ, അയ്യപ്പൻ, തിരുവമ്പാടികൃഷ്ണൻ, ക്ഷേത്രപാലൻ എന്നീ മൂർത്തികളെ സ്തുതിച്ചിട്ടുണ്ട്. അക്കാലത്തുതന്നെ ഏറ്റവും സമ്പന്നമായ ക്ഷേത്രമായിരുന്നു അനന്തശായിയുടേത്. മാർത്താണ്ഡവർമയ്ക്കു മുമ്പ് നാടുഭരിച്ച രാജാക്കന്മാർക്ക് നാമമാത്രമായ അവകാശമേ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിന്മേലുണ്ടായിരുന്നുള്ളൂ. എട്ടരയോഗക്കാരായ പോറ്റിമാരും അവരുടെ സിൽബന്തികളായിരുന്ന പിള്ളമാരും കൂടിയാണ് ക്ഷേത്രകാര്യങ്ങൾ നോക്കിപ്പോന്നിരുന്നത്. യോഗക്കാരായ പോറ്റിമാരോ പിള്ളമാരോ ദേവന്റെ



**ആദികേശവപ്പെരുമാൾ ക്ഷേത്രം**



**കാർത്തികതിരുനാൾ ബാലരാമവർമ്മ**

മുതൽ കൊള്ളയടിച്ചിരുന്നില്ലെന്നതിന് തെളിവാണ് ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ സൂക്ഷിക്കപ്പെട്ടുപോരുന്ന പൊന്നിൻ പണ്ടങ്ങളും നിധി കുംഭങ്ങളും. കല്ലറകൾ പണ്ടേ ഉള്ളവ തന്നെ. മാർത്താണ്ഡവർമയുടെ കാലത്ത് അവ നവീകരിക്കപ്പെട്ടിട്ടുണ്ടാകാം. ചിലത് പുതുതായിട്ട് നിർമിച്ചവയുമാകണം. മാർത്താണ്ഡവർമയുടെ പടയോട്ടക്കാലത്ത് ലഭിച്ച നിധികളെല്ലാം പത്മനാഭസ്വാമി ക്ഷേത്രത്തിലെ കല്ലറകളിലാണ് സൂക്ഷിക്കപ്പെട്ടത്. ഇതിൽ ചെമ്പകശ്ശേരിയിലേയും തിരുവല്ലക്ഷേത്രത്തിലേയും മുതൽക്കൂട്ടുകളുണ്ട്. ഉടമ്പടികളിലൂടെ ലഭിച്ച സ്വർണശേഖരവും ശ്രീപത്മനാഭന്റെ വകയാക്കാൻ രാജാക്കൻമാർ ശ്രദ്ധിച്ചിരുന്നു. പരാന്തക പാണ്ഡ്യൻ (12-ാം ശതകം) പത്തു സ്വർണ വിളക്കുകൾ ശ്രീപത്മനാഭന് കാഴ്ചവച്ചതായി രേഖയുണ്ട്. കൊല്ലം 557-ാമാണ്ട് ശ്രീ വീരമാർത്താണ്ഡവർമ നാലു വെള്ളിക്കുടവും 5000 പണവും ശ്രീപത്മനാഭന് പ്രായശ്ചിത്തമായി നല്കിയതിന് രേഖ കാണുന്നു. ഇപ്രകാരം കാലാകാലങ്ങളിൽ അധികാരമേറ്റ രാജാക്കന്മാർ വഴിപാടായി സമർപ്പിച്ച സ്വർണവും വെള്ളിയും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ കല്ലറകളിലാണ് സൂക്ഷിച്ചത്. ദേവന്റെ രാജ്യം, ദേവന്റെ സ്വത്ത് എന്നീ പരികല്പനകൾ ശ്രീപത്മനാഭസ്വാമീക്ഷേത്രത്തിലെ ഈടുവെപ്പുകളെ ഇത്രകാലവും കാത്തു പോന്നു. ഇനിയുള്ള കാലം അതിന്റെ ഗതിയെന്താകും? ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെക്കാൾ പഴക്കവും ഈടുവെപ്പും ഉണ്ടായിരുന്ന ആദികേശവപ്പെരുമാൾ ക്ഷേത്രത്തിന്റെ ഗതി അനന്തപുരം ക്ഷേത്രത്തിനുണ്ടാകാതിരിക്കാൻ നമുക്കു പ്രാർഥിക്കാം ■

■ പി.എം. മണി വെള്ളറട

# ഹരിതമാധ്യമ പുരസ്കാരജേതാവ് ലിംക റിക്കാർഡ് ബുക്കിലും ഇടംനേടി

കഴിഞ്ഞ വർഷത്തെ ഹരിത മാധ്യമപുരസ്കാരം നേടിയ മലയാളമനോരമ ചീഫ് സബ് എഡിറ്റർ വർഗീസ് സി.തോമസ് ലിംകാ ബുക്സിലും ഇടം നേടി.



**വർഗീസ്. സി. തോമസ്**

സംസ്ഥാനത്തിന്റെ ഹരിതസമൃദ്ധിയെക്കുറിച്ച് മനോരമയിൽ എഴുതിയ ലേഖനത്തിനാണ് അദ്ദേഹം കേരള സർക്കാരിന്റെ ബഹുമതിക്കർഹനായത്. 50,000 രൂപ, പ്രശസ്തിപത്രം, ശിൽപം എന്നിവ നൽകി സർക്കാർ ആദരിച്ച അതേ വർഷത്തിൽത്തന്നെ വർഗീസ് തോമസിന് രാംനാഥ് ഗോയങ്ക സ്മാരക മാധ്യമ പുരസ്കാരവും ലഭിച്ചിരുന്നു.

സംസ്ഥാന റവന്യൂ വകുപ്പിന്റെ ദുരന്തനിവാരണ മാധ്യമ പ്രവർത്തന അവാർഡ്, പരിസ്ഥിതി റിപ്പോർട്ടിന് ഏർപ്പെടുത്തിയ സി.ടി.മാത്യൂസ് അവാർഡ് എന്നിവയും ഇദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ട്.

ഇന്ത്യൻ അനാഥക്കുട്ടികളെപ്പറ്റി എഴുതിയ ലേഖനത്തിന് ഈ രംഗത്ത് ഏറ്റവുംവലിയ അവാർഡ്- 'ആശ്രയ'യും വർഗീസ് സ്വന്തമാക്കിയിരുന്നു.

സംസ്ഥാനത്ത് രൂക്ഷമാകുന്ന വായു, ജലമലിനീകരണങ്ങൾ മറ്റ് പാരിസ്ഥിതികപ്രശ്നങ്ങൾ, ഭൂകമ്പ മുൻകരുതൽ, ഇടിമിന്നലിൽ നിന്നും രക്ഷ, കൊടുങ്കാറ്റ്, ചുഴലിക്കാറ്റ്, പേമാരി, വരൾച്ച തുടങ്ങിയ പ്രകൃതി വിനാശങ്ങളിൽ നിന്നും ജനതയെയും മറ്റ് ജീവജാലങ്ങളെയും എങ്ങനെ സംരക്ഷിക്കാമെന്ന് ഇദ്ദേഹം മനോരമയിൽ എഴുതിയ ലേഖനങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു

ഭാര്യ മെഴ്സി. മക്കൾ- അശ്വിനി, ദയ.

# കലാക്ഷേത്രയുടെ ചിത്രരചനാ പരിശീലനക്യാമ്പ്



സർക്കാർ സ്ഥലവും കെട്ടിടവും നല്കി കൊല്ലത്ത് കുണ്ടറയിൽ പ്രവർത്തിച്ചു വരുന്ന ആർട്ടിസ്റ്റ് രാധാകൃഷ്ണന്റെ കലാക്ഷേത്ര അക്കാദമിയും, സംസ്ഥാന ലളിതകല അക്കാദമിയും സംയോജിതമായി സംഘടിപ്പിച്ച ചിത്രരചന പരിശീലന ക്യാമ്പ്. ക്യാമ്പിൽ പങ്കെടുത്ത 68 കുട്ടികൾക്ക് ലളിതകലാ അക്കാദമി സർട്ടിഫിക്കറ്റുകൾ നല്കി.

■ സുരേഷ്കുമാർ. എൻ.

# ശുചിത്വ സംസ്കാരത്തിന് കാലത്തിനൊത്ത മാറ്റം

**പൊതുനിരത്തുകളിൽ വൃത്തിയുള്ള സാനിട്ടേഷൻ സൗകര്യം ഏവരും ആഗ്രഹിക്കുന്ന കാര്യമാണ്. ഈ രംഗത്തെ പുത്തൻ സംവിധാനമായ ഇലക്ട്രോണിക് ടോയ്‌ലറ്റുകളെ അടുത്തറിയാം**

പൊതു നിരത്തുകളിൽ വൃത്തിയുള്ള സാനിട്ടേഷൻ സൗകര്യങ്ങളുടെ അപര്യാപ്തത ഇന്ന് രാജ്യം നേരിടുന്ന നീറുന്ന സാമൂഹികപ്രശ്നം തന്നെയാണ്. കേരളത്തെ പോലെയുള്ള സംസ്ഥാനത്ത് ഇത് വളരെയധികം ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവക്കുന്നുമുണ്ട്. കേരളത്തിലെ മാറിവരുന്ന സർക്കാരുകൾ സംസ്ഥാനത്തിന്റെ ത്വരിതവികസനത്തിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിൽ വൻമുന്നേറ്റം നടത്തിയിട്ടുണ്ട്. കൊച്ചി ഇൻഫോപാർക്ക്, തിരുവനന്തപുരം ടെക്നോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവ കേന്ദ്രീകൃതമായി ഹബ് ആൻഡ് സ്പോക്ക് മാതൃകയിലുള്ള ഐടി വികസനം വഴി കേരളത്തിന് ലോക ഐടി ഭൂപടത്തിൽ തനതു സ്ഥാനം നേടാനായിട്ടുണ്ട്. സ്മാർട്ട്സിറ്റി, ടെക്നോസിറ്റി എന്നിവ കൂടി യാഥാർഥ്യമാവുന്നതോടെ കേരളം ഇന്ത്യയുടെ ഏറ്റവുംവലിയ ഐടി ആസ്ഥാനമായി മാറുമെന്ന കാര്യത്തിൽ തർക്കമില്ല. വിനോദ സഞ്ചാര മേഖലയിലും ദൈവത്തിന്റെ സ്വന്തം നാട് എന്ന ഖ്യാതിയും പെരുമയും നിലനിർത്താൻ സംസ്ഥാനത്തിന് കഴിയുന്നുണ്ട്. എന്നാൽ വൃത്തിയും ശുചിത്വവുമുള്ള സാനിട്ടേഷൻ എന്ന ഏറ്റവും പരമപ്രധാനമായ ആവശ്യത്തിന്റെ കാര്യത്തിൽ മാത്രം കാര്യമായ മുന്നേറ്റം കൈവരിക്കാൻ സംസ്ഥാനത്തിനായിട്ടില്ല. ഇതിന് പല കാരണങ്ങളാണ് ഈ മേഖലയിലെ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. ഒന്നാമതായി ഇവ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടാണ്. ജനസാന്ദ്രത ഏറ്റവും രൂക്ഷമായ കേരളത്തിൽ ഇത്തരത്തിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്നും വെല്ലുവിളി തന്നെയാണ്. രണ്ടാമതായി ഇവ സ്ഥാപിച്ചാൽത്തന്നെ വൃത്തിയായും, ശുചിത്വത്തോടെയും പരിപാലിക്കുന്നതിനാവശ്യമായ ജോലിക്കാരെ ലഭിക്കുന്നതിനുള്ള തടസ്സമാണ്. മാലിന്യം പ്രകൃതിസൗഹാർദമായി സംസ്കരിക്കുന്നതിനുള്ള തടസ്സങ്ങളാണ് മൂന്നാമത്തെ പ്രശ്നം. മാത്രമല്ല വൈദ്യുതിയും, വെള്ളവും തടസ്സമില്ലാതെ ലഭ്യമാക്കുകയും വേണം. ഇതെല്ലാം തന്നെ വർധിച്ചു വരുന്ന ജനസംഖ്യക്ക് അനുപാതമായി ടോയിലെറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കുള്ള പ്രധാന തടസ്സങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

കോഴിക്കോട് മിഠായി തെരുവ്, തിരുവനന്തപുരം ചാല ബസാർ എന്നിങ്ങനെയുള്ള തിരക്കേറിയ വ്യാപാരകേന്ദ്രങ്ങൾ, മറ്റ് വിനോദസഞ്ചാരകേന്ദ്രങ്ങൾ, ബസ് ഡിപ്പോകൾ, റെയിൽവേ സ്റ്റേഷനുകൾ, പ്രധാന നിരത്തുകൾ, പ്രമുഖ ആരാധനാലയങ്ങൾ എന്നിവിടങ്ങളിൽ വൃത്തിയുള്ള ടോയ്‌ലറ്റുകളുടെ അഭാവം സ്ത്രീകളിൽ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളെപ്പറ്റി നിരവധി മാധ്യമങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ട്. കേരളത്തിലെ സാമൂഹ്യ-സാംസ്കാരിക മേഖലയിലെ പ്രമുഖർ ഇതിന്റെ അപര്യാപ്തതയെ ചൂണ്ടിക്കാണിച്ച് പ്രതികരിച്ചിട്ടുമുണ്ട്. കൂടാതെ കേരളത്തിലെ വിവിധ സ്കൂളുകളിലെ വിദ്യാർഥിനികൾക്കും ഇതിന്റെ അഭാവം വിഷമതകൾ ഉണ്ടാക്കുന്നുണ്ട്.

ഈ പ്രശ്നങ്ങൾക്കെല്ലാം ശാശ്വതപരിഹാരമായാണ് ഇറാം സയന്റിഫിക് സൊല്യൂഷൻസ് എന്ന സ്ഥാപനം ഡിലൈറ്റ് ഇലക്ട്രോണിക് ടോയ്‌ലറ്റ് അവതരിപ്പിച്ചത്. വൃത്തിയും വെടിപ്പുമുള്ള സാനിട്ടേഷൻ സൗകര്യം നൽകുന്നതിൽ നിലവിലുള്ള പ്രശ്നങ്ങൾ പഠിച്ചശേഷം ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തോടെ ഒരു സമ്പൂർണ സാനിട്ടേഷൻ സൗകര്യമാണ് ഡിലൈറ്റ് ഇ-ടോയ്‌ലറ്റുകൾ. പരിപൂർണമായും ഓട്ടോമാറ്റിക് ആയി പ്രവർത്തിക്കുന്നു. അതുകൊണ്ട് ഇതിന്റെ പരിപാലനത്തിന് ആൾക്കാരെ നിർത്തേണ്ടകാര്യമില്ല. നാണയം നിക്ഷേപിച്ചാൽ വാതിൽ തുറക്കുകയും ഒപ്പം ലൈറ്റുകളും എക്സോസ്റ്റ് ഫാനും പ്രവർത്തിക്കുകയും ചെയ്യും. പുറത്തിറങ്ങുമ്പോൾ ഇതെല്ലാം താനെ ഓഫാകും. ഫ്ളഷ് ചെയ്യാൻ മറന്നാലും സാരമില്ല. ഓട്ടോമാറ്റിക്കായി ഫ്ളഷ് പ്രവർത്തിച്ച് ക്ലോസറ്റ് വൃത്തിയാക്കും. നിരവധി തവണത്തെ ഉപയോഗത്തിനുശേഷം ഇതിലെ പവർ വാഷിങ് മെക്കാനിസം യൂണിറ്റിന്റെ ഉൾവശം കഴുകി വൃത്തിയാക്കും. ഇത് മുഴുവൻ സമയവും ടോയ്‌ലറ്റ് ശുചിത്വത്തോടെയും അണുവിമുക്തമായും സൂക്ഷിക്കുകയും ചെയ്യും. സ്ത്രീകളുടെ സുരക്ഷയ്ക്കായി എമർജൻസി എക്സിറ്റ് സംവിധാനവുമുണ്ട്. പുഷ് ബട്ടൺ ഫ്ളഷിനൊപ്പം ഹാന്റ് പൈപ്പ്, ക്ലോത്ത് ഹാങ്ങർ, എയർ ഫ്രഷ്നർ ഒപ്പം എഫ്.എം. സംഗീതവും ആസ്വദിക്കാം. ഇതിലെ ബയോ മെമ്പ്റയിൻ ടാങ്ക് മാലിന്യം പരിസ്ഥിതിസൗഹാർദമായി ശുദ്ധീകരിക്കുകയും വെള്ളം പുനരുപയോഗത്തിനായി ശുദ്ധീകരിച്ച് നൽകുകയും ചെയ്യും. ഈ ഹരിത സാങ്കേതികവി




ഇലക്ട്രോണിക് ടോയ്‌ലെറ്റ്


ദൃക്ക് മലിനീകരണനിയന്ത്രണ ബോർഡിന്റെ അംഗീകാരവുമുണ്ട്. ഇതിന്റെ ഉപയോഗക്രമം വിവിധ പ്രാദേശിക ഭാഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അക്ഷരം അറിയാത്തവർക്ക് ചിഹ്നങ്ങളുടെയും ചിത്രങ്ങളുടെയും സഹായത്തോടെ ഉപയോഗക്രമം മനസ്സിലാക്കാം. യു.പി.എസ്. വഴിയുള്ള പവർ ബാക്കപ്പ്, സൗരോർജ പാനൽ ഘടിപ്പിക്കുന്നതിനുള്ള സംവിധാനം, ജലസംഭരണത്തിനായുള്ള വാട്ടർ ടാങ്ക്, സെപ്റ്റിക് ടാങ്ക് നിറഞ്ഞാലോ മറ്റ് കേടുപാടുകൾ ഉണ്ടായാലോ കൺട്രോൾ റൂമിൽ അറിയിക്കാനുള്ള എസ്.എം.എസ്. അലർട്ട് സംവിധാനം, 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ സേവന വിഭാഗം എന്നിവയും ഇതിന്റെ സവിശേഷതകളാണ്. കൺട്രോൾ റൂമിൽ നിന്നും ഇതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാം. മൊബൈൽ വഴിയോ, നെറ്റ് വഴിയോ ഇതിന്റെ തത്സ്ഥിതി ഇത് നിയന്ത്രിക്കുന്ന ഏജൻസിക്ക് മനസ്സിലാക്കാം.

നാണയത്തിൽ നിന്നുള്ള വരുമാനത്തിനൊപ്പം ഇതിന്റെ വശങ്ങളിൽ 1000 ചതുരശ്ര അടി വിസ്തൃതിയിൽ പരസ്യം സ്ഥാപിക്കുന്നതിനുള്ള സൗകര്യവുമൊരുക്കാം. അതുകൊണ്ടുതന്നെ ബാങ്ക് വായ്പ സബ്സിഡി എന്നിവ ലഭ്യമാക്കിയാൽ കേരളത്തിലെ വനിതകൾക്ക് ഇതിന്റെ നടത്തിപ്പിലൂടെ മികച്ച വരുമാനം നേടാവുന്ന സ്വയംതൊഴിൽ മാതൃകയാക്കാം. ഇത് സ്ഥാപിക്കാൻ വെറും 35 ചതുരശ്ര അടിക്കു താഴെ മാത്രം സ്ഥലമേ ആവശ്യമുള്ളൂ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത് ലീസായി നൽകാവുന്നതാണ്. ഒരു ടോയ്‌ലറ്റ് യൂണിറ്റ് മൂന്നു വനിതകൾക്കെങ്കിലും സ്ഥിരവരുമാനം നൽകുന്നു. വനിതാ വികസന കോർപ്പറേഷൻ/കുടുംബശ്രീ/ജനശ്രീ തുടങ്ങിയ ഏജൻസികൾ ഈ മാതൃക ഉപയോഗിച്ച് വനിതകൾക്ക് സ്വയം സംരംഭം ആരംഭിക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനും അതുവഴി സ്ത്രീകൾക്ക് ഏറ്റവും വൃത്തിയുള്ള സാനിട്ടേഷൻ സൗകര്യം ലഭ്യമാക്കുന്നതിനും പദ്ധതി തയ്യാറാക്കുന്നുണ്ട്.

കേരളത്തിലെ സ്കൂൾ വിദ്യാർഥിനികൾ അനുഭവിക്കുന്ന സാനിട്ടേഷൻ പ്രശ്നങ്ങൾ പഠിച്ചശേഷമാണ് കമ്പനി സ്കൂൾ മോഡൽ രൂപകല്പനചെയ്തിരിക്കുന്നത്. ടോയ്‌ലറ്റിനുള്ളിലെ പ്രത്യേക അറയ്ക്കുള്ളിൽ ഉപയോഗിച്ച നാപ്കിൻ നിക്ഷേപിക്കാനുള്ള സൗകര്യമുണ്ട്. സാധാരണ മറ്റു മാർഗങ്ങളില്ലാത്തതിനാൽ ക്ലോസറ്റിൽ ഇവ നിക്ഷേപിക്കുന്നത് മൊത്തം ഡ്രെയ്നേജ് സംവിധാനത്തെ തകിടം മറിക്കാറുണ്ട്. അറയ്ക്കുള്ളിൽ നിക്ഷേപിക്കുന്ന നാപ്കിനുകൾ അതിനകത്ത് ഇലക്ട്രിക്കൽ ഇൻസിലേറ്റർ വഴി കത്തിച്ചു കളയും പിന്നീട് ചാരം സെപ്റ്റിക് ടാങ്കിൽ എത്തിക്കുകയും ചെയ്യുന്നു.

ഐ.ടി., വിനോദസഞ്ചാരം, ഉന്നതവിദ്യാഭ്യാസം, ആയുർവേദം എന്നീ മേഖലകളിൽ കേരളം അഭൂതപൂർവമായ വളർച്ചാമുന്നേറ്റമാണ് നടത്തുന്നത്. അതുകൊണ്ടുതന്നെ അടിസ്ഥാന സൗകര്യവികസനത്തിലുൾപ്പെടുത്തി സാനിറ്റേഷന്റെ കാര്യത്തിൽ ലോകനിലവാരത്തിലുള്ള സൗകര്യം ഒരുക്കേണ്ടതുണ്ട്. ഈ ലക്ഷ്യം മുൻനിർത്തിയാണ് തങ്ങൾ ഡിലൈറ്റ് ഇലക്ട്രോണിക് ടോയ്‌ലറ്റ് അവതരിപ്പിച്ചതെന്ന് ഇറാം സയന്റിഫിക് സൊല്യൂഷൻസ് പറയുന്നു. റൂറൽ മോഡൽ, സ്കൂൾ മോഡൽ, അർബൻ മോഡൽ, ഹൈ എൻഡ് മോഡൽ, കാർബൺ രഹിത മോഡൽ എന്നിങ്ങനെ 5 മാതൃകകളിൽ ഡിലൈറ്റ് ലഭ്യമാണ്. ■

രമേഷ്കുമാർ വെള്ളമുണ്ട



# മഴപ്പക്ഷികളുടെ കൂടാരം

**വയനാട്ടിലെ പ്രസിദ്ധ വിനോദസഞ്ചാരകേന്ദ്രമായ പക്ഷിപാതാളത്തിലേക്കുള്ള അവിസ്മരണീയ യാത്രാനുഭവം.**

മാനം തൊട്ടു നിൽക്കുന്ന മലനിരകൾക്ക് മുകളിലെ ഇരുട്ടു നിറഞ്ഞ ഗുഹാപാളികളിൽ മഴപ്പക്ഷികൾ കൂടൊരുക്കിയിരിക്കുന്നു. ഇടയ്ക്കിടെ വെളിച്ചത്തിലേക്ക് കടന്ന് തണുപ്പുനിറഞ്ഞ ഗുഹയുടെ അന്ധകാരത്തിലേക്ക് ഊളിയിടുന്ന ചിത്രകൂടൻ പക്ഷികൾക്ക് ഇതൊരു തറവാടാണ്. കാലങ്ങളോളം പലതിനോടും മല്ലടിച്ച് വംശപ്പെരുപ്പം നടത്തിയ മഴപ്പക്ഷികൾ ഒരു മഴക്കാലം കൂടി എത്തിയതോടെ ചിറകുവിരിച്ചിറങ്ങുകയായി.

കേരളത്തിന്റെ വടക്കേ അതിർത്തിയായ ബ്രഹ്മഗിരി മലനിരകളിലെ മഴക്കാടുകളും ക്ലേശം നിറഞ്ഞ വനപാതയും പിന്നിട്ടാൽ മഴപ്പക്ഷികളുടെ ഒളിത്താവളമായ പക്ഷിപാതാളത്തിലെത്താം. നൂറ്റാണ്ടുകൾ പഴക്കമുള്ള ശിലാഗുഹയിൽ വവ്വാലുകളെ പോലെയുള്ള ചെറുപക്ഷികൾ അനേകമുണ്ട്. അടുക്കുകളായുള്ള പാറകൾക്കിടയിലൂടെ നൂഴ്ന്നിറങ്ങിയാൽ മഴപ്പക്ഷികളുടെ ഗന്ധം വമിക്കുന്ന ഇരുൾ നിറഞ്ഞ ഗുഹയിലെത്താം. പക്ഷികൾക്ക് നൂറ്റാണ്ടുകളായി സ്വന്തമാണ് ഈ ഗുഹകൾ. പ്രകൃതിയുടെ സ്വസ്ഥതയിലാണ് ഈ മഴപ്പക്ഷികൾ ജീവിതചക്രം പൂർത്തിയാക്കുന്നത്.



പക്ഷികളുടെ ആവാസകേന്ദ്രത്തിലേക്കുള്ള വഴി

തിരുനെല്ലി ക്ഷേത്രത്തിൽനിന്നും എട്ടുകിലോമീറ്ററോളം കാട്ടുപാതയിലൂടെ സഞ്ചരിച്ചുവേണം ഇവിടെയെത്താൻ. വഴിയിൽ ഗരുഡൻ പാറയും ചെങ്കുത്തായ പുൽമേടുകളും തണുപ്പും ആവോളമുണ്ട്. ഏത് സമയവും മുന്നിൽ വന്നേക്കാവുന്ന വന്യമൃഗങ്ങളുടെ കണ്ണുവെട്ടിച്ച് ഇവിടെയെത്തുക ശ്രമകരമാണ്.

യാത്രയുടെ തുടക്കത്തിൽ മഞ്ഞപുതച്ചു നിൽക്കുന്ന ബ്രഹ്മഗിരിയുടെ വിദൂരദൃശ്യമാണ് കാണുക. മൂന്നുകിലോമീറ്റർ വനപാത പിന്നിട്ടാൽ വാച്ച് ടവറായി. കർണാടക കേരള വനാതിർത്തിയിലെ ഈ ടവറിന് മുകളിൽനിന്നും കണ്ണെത്താദൂരം ഇരുസംസ്ഥാനങ്ങളും കാണാം. സഞ്ചാരികൾ മണിക്കൂറുകളോളം ഈ കാഴ്ച ആസ്വദിക്കാറുണ്ട്.

പച്ച പുതച്ച ബ്രഹ്മഗിരിയുടെ നെറുകയിലേക്കാണ് പിന്നീടുള്ള യാത്ര. തെരുവപ്പുല്ലുകളെ വകഞ്ഞുമാറ്റി സദാസമയവും വീശിയടിക്കുന്ന കാറ്റിന്റെ തലോടലേറ്റ് യാത്രികർ ഇവിടെ വിശ്രമകേന്ദ്രമാക്കുന്നു. ശബ്ദകോലാഹലങ്ങളില്ലാതെ വേണം ഈ വഴികൾ പിന്നിടാൻ. മൂന്നു കിലോമീറ്റർ കാട്ടിനുള്ളിലൂടെ നടന്നുകയറിയാൽ ഗരുഡൻ പാറയിലെത്താം. നൂറ് അടിയോളം ഉയരമുള്ള പാറയിൽനിന്നും കിഴക്ക് ചെരുവിലേക്ക് മാറിയാണ് പക്ഷികളുടെ പാതാളം.

നാലുമണിക്കൂറോളം നീളുന്ന വനയാത്രക്ക് കുന്നിൻമുകളിലെത്തിയാൽ വിരാമമാകും. ഇരുളറകളിൽ ആവേശത്തോടെ ഇറങ്ങി നോക്കാൻ ധൃതിപ്പെടുന്ന സഞ്ചാരികളെ പക്ഷികൾ അലോസരപ്പെടുത്തും. തലങ്ങും വിലങ്ങും പറക്കുന്ന കടവാവലുകൾ അടങ്ങിയാൽ മാത്രമേ ഗുഹയിലേക്ക് പ്രവേശിക്കാൻ കഴിയുകയുള്ളൂ. മഴയും വെയിലും കൊള്ളാത്ത നിരവധി ഗുഹകൾ ഇവിടെയുണ്ട്. പത്തോളം പേർക്ക് സുഖമായി കിടന്നുറങ്ങാനും ഭക്ഷണം പാകം ചെയ്തു കഴിക്കാനുമുള്ള മുനിമടകളും ഇവിടെ കാണാം. വെള്ളം ശേഖരിക്കാൻ ഉറവയും ഉണ്ടിവിടെ.

അപൂർവയിനം പക്ഷികളും ഈ പാറക്കെട്ടുകളിൽ കൂടൊരുക്കിയിട്ടുണ്ട്. ചിത്രകൂടൻ പക്ഷികളുടെ കൂടുകൾ അത്യാകർഷകമാണ്. വിദേശരാജ്യങ്ങളിൽ ഇതുപയോഗിച്ച് സൂപ്പ് ഉണ്ടാക്കുന്നതാണ് പതിവ്. പാപനാശിനിയെ പിന്നിടുന്ന ഈ ശിലാഗുഹകളിൽ ആത്മാക്കൾ പക്ഷികളുടെ രൂപം പ്രാപിച്ച് കുടിയുറങ്ങുന്നു എന്ന വിശ്വാസമുണ്ട്. പാപനാശിനിയിൽ മോക്ഷം പ്രാപിച്ച് ആത്മാക്കൾ പക്ഷികളായി ഗുഹയിൽ അഭയം തേടുന്നതായാണ് ഐതിഹ്യം.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കർണാടകയിൽനിന്നുമാണ് പ്രകൃതി സ്നേഹികൾ ഇവിടെ എത്തുന്നത്. ദുഷ്കരമായ പാതകളെപ്പോലും ഇവർ ആവേശത്തോടെ കീഴടക്കുന്നു. ഗരുഡൻ പാറയിൽനിന്ന് മുകളിലേക്കുള്ള ട്രക്കിങ്ങും സഞ്ചാരികളുടെ പ്രിയ വിനോദമാണ്. വന്യജീവി സംരക്ഷണകേന്ദ്രത്തിന്റെ തുടർച്ചയായതിനാൽ നോർത്ത് വയനാട് ഡി.എഫ്.ഒ യുടെ അനുവാദം വാങ്ങി മാത്രമാണ് ഈ മലനിരയിലേക്കും പക്ഷിപാതാളത്തിലേക്കും പ്രവേശിക്കാനാവുക. തിരുനെല്ലിയുടെ വനം വകുപ്പ് ഡോർമിറ്ററിയിൽ താമസസൗകര്യമുണ്ട്. ഇവിടെ നിന്നും യാത്രകർക്ക് വഴികാട്ടാൻ വനംവകുപ്പ് ഗൈഡിനെ ഏർപ്പെടുത്തിയിട്ടുണ്ട്.

സ്വാഭാവികപരിസ്ഥിതി ടൂറിസത്തിന് പേരുകേട്ട വയനാട്ടിൽ പക്ഷിപാതാളം ആരുടെയും മനം കവരും. കൃത്രിമങ്ങളുടെ കലർപ്പില്ലാത്ത യാത്രാനുഭവമാണ് ഇവിടുത്തെ പ്രത്യേകത. തനിമ നഷ്ടപ്പെടാത്ത ഹരിതവനമാണിത്. നൂറുകണക്കിന് സസ്യവർഗങ്ങളും സൂക്ഷ്മജീവികളും ഇവിടെ വംശപ്പെരുപ്പം നടത്തുന്നു. പ്രകൃതിക്ക് ക്ഷതമേൽക്കാത്ത സഞ്ചാരസംഘങ്ങളെയാണ് വനം വകുപ്പ് സ്വീകരിക്കുക. കടുംനിറത്തിലുള്ള വസ്ത്രങ്ങളും പ്ലാസ്റ്റിക്കും തീപ്പെട്ടിയുമൊക്കെ ഇവിടെ നിയന്ത്രിച്ചിട്ടുണ്ട്. വന്യമൃഗങ്ങൾ ഏതു സമയവും മുന്നിൽ വന്നുപെട്ടേക്കാം.... മുൻകരുതലുകൾ അത്യാവശ്യമാണ്. നിബിഡവനങ്ങളും പുൽമേടുകളും ഇഴ പിരിയുന്ന ബ്രഹ്മഗിരി സഞ്ചാരികൾക്ക് ഒരേസമയം വെല്ലുവിളി കൂടിയാണ്.

മഴയുടെ ആരവങ്ങൾ ഇരച്ചെത്തുമ്പോൾ പക്ഷികൾ പാതാളത്തിൽനിന്നും മഴയുടെ വിരുന്നു തേടിയിറങ്ങും. രാത്രി വൈകുന്നതുവരെ മഴനനഞ്ഞ് ഗുഹയിൽ തിരിച്ചെത്തുന്ന പക്ഷിക്കൂട്ടങ്ങൾ പിന്നെയൊരു രാത്രി പിന്നിടുന്നതുവരെ മർമരങ്ങൾ തീർക്കും. ഇനിയും നിഗൂഢതകൾ വെളിപ്പെടാത്ത പ്രകൃതിയൊരുക്കിയ പാതാളത്തിൽ പരിസ്ഥിതി പരിക്കേൽക്കാതെ നിൽക്കുകയാണ്. നൂറ്റാണ്ടുകളുടെ ചരിത്രമുള്ള ശിലാഗുഹയിൽ പ്രകൃതി കനിഞ്ഞരുളിയതാണ് പക്ഷികൾക്കായി ഒരിടം. ■






മറുപടി നൽകുന്നത്
**വി.വി. മൊയ്തുണ്ണി**
*ജോയിന്റ് സെക്രട്ടറി,*
*ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പ്, തിരുവനന്തപുരം*

*എന്റെ ഭർത്താവ് പൊതുമരാമത്ത് വകുപ്പിൽ പ്യൂൺ തസ്തികയിൽ ജോലിയിലിരിക്കേ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വികലാംഗക്വാട്ടയിൽ വ്യവസായ വകുപ്പിൽ എൽ.ഡി.ക്ലാർക്കായി ജോലി ലഭിച്ച് 10 മാസത്തോളമായി പ്രസ്തുത വകുപ്പിൽ തുടരുകയാണ്. അദ്ദേഹത്തിന് തന്റെ പഴയ വകുപ്പിലെ പ്യൂൺ തസ്തികയിലേക്ക് തിരിച്ചുപോകാൻ സാധിക്കുമോ? ഇപ്പോഴത്തെ നിയമനം വികലാംഗക്വാട്ടയിൽ ആയതിനാൽ മാതൃവകുപ്പിലേക്ക് തിരിച്ചുപോകാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ?*

**കെ. സരസ്വതി, കൊച്ചി**

കെ.എസ്.എസ്.ആർ ഭാഗം ചട്ടം 8 ന് കീഴിലുള്ള ഒന്നാമത്തെ നോട്ട് പ്രകാരം സർക്കാർ അല്ലെങ്കിൽ മറ്റ് അധികാരസ്ഥാപനങ്ങൾ ക്ഷണിച്ചതോ, സ്പോൺസർ ചെയ്തതോ ശുപാർശ ചെയ്തതോ ആയ അപേക്ഷയുടെ അടിസ്ഥാനത്തിൽ നൽകുന്ന നിയമനങ്ങളെ പൊതുതാത്പര്യപ്രകാരം നടത്തുന്ന നിയമനങ്ങളായി കണക്കാക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വികലാംഗർക്ക് സ്ഥിരനിയമനം നൽകി പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെയടിസ്ഥാനത്തിലാണ് ടി നിയമനങ്ങൾ നടത്തുന്നത് എന്നതിനാൽ ടി നിയമനവും മേൽ ചട്ടത്തിന്റെ നോട്ട് ഒന്ന് പ്രകാരമുള്ള നിയമനമായി കണക്കാക്കാവുന്നതാണ്. ആയതിനാൽ നിയമനം നേടിയ ജീവനക്കാർക്കും മേൽചട്ടം 8 പ്രകാരം മാതൃവകുപ്പിലേക്ക് തിരിച്ചുപോകാൻ സാധിക്കും. എന്നാൽ ഈ കേസിൽ താങ്കളുടെ ഭർത്താവ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കാണ് തിരിച്ചുപോകാൻ ആഗ്രഹിക്കുന്നത്. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സ്പെഷ്യൽറൂൾസിൽ കെ.എസ്.എസ്.ആറിലെ ചില ചട്ടങ്ങൾ മാത്രമേ ടി ജീവനക്കാർക്ക് ബാധകമായിട്ടുള്ളൂ. ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസിലെ ചട്ടം 3 പ്രകാരം കെ.എസ്.എസ്.ആറിലെ ചട്ടം 8 ടി ജീവനക്കാർക്ക് ബാധകമായിട്ടില്ലാത്തതിനാൽ താങ്കളുടെ ഭർത്താവിന് പൊതുമരാമത്ത് വകുപ്പിൽ പ്യൂൺ തസ്തികയിലേക്ക് മേൽ ചട്ടത്തിന്റെ ആനുകൂല്യത്തിൽ തിരിച്ചുപോകാൻ വ്യവസ്ഥയില്ല.

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് പരസ്പരം. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, ജനപഥം, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001 വിലാസത്തിൽ അയയ്ക്കുക.*

## വാർത്തയിൽ

# ഇനി മരുന്നുകൾക്കും ഗുണനിലവാരമുദ്ര



**ആ**രോഗ്യമാണ് സർവധനങ്ങളിലും പരമപ്രധാനം എന്ന യാഥാർഥ്യത്തിലേക്ക് രാജ്യമെത്തിക്കഴിഞ്ഞു. വിപണിയിൽ ഇറങ്ങുന്ന മരുന്നുകൾക്ക് ഇനി മുതൽ ഗുണനിലവാരമുദ്രയുണ്ടാകും.

കേന്ദ്രആരോഗ്യമന്ത്രാലയം സംസ്ഥാനങ്ങൾക്ക് ഇത് സംബന്ധിച്ച നിർദേശം ഉടൻ നൽകും. പേറ്റന്റ് കാലാവധി കഴിഞ്ഞ ജനറ്റിക്ക് മരുന്നുകളിൽ മിക്കതും ഗുണനിലവാരമില്ലാത്തതാണെന്ന് തെളിഞ്ഞ സാഹചര്യത്തിലാണ് ആരോഗ്യമന്ത്രാലയം ഇങ്ങനെ ഒരു തീരുമാനം കൈക്കൊണ്ടത്. മറ്റ് ഉത്പന്നങ്ങൾക്ക് നൽകുന്ന ഐ.എസ്.ഐ. മാർക്കിന് സമാനമായ മുദ്രയാകും ഇത്.

ഇന്ത്യൻ ഫാർമകോപ്പിയയുടെ ചട്ടം പാലിക്കപ്പെടാത്ത മരുന്നുകൾ വിപണിയിൽ ഉണ്ടെന്ന് ഫുഡ് ആൻഡ് ഡ്രഗ്സ് കൺട്രോളർ അഡ്മിനിസ്ട്രേഷൻ, കേന്ദ്ര ആരോഗ്യമന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കൂടാതെ, ഗുണമേന്മയില്ലാത്ത ഔഷധങ്ങൾ വൻതോതിൽ രാജ്യത്ത് വിറ്റഴിക്കപ്പെടുകയാണെന്നും ഇത് മനുഷ്യന്റെ ആരോഗ്യത്തിന് കടുത്ത ഭീഷണിയായി മാറുകയാണെന്നുമുള്ള സുപ്രീംകോടതിയുടെ നിരീക്ഷണത്തിന്റെയും കണ്ടെത്തലിന്റെയും അടിസ്ഥാനത്തിലാണ് ആരോഗ്യമന്ത്രാലയം ഇങ്ങനെയൊരു തീരുമാനമെടുത്തത്.

ഔഷധവിപണിയിൽ സംസ്ഥാന

# രാജ്യത്തിന് 25–ാമത്തെ ആണവനിലയം



**രാ**ജ്യത്തെ 25-ാമത്തെ ആണവോർജനിലയത്തിന്റെ നിർമാണപ്രവർത്തനങ്ങൾ രാജസ്ഥാനിലെ റാവത്ഭട്ടയിൽ ആരംഭിച്ചു. 700 മെഗാവാട്ട് ഉത്പാദനശേഷിയുള്ള റിയാക്ടറാണ് രാജസ്ഥാൻ ആറ്റമിക് പവർ സ്റ്റേഷനിൽ നിർമിക്കുക. പവർ സ്റ്റേഷനിലെ ഏഴാമത്തെ റിയാക്ടറാകും ഇത്. മർദിതഘനജന റിയാക്ടർ പൂർണമായും തദ്ദേശീയമായാണ് നിർമിക്കുക.

പദ്ധതി പ്രദേശത്ത് കോൺക്രീറ്റിങ്

ങ്ങൾക്ക് കാര്യമായ നിയന്ത്രണമില്ലാത്തതാണ് പ്രശ്നം സങ്കീർണമാക്കുന്നത്. മിക്ക സംസ്ഥാനങ്ങളിലും ഔഷധവിപണി, മരുന്ന് വ്യാപാരി സംഘടനയുടെ നിയന്ത്രണത്തിലാണ്. സംസ്ഥാനങ്ങളിൽ വ്യാപാരി സംഘടന നിശ്ചയിക്കുന്നതും ആവശ്യപ്പെടുന്നതുമായ തുക നൽകിയാൽ ഏത് ഉത്പന്നവും വിറ്റഴിക്കാം. ഡ്രഗ്സ് കൺട്രോൾ വകുപ്പ് ക്വാളിറ്റി ടെസ്റ്റ് നടത്തിയ ഉത്പന്നം മാത്രമെ വിപണിയിലിറക്കാവൂ എന്നാണ് നിയമം. എന്നാൽ കേരളമടക്കമുള്ള മിക്ക സംസ്ഥാനങ്ങളിലും പുതിയ മരുന്നുകൾ വിപണിയിൽ ഇറക്കുമ്പോൾ അധികൃതർ അറിയുന്നില്ല എന്നതാണ് ഖേദകരം.

മരുന്ന് നിർമാണ കമ്പനികൾ ഉത്പാദനചെലവിന്റെ പതിൻമടങ്ങാണ് ഔഷധങ്ങൾക്ക് ഈടാക്കുന്നത്. ഇനിമുതൽ ഇതിനും നിയന്ത്രണമുണ്ടാകും. വ്യാജമരുന്നുകളുടെയും ഗുണനിലവാരം കുറഞ്ഞവയുടെയും വിൽപ്പന ഗുണനിലവാരമുദ്ര വരുന്നതോടെ തടയാനാകും എന്ന പ്രതീക്ഷയിലാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം. ഇതിനായി മരുന്നുകളുടെ ഉത്പാദനവും വിൽപ്പനയും നിയന്ത്രിക്കുന്നതിനുള്ള ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിൽ ഗുണനിലവാരം നിർബന്ധമാക്കുന്ന വകുപ്പ് കൂടി ചേർക്കാനുള്ള കരടിന് കേന്ദ്രം രൂപം നൽകിക്കഴിഞ്ഞു.

ജോലികൾ ആരംഭിച്ചു. മണിക്കൂറിൽ 90 ഘന മീറ്റർ കോൺക്രീറ്റിങ്ങാണ് പദ്ധതി പ്രദേശത്ത് നടക്കുന്നത്. താപനില 19 ഡിഗ്രി സെൽഷ്യസിൽ ഉറപ്പിച്ച് നിർത്തിയാണ് കോൺക്രീറ്റിങ്. അഞ്ചു വർഷം കൊണ്ട് റിയാക്ടർ പ്രവർത്തനക്ഷമമാകുമെന്നാണ് കരുതുന്നത്.

540 മെഗാവാട്ട് ഉത്പാദനശേഷിയുള്ള മർദിതഘന ജല റിയാക്ടറിന്റെ നിർമാണം ആണവോർജ കോർപ്പറേഷൻ നേരത്തേ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. താരാപൂരിൽ സ്ഥാപിച്ച ഈ റിയാക്ടറിന്റെ നിർമാണം നാല് വർഷം കൊണ്ടാണ് പൂർത്തിയാക്കിയത്. ഈ റെക്കോഡ് രാജസ്ഥാനിൽ മറികടക്കാനാണ് ആണവോർജ കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്.

# ഉപഗ്രഹവിക്ഷേപണരംഗത്ത് ഇന്ത്യയ്ക്ക് അഭിമാനകരമായ നേട്ടം

**ബ**ഹിരാകാശവിക്ഷേപണരംഗത്ത് ഇന്ത്യ വീണ്ടും കരുത്ത് തെളിയിച്ചു. പുതിയ വാർത്താവിനിമയ ഉപഗ്രഹമായ ജിസാറ്റ്-12 ഭ്രമണപഥത്തിൽ എത്തിച്ചാണ് ഐ.എസ്.ആർ.ഒ ചരിത്രവിജയം കൈവരിച്ചത്. പി.എസ്.എൽ.വി. സി17 വിക്ഷേപണ വാഹനമാണ് ജി സാറ്റിനെ ഭ്രമണപഥത്തിലെത്തിച്ചത്. വാർത്താവിനിമയരംഗത്ത് വൻ മുന്നേറ്റമുണ്ടാക്കാൻ വഴിയൊരുക്കുന്നതാണിത്.



2002-ന് ശേഷം രണ്ടാം തവണയാണ് പി.എസ്.എൽ.വി വാർത്താവിനിമയ ഉപഗ്രഹം ഭ്രമണപഥത്തിലെത്തിക്കുന്നത്. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് 53 മണിക്കൂർ നീണ്ട കൗണ്ട് ഡൗണിനൊടുവിൽ പി.എസ്.എൽ.വി.ജിസാറ്റ്-12-നെയും വഹിച്ച് ബഹിരാകാശത്തേയ്ക്ക് കുതിച്ചത്. ഉപഗ്രഹത്തെ 20 മിനിട്ടുകൾക്കുള്ളിൽ ഭ്രമണപഥത്തിൽ എത്തിക്കാൻ പേടകത്തിന്സാധിച്ചു. ജി സാറ്റിന്റെ വിക്ഷേപണത്തോടെ ബഹിരാകാശത്ത് ഇന്ത്യയിൽ നിന്നുള്ള ട്രാൻസ്പോണ്ടറുകളുടെ ശേഷി 187 ആയി വർധിച്ചിട്ടുണ്ട്.

1410 കിലോഗ്രാം ഭാരമുള്ള ഈ ഉപഗ്രഹത്തിന്റെ നിർമാണച്ചെലവ് 80 കോടി രൂപയാണ്. വിദ്യാഭ്യാസം, ടെലിഫോൺ, ടെലിമെഡിസിൻ, ദുരന്തപരിഹാര പ്രവർത്തനം റേഡിയോ പ്രക്ഷേപണം തുടങ്ങിയ മേഖലകളിലാവും പ്രധാനമായും ജി സാറ്റിന്റെ സേവനം. 12 സി ബാൻഡ്ട്രാൻസ്പോണ്ടറുകളാണ് ഈ ഉപഗ്രഹത്തിൽ നിന്ന് പ്രയോജനപ്പെടുത്താൻ കഴിയുന്നത്. എട്ട് വർഷമാണ് ജി സാറ്റ് 12-ന്റെ പരമാവധി ആയുസ്സ്.

ജി സാറ്റ്-12 വിജയകരമായി ഭ്രമണപഥത്തിൽ എത്തിക്കാൻ കഴിഞ്ഞതിൽ ഐ.എസ്.ആർ.ഒ ചെയർമാൻ ഡോ. കെ.രാധാകൃഷ്ണനെ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ് അഭിനന്ദിച്ചു.

ബാംഗ്ലൂർ ഐ.എസ്.ആർ.ഒയിലെ പ്രമുഖ ശാസ്ത്രജ്ഞ കെ.അനുരാധയുടെ നേതൃത്വത്തിലാണ് ജി സാറ്റിന്റെ നിർമാണം നടന്നത്. ഈ ദൗത്യം നിർവഹിക്കുന്ന ആദ്യത്തെ വനിത എന്ന ബഹുമതിയും ഈ ശാസ്ത്രജ്ഞ കരസ്ഥമാക്കി.

അശോകൻ പുതുപ്പാടി

# ഓർമകളിലേക്കൊരു ജാലകം

## 2011 ആഗസ്റ്റ്

### 1
- കൗമാരപ്രായദിനം.
- മുലയൂട്ടൽ ദിനം. 1-7 തീയതികളിൽ മുലയൂട്ടൽ വാരം ആചരിക്കുന്നു.
- ടി.രാമലിംഗപിള്ള ചരമദിനം (1880-1968).
- ജോസഫ് പ്രീസ്റ്റ്ലി ഓക്സിജൻ കണ്ടെത്തി (1774).

### 2
- ഭൗതിക രസതന്ത്രജ്ഞൻ പി.സി.റായ് (പ്രഫുല്ലചന്ദ്രറായ്) ജന്മദിനം (1861-1944).
- അലക്സാണ്ടർ ഗ്രഹാംബെൽ ചരമദിനം (1847-1922).
- സദ്ദാം ഹുസൈൻ കുവൈറ്റിനെ ആക്രമിച്ചു (1990).
- ലോകത്തിലെ രണ്ടാമത്തെ വിരലടയാള ബ്യൂറോ തിരുവിതാംകൂറിൽ ആരംഭിച്ചു (1900).

### 3
- അന്തർദേശീയ സൗഹൃദദിനം.
- കാവാലം വിശ്വനാഥക്കുറുപ്പ് ചരമദിനം (1929-2006).
- ഇന്ത്യയുടെ ലിയാണ്ടർ പേസ് ഒളിമ്പിക്സിൽ വ്യക്തിഗത വെങ്കലമെഡൽ നേടി (1996).

### 4
- ജർമനി ബെൽജിയത്തെയും ബ്രിട്ടനെയും ആക്രമിച്ച് യുദ്ധാഹ്വാനം നടത്തി (1914).
- ഇംഗ്ലീഷ് കാല്പനിക കവി പി.ബി.ഷെല്ലി ജന്മദിനം (1792-1822).
- ഇന്ത്യയുടെ പ്രഥമ ന്യൂക്ലിയർ റിസർച്ച് റിയാക്ടറായ അപ്സര ട്രോംബെയിൽ കമ്മീഷൻ ചെയ്തു (1956).

### 5
- കലാകൗമുദി വാരിക തുടങ്ങി (1975).
- ബഹിരാകാശ സഞ്ചാരി നീൽ ആംസ്ട്രോങ് ജന്മദിനം (1930).
- ഫ്രെഡറിക് ഏംഗൽസ് ചരമദിനം (1820-1895).
- കെ.പി.ആർ.ഗോപാലൻ ചരമദിനം (1909-1997).


### 6
- ഹിരോഷിമ ദിനം (1945).
- എസ്.കെ.പൊറ്റക്കാട് ചരമദിനം (1913-1982).
- അലക്സാണ്ടർ ഫ്ളെമിങ് ജന്മദിനം (1881-1955). ആദ്യത്തെ ആന്റിബയോട്ടിക് മരുന്നായ പെൻസിലിൻ കണ്ടുപിടിച്ചത് ഇദ്ദേഹമാണ്.

### 7
- രവീന്ദ്രനാഥ ടാഗൂർ ചരമദിനം (1861-1941)
- മഹാകവി കുട്ടമത്ത് (കുന്നിയൂർ കുഞ്ഞുകൃഷ്ണകുറുപ്പ്) ചരമദിനം (1880-1943).
- മലയാള ചലച്ചിത്രനടൻ മുരളി ചരമദിനം (2009).

### 8
- എം.ആർ.ബി (ഭട്ടതിരിപ്പാട്) ജന്മദിനം (1909).
- അമേരിക്കൻ പ്രസിഡന്റ് റിച്ചാർഡ് നിക്സൻ വാട്ടർ ഗേറ്റ് സംഭവത്തിൽ രാജിവച്ചു (1974).
- ഇന്ത്യൻ ചലച്ചിത്രകാരനും കവിയും ഗായകനുമായ ഭൂപൻ ഹസാരിക ജന്മദിനം (1926).

### 9
- ക്വിറ്റ് ഇന്ത്യാ ദിനം (1942-ൽ നടന്ന ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭത്തിന്റെ സ്മരണാർഥം ആചരിക്കുന്നു).
- നാഗസാക്കി ദിനം (അമേരിക്കയുടെ ബോംബുവർഷത്താൽ 7,38,884 പേർ മരിച്ചു. 76796 പേർക്ക് പരിക്ക്).
- ലോക ആദിവാസിദിനം

### 10
- കുളച്ചൽ യുദ്ധം നടന്നു (1741). തിരുവിതാംകൂർ സൈന്യവും ഡച്ചു സൈന്യവും തമ്മിലായിരുന്നു യുദ്ധം
- എം.പി.ഭട്ടതിരിപ്പാട് (പ്രേംജി) ചരമദിനം (1908-1998).
- വള്ളത്തോൾ വിദ്യാപീഠം ശുകപുരത്ത് തുടങ്ങി (1977).



### 11
- ജിംനാസ്റ്റിക്സിന്റെ പിതാവെന്നറിയപ്പെടുന്ന ഫ്രിഡറിക് ലുഡ്വിഗ് ജാൻ ജന്മദിനം (1778-1852).
- ലോസ് എയ്ഞ്ചൽസ് ഒളിമ്പിക്സ് ഹോക്കി മത്സരത്തിൽ ഇന്ത്യ 24-1 എന്ന സ്കോറിൽ അമേരിക്കയെ തോല്പിച്ചു (1932).
- ബ്രിട്ടീഷ് ബാലസാഹിത്യകാരൻ എനീഡ് ബ്ലിറ്റൺ ജന്മദിനം (1897-1968).

### 12
- വിക്രംസാരാഭായ് ജന്മദിനം (1919-1971).
- കെ.ബാലകൃഷ്ണൻ ജന്മദിനം (1924).
- മുഹമ്മദ് സിയ ഉൽ ഹഖ് ജന്മദിനം (1924-1988).
- ഇംഗ്ലീഷ് കവി വില്യം ബ്ലേക് ജന്മദിനം (1757-1827).

### 13
- അന്താരാഷ്ട്ര ഇടതു കൈയൻമാരുടെ ദിനം.
- സോപാന സംഗീത ചക്രവർത്തി ഞെരളത്ത് രാമപൊതുവാൾ ചരമദിനം (1914-1996).
- സിനിമാ സംവിധായകനും എഴുത്തുകാരനുമായ ആൽഫ്രഡ് ഹിച്ച് കോക്ക് ജന്മദിനം (1899-1980).

### 14
- കവി എ.വി.ശ്രീകണ്ഠപൊതുവാൾ ജന്മദിനം (1910).
- വിദേശ് സഞ്ചാർ നിഗം ലിമിറ്റഡ് (വിഎസ്എൻഎൽ) ഇന്റർനെറ്റ് സർവീസ് ആരംഭിച്ചു (1995).
- ഇംഗ്ലീഷ് നോവലിസ്റ്റും നാടകകൃത്തുമായ ജോൺ ഗാൽസ്വർത്തി ജന്മദിനം (1867-1933).

## 15
- ഇന്ത്യൻ സ്വാതന്ത്ര്യദിനം
- പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രഥമ പ്രധാന മന്ത്രിയായി (1947).
- നെപ്പോളിയൻ ബോണാപ്പാർട്ട് ജന്മദിനം (1769 - 1821).
- പിൻകോഡ് (പോസ്റ്റൽ ഇൻഡക്സ് നമ്പർ) ഇന്ത്യയിൽ ആരംഭിച്ചു (1972).

## 16
- സി.അച്യുതമേനോൻ ചരമദിനം (1913 - 1991).
- ശ്രീരാമകൃഷ്ണ പരമഹംസൻ സമാധി ദിനം (1836 - 1886).
- സൈപ്രസ് സ്വതന്ത്ര റിപ്പബ്ലിക്കായി (1960). ആർച്ച് ബിഷപ്പ് മികാരിയോസ് ആയിരുന്നു പ്രഥമ പ്രസിഡന്റ്

## 17
- നേതാജി സുഭാഷ് ചന്ദ്രബോസ് ചരമദിനം (1897 - 1945).
- നൊബേൽ ജേതാവ് വി.എസ്.നൈപോൾ ജന്മദിനം (1932).
- വില്യം കാരി ജന്മദിനം (1761 - 1834). ബംഗാളി ഗദ്യപിതാവെന്ന് അറിയപ്പെടുന്നു.
- എക്സ്പ്രസ്സ് ദിനപത്രം തുടങ്ങി (1944).

## 18
- വിജയലക്ഷ്മി പണ്ഡിറ്റ് ജന്മദിനം (1900 - 1990).
- ചലച്ചിത്ര പ്രതിഭ റോമൻ പൊളാസ്കി ജന്മദിനം (1933).
- ഇന്ത്യൻ കവിയും ചലച്ചിത്രകാരനുമായ ഗുൽസാർ (സമ്പൂരാൻ സിങ്) ജന്മദിനം (1936).
- എസ്.ടി.റെഡ്യാർ പ്രസ്സ് തുടങ്ങി (1886).

## 19
- ലോക ഫോട്ടോഗ്രാഫി ദിനം
- ഭുവനേശ്വർ ഒറീസയുടെ തലസ്ഥാനമായി (1949).
- മുൻരാഷ്ട്രപതി ശങ്കർദയാൽ ശർമ ജന്മദിനം (1918 - 1999).
- പി.കൃഷ്ണപിള്ള ചരമദിനം (1906 - 1948).

## 20
- രാജീവ് ഗാന്ധി ജന്മദിനം (1944 - 1991). സദ്ഭാവന ദിനം
- മലബാർ കലാപം ആരംഭം (1921).
- 23 ദിന ഭരണശേഷം ചരൺസിങ് ഇന്ത്യൻ പ്രധാനമന്ത്രി സ്ഥാനം രാജിവച്ചു (1979).

## 21
- സഹോദരൻ കെ.അയ്യപ്പൻ ജന്മദിനം (1889 - 1968).
- ബ്രഹ്മാനന്ദ ശിവയോഗി ജന്മദിനം (1852).
- നൊബേൽ ജേതാവ് സുബ്രഹ്മണ്യം ചന്ദ്രശേഖർ ചരമദിനം (1910 - 1995).

## 22
- ലോക ഫോക്‌ലോർ ദിനം
- എസ്.ഗുപ്തൻനായർ ജന്മദിനം (1919 - 2006).
- ജി.കുമാരപിള്ള ജന്മദിനം (1923).
- കൈക്കുളങ്ങര രാമവാര്യർ ജന്മദിനം (1832).

## 23
- ആധുനിക രസതന്ത്രത്തിന്റെ പിതാവ് ആന്റോയിൻ ലോറന്റ് ലാവോസ്യ ജന്മദിനം (1743 - 1794).
- ഡോ. കെ.അയ്യപ്പപ്പണിക്കർ ചരമദിനം (1930 - 2006).
- ഫ്രാൻസിലെ അവസാന രാജാവ് ലൂയി പതിനാറാമൻ ജന്മദിനം (1754 - 1793)
- വക്കം അബ്ദുൾഖാദർ ചരമദിനം(1912 - 1976)

## 24
- മൈക്രോസോഫ്റ്റ് കോർപറേഷൻ വിൻഡോസ് 95 ആരംഭിച്ചു (1995).
- രണ്ട് ഭാരത രാഷ്ട്രപതിമാർ അധികാരത്തിലേറി വി.വി.ഗിരി (1969), ഫക്രുദ്ദീൻ അലി അഹമ്മദ് (1974).
- ഡോ.റാം മനോഹർ ലോഹ്യ ഭാരതീയ സോഷ്യലിസ്റ്റ് പാർട്ടി രൂപീകരണം പ്രഖ്യാപിച്ചു (1955).

## 25
- ചട്ടമ്പി സ്വാമികൾ ജന്മദിനം (1853 - 1924).
- മൈക്കൽ ഫാരഡേ ചരമദിനം (1791 - 1867). 1831 - ൽ ഡൈനാമോ നിർമിച്ചു.
- ആവിയന്ത്രം കണ്ടുപിടിച്ച ജയിംസ് വാട്ട് ചരമദിനം (1736 - 1819)
- 19 - ാം നൂറ്റാണ്ടിലെ ജർമൻ ചിന്തകൻ ഫ്രെഡറിക് നീറ്റ്ഷെ ചരമദിനം (1847 - 1900).

## 26
- ചെറുകാട് ഗോവിന്ദപിഷാരോടി ജന്മദിനം (1914 - 1976)
- അമേരിക്കയിൽ വനിതാ വോട്ടവകാശം ഭരണഘടനയിൽ വ്യവസ്ഥ ചെയ്തു (1920). വനിതാ തുല്യത ദിനാചരണം.
- പൂർണ പബ്ലിക്കേഷൻസ് തുടങ്ങി (1966).

## 27
- മദർ തെരേസ ജന്മദിനം (1910 - 1997) യഥാർഥ നാമം ആഗ്നസ് ഗോൻസ്വാ ബോജക്സിൻ. അശരണരുടെ അമ്മ എന്നറിയപ്പെടുന്നു.
- ഇന്ത്യയുടെ അവസാന വൈസ്രോയി ലൂയി മൗണ്ട് ബാറ്റൺ പ്രഭു അയർലന്റിൽ വച്ച് ബോട്ട് പൊട്ടിത്തെറിച്ച് മരിച്ചു (1979).



## 28
- ശ്രീനാരായണ ഗുരു ജയന്തി (1855 - 1928).
- അയ്യൻകാളി ജന്മദിനം (1863 - 1941). പുലയ മഹാജനസഭയുടെ പ്രാഗ് രൂപമായ സാധുജനപരിപാലന സംഘം സ്ഥാപകൻ.
- ഇന്ത്യൻ ശാസ്ത്രജ്ഞൻ എം.ജി.കെ. മേനോൻ ജന്മദിനം (1928)
- വെട്ടം മാണി ജന്മദിനം (1921).

## 29
- ദേശീയ സ്പോർട്സ് ദിനം.
- വെണ്ണിക്കുളം ഗോപാലകുറുപ്പ് ചരമദിനം (1902 - 1980).
- ഇന്ത്യൻ ഹോക്കി മാന്ത്രികൻ ധ്യാൻചന്ദ് ജന്മദിനം (1905 - 1979).
- ഇൻഗ്രിഡ് ബർമ്മാൻ ജന്മദിനം (1915 - 1982). (ഹോളിവുഡ് നടിയും ഇമർ ബർമ്മാന്റെ ഭാര്യയും.)

## 30
- കേരള സർവകലാശാല നിലവിൽ വന്നു (1957). തിരുവിതാംകൂർ സർവകലാശാല എന്നാണ് ആദ്യ നാമം.
- ഏണസ്റ്റ് റൂഥർ ഫോർഡ് ജന്മദിനം (1871 - 1937). (ന്യൂക്ലിയർ ഫിസിക്സിന്റെ പിതാവായി പരിഗണിക്കപ്പെടുന്നു.)
- വിദ്വാൻ കെ. പ്രകാശം ചരമദിനം (1909 - 1976)

## 31
- ആദ്യ യു.എസ്.ടെന്നീസ് ചാമ്പ്യൻഷിപ്പ് ആരംഭിച്ചു (1881).
- ഇറ്റാലിയൻ വിദ്യാഭ്യാസ പ്രവർത്തക മരിയ മോണ്ടസ്സോറി ജന്മദിനം (1870 - 1952).
- പഞ്ചാബ് മുഖ്യമന്ത്രി ബിയാന്ത് സിംഗ് ചാണ്ഡീഗഢിൽ വച്ചുണ്ടായ ബോംബാക്രമണത്തിൽ കൊല്ലപ്പെട്ടു (1995).

സി എച്ച് ആനന്ദ

# വിഷമഴ പെയ്ത ഭൂമിയിൽ സാന്ത്വനത്തിന്റെ തൂവൽ സ്പർശം

**കാ**സർകോട് ജില്ല. നീണ്ട കടൽ തീരത്തിന്റെയും മലയോരങ്ങളുടെയും വയൽ പ്രദേശങ്ങളുടെയും നാട്. ഏഴോളം ഭാഷകളുടെയും, 11 നദികളുടെയും, വൈവിധ്യ സംസ്കാരങ്ങളുടെയും സംഗമഭൂമി. എൻഡോസൾഫാൻ എന്ന വിഷമഴ പെയ്തു നൂറുകണക്കിനാളുകൾ മരണമടഞ്ഞ ദുരന്തഭൂമി.

റബ്ബറും, കവുങ്ങും, കശുവണ്ടിയുമാണ് ഈ നാട്ടിലെ പ്രധാനപ്പെട്ട നാണ്യവിളകൾ. ഏറ്റവും പാവപ്പെട്ടവനുപോലും ഒരു സീസണിൽ കൈ നിറയെ കാശു നൽകുന്ന വിളവാണ് കശുവണ്ടി. 10 സെന്റ് ഭൂമി മാത്രമുള്ള ഉൾനാട്ടിലെ ഒരു പാവപ്പെട്ടവന്റെ തൊടിയിൽ പോലുമുണ്ടാവും നാലോ അഞ്ചോ കശുവണ്ടി മരങ്ങൾ. സാധാരണക്കാരന്റെ കൃഷിയായ കശുവണ്ടി ഒരിക്കലും കാസർകോട്കാരൻ ശാസ്ത്രീയമായി കൃഷി ചെയ്തിട്ടില്ല.

കശുവണ്ടിക്കൃഷിക്കും ഏറ്റവും വളക്കൂറുള്ള കാസർകോടൻ മണ്ണിൽ കശുവണ്ടിത്തോട്ടം ഉണ്ടാക്കാൻ പ്ലാന്റേഷൻ കോർപ്പറേഷൻ തീരുമാനിക്കുന്നു. 11 -ഓളം പഞ്ചായത്തുകളിലുള്ള സർക്കാർ ഭൂമി ഇതിനായി പാട്ടത്തിന് എടുക്കുന്നു. 12,000 ഏക്കർ ഭൂമിയിൽ ശാസ്ത്രീയമായി കശുവണ്ടിക്കൃഷി ആരംഭിക്കുന്നത് ഏതാണ്ട് നാല് പതിറ്റാണ്ടുകൾക്ക് മുമ്പാണ്. കശുവണ്ടിപ്പൂക്കളെ ബാധിക്കുന്ന തേയിലക്കൊതുകുകളെ നശിപ്പിക്കാൻ കീടനാശിനി തളിക്കാൻ ആരംഭിച്ചത്. 1978 മുതൽ എൻഡോസൾഫാൻ എന്ന മാരകമായ കീടനാശിനിയാണ് മരുന്നുതളിക്കായി ഉപയോഗിച്ചത്. ആദ്യഘട്ടത്തിൽ റോക്കർ സ്പ്രേയിലൂടെയായിരുന്നു മരുന്നുതളി. എന്നാൽ പിന്നീട് ഹെലികോപ്റ്റർ ഉപയോഗിച്ച് ആകാശത്തിൽ നിന്നും വ്യാപകമായി മരുന്നുതളി തുടങ്ങി. കീടനാശിനി തളിക്കുമ്പോൾ എടുക്കേണ്ട മുൻകരുതലുകളൊന്നും പാലിച്ചില്ല. കശുമാവിൻ തോട്ടത്തിനകത്തും, തോട്ടത്തിന് ചേർന്ന്കിടക്കുന്ന പ്രദേശങ്ങളിലും താമസിക്കുന്നവരുടെ നിലങ്ങളിലാണ് ഈ വിഷദ്രാവകത്തിന്റെ നല്ലൊരു പങ്ക് പതിച്ചത്. പ്ലാന്റേഷൻ തോട്ടത്തിനകം 300 -ഓളം കുടുംബങ്ങളും, തോട്ടത്തിന് ചേർന്നുള്ള പ്രദേശങ്ങളിൽ 2,026 കുടുംബങ്ങളും താമസിച്ചുവരുന്നതായാണ് കോർപ്പറേഷൻ അധികൃതരുടെ കണക്ക്. ബദിയടുക്ക, കുമ്പഡാജെ, എൺമകജെ, ബെള്ളൂർ, കാറഡുക്ക, മുളിയാർ, പുല്ലൂർ-പെരിയ, അജാനൂർ, കള്ളാർ, പനത്തടി, കയ്യൂർ-ചീമേനി എന്നീ പഞ്ചായത്തുകളിൽ പരന്ന് കിടക്കുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിലും പരിസരത്തും താമസിക്കുന്നവരുടെ നരക ജീവിതം അന്നുതുടങ്ങി.

മരുന്നു തളിക്കാൻ മുൻകരുതലുകൾ എടുക്കാത്തതിനെ തുടർന്ന് കീടനാശിനി സമീപപ്രദേശത്തെ ജലാശയങ്ങളിലും, ജലസ്രോതസ്സുകളിലും, മണ്ണിലും കലർന്നു. കീടനാശിനിയുടെ ഭീകരത മനസ്സിലാകാത്ത ജനങ്ങൾ പതിറ്റാണ്ടുകളായി ഈ ജലം കുടിക്കുകയും, അതിൽ കുളിക്കുകയും ചെയ്തു. മണ്ണിലും എൻഡോസൾഫാൻ ഇഴുകിച്ചേർന്നു. ഈ നാട്ടിലെ വെള്ളവും, വായുവും, മണ്ണും വിഷലിപ്തമായി. മരുന്നുതളി തുടർന്നതോടെ കശുവണ്ടിക്കാടുകളിൽ ഇതിനുമുമ്പ് വ്യാപകമായി കാണപ്പെട്ടിരുന്ന അണ്ണാൻ, മുള്ളൻ പന്നി, കീരി, മരപ്പട്ടി, തേനീച്ച, വിവിധ ഇനം പാമ്പുകൾ, പക്ഷികൾ, ജലാശയങ്ങളിലെ മൽസ്യങ്ങൾ, തവളകൾ തുടങ്ങിയ വിവിധ ജന്തുക്കൾ അപ്രത്യക്ഷമായി. കാക്കകളെ പോലും കാണാത്ത അവസ്ഥയാണുണ്ടായത്. സൂക്ഷ്മ നിരീക്ഷണം ചെയ്തതോടെ കന്നുകാലികളിൽ വ്യാപകമായ വന്ധ്യതയും, ജനിക്കുന്ന പശുക്കുട്ടികൾക്ക് അംഗവൈകല്യങ്ങളും കാണപ്പെടുകയുണ്ടായി.

ഭീകര രോഗങ്ങൾക്കും ശാരീരിക - മാനസിക വൈകല്യങ്ങൾക്കും കാസർകോടിന്റെ മക്കൾ അടിമപ്പെട്ടു. ആദ്യഘട്ടത്തിൽ ഈ വിഷത്തിന്റെ ദോഷവശങ്ങൾ സാധാരണക്കാർക്ക് അറിയില്ലായിരുന്നു. എന്നാൽ ഈ മാരക വിഷത്തിന്റെ ദോഷങ്ങളെ കുറിച്ച്



എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിതരണം ചെയ്യുന്നു.



**ബഡ്സ് സ്കൂളിലെ എൻഡോസൾഫാൻ ബാധിതരായ കുട്ടികൾ**

അറിയുന്ന ഇത് തളിച്ചവരും, തളിക്കാൻ നിർദേശിച്ചവരും ഒന്നും മിണ്ടിയില്ല. കശുവണ്ടി വർധിക്കട്ടെ, മറ്റൊന്നും നമ്മൾ അറിയേണ്ട എന്ന ഭാവമായിരുന്നു അവർക്ക്. ഇതോടെ പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങൾ സ്ഥിതിചെയ്യുന്ന 11 പഞ്ചായത്തുകളെയും ഈ ദുരന്തം പൂർണമായും ഗ്രസിച്ചു. തിരിച്ചറിയാനാകാത്ത നിരവധി രോഗങ്ങൾക്ക് ഇരയായി അമ്മമാരും, കുട്ടികളും, യുവാക്കളും മരണത്തിലേക്ക് ആണ്ടുപോവുകയായിരുന്നു. കീടനാശിനിയുടെ ഫലമായി ജനിക്കുന്ന കുട്ടികളിൽ നല്ലൊരു ശതമാനം ജനിതക വൈകല്യങ്ങൾക്ക് ഇരയാവുകയും ചെയ്തു. അപ്പോഴേക്കും എൻഡോസൾഫാൻ മനുഷ്യരിലും ഭീകര ദുരന്തം വിതച്ചുകൊണ്ടിരുന്നു. സ്ത്രീ - പുരുഷന്മാരിൽ വന്ധ്യത, അംഗവൈകല്യം, മാനസിക വൈകല്യം, ഞരമ്പ് സംബന്ധമായ രോഗങ്ങൾ, സെറിബ്രൽ പാൾസി, കാൻസർ, അപസ്മാരം, ഹോർമോൺ വൈകൃതം, തൈറോയ്ഡ് പ്രശ്നങ്ങൾ, ഹൈഡ്രോഫെലസ് ഉൾപ്പെടെ ചികിൽസിച്ചാൽ ഭേദമാകാത്ത, ആരുടേയും കണ്ണും കരളും അലിയിപ്പിക്കുന്ന വിവിധ മാരക രോഗങ്ങൾക്ക് ഒരു ജനസമൂഹം ഇരയാകുന്ന കാഴ്ച്ചയാണ് കാണാൻ സാധിച്ചത്.

അജ്ഞാത രോഗങ്ങൾക്ക് ജനങ്ങൾ ഇരയാവുകയും മാനസിക-ശാരീരിക വൈകല്യമുള്ള കുഞ്ഞുങ്ങളുടെ ജനനം വർധിക്കുകയും ചെയ്തതോടെ ചില സന്നദ്ധ സംഘടനകളും, വിവിധ വ്യക്തികളും ഈ വിപത്തിനെ കുറിച്ച് ജനങ്ങളെ ബോധവത്കരിക്കാനും, പ്രശ്നം അധികൃതരുടെയും സർക്കാറിന്റെയും ശ്രദ്ധയിൽ കൊണ്ടുവരാനും തുടങ്ങി. എൻഡോസൾഫാൻ നിരോധിക്കണമെന്ന് കോടതി ഉത്തരവ് വന്നതോടെ അധികൃതർ ഈ വിഷയത്തിൽ ഗൗരവമായി ചിന്തിച്ചുതുടങ്ങി. 2001- ൽ സംസ്ഥാന സർക്കാർ തന്നെ കേരളത്തിൽ എൻഡോസൾഫാൻ നിരോധിച്ചുകൊണ്ട് ഉത്തരവിറക്കി. ഇതോടെ ഹെലികോപ്റ്റർ ഉപയോഗിച്ചുകൊണ്ടുള്ള എൻഡോസൾഫാൻ ഏരിയൽ സ്പ്രേ നിർത്തിവെച്ചു.

ജില്ലയിലെ ജനങ്ങൾക്കുണ്ടായ ദുരന്തത്തെ കുറിച്ച് 13 -ഓളം വിവിധ വിദഗ്ധ സംഘങ്ങളും, സമിതികളും പഠനങ്ങൾ നടത്തി. ഇവിടത്തെ വെള്ളത്തിലും, മണ്ണിലും, ജനങ്ങളുടെ രക്തത്തിലും എൻഡോസൾഫാൻ കലർന്നിട്ടുണ്ടെന്നും, വിവിധ അപൂർവ രോഗങ്ങൾക്കും, മാനസിക-ശാരീരിക വൈകല്യങ്ങൾക്കും ഈ കീടനാശിനിതളി തന്നെ കാരണമെന്നും പഠന സംഘങ്ങൾ കണ്ടെത്തുകയും ചെയ്തു. 1978 മുതൽ അനധികൃത കണക്കനുസരിച്ച് ഈ 11 പഞ്ചായത്തുകളിൽ 4,000 പേരെങ്കിലും എൻഡോസൾഫാൻ മൂലം മരിച്ചിട്ടുണ്ടെന്നാണ് കണക്ക്. 9,000 പേർ വിവിധ മാരക രോഗങ്ങൾക്കും, വൈകല്യങ്ങൾക്കും ഇരയായിട്ടുണ്ട്. 1995 മുതൽ 662 പേർ മരിച്ചതായും, 4,530 പേർ വിവിധ രോഗങ്ങൾക്ക് ഇരയായതുമാണ് അധികൃത കണക്കുകൾ വ്യക്തമാക്കുന്നത്. എൻഡോസൾഫാൻ ബാധിച്ച പ്രദേശങ്ങളിലെ ഗർഭസ്ഥശിശുക്കളിൽ അംഗവൈകല്യം കണ്ടുവന്നതോടെ ഗർഭിണികൾ വ്യാപകമായി ഭ്രൂണഹത്യ നടത്തുന്നതായും, ഈ കാര്യം രഹസ്യമായി സൂക്ഷിച്ചുവരുന്നതായും പഠനങ്ങളിൽ നിന്നും വ്യക്തമായിട്ടുണ്ട്. എൻഡോസൾഫാൻ ബാധിച്ച് രോഗികളായവരുടെ പട്ടികയിൽ ഇനിയും നിരവധി ആൾക്കാരുടെ പേര് ഉൾപ്പെടുത്തേണ്ടി വരും. പക്ഷെ സാമ്പത്തികമായി മെച്ചപ്പെട്ട സ്ഥിതിയിലുള്ള പലരും ഈ പട്ടികയിൽ പേര് ചേർക്കാൻ താത്പര്യം കാണിക്കുന്നില്ല. എൻഡോസൾഫാൻ രോഗികൾ എന്ന് പറയാനോ, അത്തരം ആനുകൂല്യം വാങ്ങാനോ അഭിമാനികളായ ഇവർ തയ്യാറല്ല. എൻഡോസൾഫാൻ രൂക്ഷത മനസ്സിലാക്കിയ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് കെ ജി ബാലകൃഷ്ണൻ നേരിട്ട് ജില്ലയിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ചു തെളിവെടുത്തു. കേന്ദ്ര മാനവശേഷി വികസന വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്യുപ്പേഷണൽ ഹെൽത്തും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ സയൻസും പഠനം നടത്തി ഈ ദുരന്തം എൻഡോസൾഫാൻ മൂലമാണെന്ന് സ്ഥിരീകരിച്ചിട്ടുണ്ട്.

പ്രശ്നം രൂക്ഷമായതോടെ രാഷ്ട്രീയ സന്നദ്ധ സംഘടനകൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവ ഈ വിപത്തിനെതിരെ മുറവിളി കൂട്ടുകയാണ്. സർക്കാരിന്റെ ശ്രദ്ധയിൽ പ്രശ്നം വന്നതോടെ ദുരിതബാധിതരെ സഹായിക്കുന്ന ദൗത്യം കേരള സർക്കാർ തന്നെ ഏറ്റെടുത്തു. ഇതിന്റെ ഭാഗമായി ദുരിത ബാധിതർക്ക് വിദഗ്ധ ചികിൽസ, സഹായ ധനം, മരിച്ചവരുടെ കുടുംബങ്ങൾക്ക് ആശ്വാസധനം തുടങ്ങിയ സമ്പൂർണ പുനരധിവാസ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ആരംഭിച്ചു. ഇതിന്റെ ആദ്യഘട്ടമായി 186 പേർക്ക് മുഖ്യമന്ത്രി

യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000 രൂപ ധനസഹായം വിതരണം ചെയ്യുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ നേരിട്ട് കാസർകോട്ട് വന്ന് തുക വിതരണം ചെയ്തു ദുരിത കുടുംബങ്ങളെ ആശ്വസിപ്പിക്കുകയായിരുന്നു.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മരിച്ചവരുടെ കുടുംബത്തിനുള്ള പരിഹാര ധനം 50,000 രൂപയിൽ നിന്നും ഒരു ലക്ഷമായി ഉയർത്തുകയും ചെയ്തു. ഇതനുസരിച്ച് നേരത്തേ സഹായധനം നൽകിയ 186 പേർക്ക് അനുവദിച്ച ബാക്കി 50,000 രൂപ മുഖ്യമന്ത്രി നേരിട്ട് വന്ന് വിതരണം ചെയ്തു. കൂടാതെ 1995 മുതൽ എൻഡോസൾഫാൻ മൂലം മരിച്ച 486 പേരുടെ കുടുംബത്തിനുംകൂടി മുഖ്യമന്ത്രി ഒരു ലക്ഷം രൂപ വീതം അനുവദിക്കുകയും വിതരണം നടത്തുകയും ചെയ്തു. കാസർകോട് ജനറൽ ആശുപത്രിയിൽ വിദഗ്ധ ചികിൽസ ലഭ്യമാക്കാനുള്ള നടപടിയും ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ബാധിച്ചു മരിച്ച കുടുംബങ്ങളിലെ സ്കൂൾ കുട്ടികൾക്കായി 1,000 രൂപ മുതൽ 2,500 രൂപവരെ ധനസഹായവും മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിതരണം ചെയ്തു. ഏഴാം ക്ലാസ് വരെയുള്ള സ്കൂൾ കുട്ടികൾക്കുള്ള സഹായധനം 2,000 രൂപയായും, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് 3,000 രൂപയായും, പ്ലസ് ടു വിദ്യാർത്ഥികൾക്ക് 4,000 രൂപയായും വർധിപ്പിച്ചു. ഇതു കൂടാതെ ജില്ലയിലെ കാസർകോട്, ചീമേനി എന്നിവിടങ്ങളിൽ 50 എൻഡോസൾഫാൻ രോഗികൾക്കുള്ള പഞ്ചകർമ ചികിൽസാകേന്ദ്രവും മുഖ്യമന്ത്രി ജനങ്ങൾക്കായി സമർപ്പിച്ചു.

കാസർകോട് ജനറൽ ആശുപത്രി, കാഞ്ഞങ്ങാട്ടുള്ള ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ എൻഡോസൾഫാൻ രോഗികൾക്കായി പ്രത്യേക വാർഡ് ആരംഭിച്ചിട്ടുണ്ട്. ഇതു കൂടാതെ തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, കോഴിക്കോട്, പരിയാരം മെഡിക്കൽ കോളേജുകൾ, തലശ്ശേരി മലബാർ കാൻസർ സെന്റർ, എന്നിവിടങ്ങളിൽ രോഗബാധിതർക്ക് സൗജന്യമായി വിദഗ്ധചികിൽസ നൽകി വരുന്നുണ്ട്. കാസർകോട്ട്നിന്ന് അമ്പത് കിലോമീറ്റർ അകലെയുള്ള മംഗലാപുരത്തെ പ്രധാനപ്പെട്ട ആശുപത്രികളിലും സൗജന്യ ചികിൽസ ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എൻഡോസൾഫാൻ രോഗികൾക്ക് സൗജന്യ ചികിൽസയ്ക്കായി ബയോമെട്രിക് കാർഡ് നൽകുകയുമുണ്ടായി.

ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പി പി ശ്യാമളാദേവി, ജില്ലാ കളക്ടർ കെ എൻ സതീഷ് എന്നിവരുടെ നേതൃത്വത്തിൽ എൻഡോസൾഫാൻ വിക്ടിംസ് റിലീഫ് ആന്റ് റെമഡിയേഷൻ സെല്ല് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. എം പി, എം എൽ എ മാർ, പഞ്ചായത്തു പ്രസിഡണ്ടുമാർ തുടങ്ങിയവർ സെല്ലിൽ അംഗങ്ങളാണ്. ജില്ലയിൽ ഇതിനകം തന്നെ വിദഗ്ധരടങ്ങിയ 17 മെഡിക്കൽ ക്യാമ്പുകളിലായി 16,000 – ത്തോളം രോഗികളെ പരിശോധിക്കുകയും, ഇവരിൽ 4,530 പേർ എൻഡോസൾഫാൻ രോഗികളെന്ന് സെൽ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇവർക്കുള്ള പുനരധിവാസ പദ്ധതിക്ക് ഈ സെല്ലാണ് നേതൃത്വം നൽകുന്നത്. എൻഡോസൾഫാൻ ബാധിച്ച രോഗികളെ മൂന്ന് വിഭാഗങ്ങളായി തിരിക്കുകയും അതിൽ കിടപ്പിലായവർക്കും, അംഗവൈകല്യം, മാനസിക വൈകല്യം എന്നിവ ബാധിച്ചവർക്ക് 2,000 രൂപ മാസ പെൻഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു രോഗികൾക്ക് 1,000 രൂപ വീതം പെൻഷനും നൽകി വരുന്നു.

വിവിധ വികലാംഗർക്ക് സഹായ ഉപകരണങ്ങളും വിതരണം ചെയ്തു വരുന്നുണ്ട്. എൻഡോസൾഫാൻ ബാധിച്ച 11 പഞ്ചായത്തുകളിലും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂൾ ആരംഭിച്ചു. ദുരിതബാധിതരിൽ എ പി എൽ കാർക്കും ബി പി എൽ ആനുകൂല്യം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. രോഗം ബാധിച്ചു കിടപ്പിലായവരെ ചികിൽസിക്കാൻ സാന്ത്വന ചികിൽസ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ആഴ്ചയിൽ ഒരിക്കലെങ്കിലും ആരോഗ്യ പ്രവർത്തകർ ഈ രോഗികളെ സന്ദർശിച്ച് മരുന്നും ആവശ്യമായ നിർദേശങ്ങളും നൽകി വരുന്നു. ഡോക്ടർമാർ, ഫിസിയോ തെറാപ്പിസ്റ്റ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർ വിവിധ പഞ്ചായത്തുകളിൽ മാസത്തിൽ രണ്ട് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. കിടപ്പിലായ രോഗികളെ ഡോക്ടർമാർ നേരിട്ട് സന്ദർശിച്ച് ചികിൽസ നൽകിവരുന്നു. എൻഡോസൾഫാൻ ബാധിച്ചവരുടെ പ്രശ്നങ്ങൾ അറിഞ്ഞ് അവ പരിഹരിക്കാനായി 11 പഞ്ചായത്തുകളിലും പ്രത്യേക ഐ.സി. ഡി.എസ്.സൂപ്പർവൈസർമാരെ നിയോഗിച്ചിട്ടുണ്ട്.

കീടനാശിനി ദുരന്തം മൂലം മരിച്ചവരുടെ കുടുംബങ്ങൾക്ക് ആശ്വാസ ധനമായി 10 ലക്ഷം രൂപ വീതം നൽകണം. ഭോപ്പാൽ ദുരന്ത പരിഹാര മാതൃകയിൽ ഒരു പ്രത്യേക ട്രിബ്യൂണൽ സ്ഥാപിച്ചു മരണപ്പെട്ടവരുടെ ആശ്രിതർക്ക് പരിഹാരം ലഭ്യമാക്കണം. ജില്ലയിലെ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം തുടങ്ങി സമ്പൂർണ പുനരധിവാസ പാക്കേജ് നടപ്പിലാക്കണമെന്നതാണ് സെല്ലിന്റെ ആവശ്യം.

അതെ, കാസർകോട്, എൻഡോസൾഫാൻ എന്ന വിഷമഴദുരന്തത്തിൽ അമർന്നുകഴിഞ്ഞു. ഒരുപാട് ജീവനുകൾ പൊലിഞ്ഞുപോയി. അരജീവനുകളായി കുറെയേറെ പേർ. നൂറുക്കണക്കിന് വികലാംഗരും, ബുദ്ധിമാന്ദ്യം സംഭവിച്ചവരുമായി ജീവിതം തള്ളിനീക്കുന്നു. ഇവരെ ഒരിക്കലും ചികിൽസിച്ചു ഭേദമാക്കാൻ കഴിയില്ല. അവരുടെ കുടുംബങ്ങളുടെ കണ്ണീരൊപ്പാൻ മാത്രമേ നമുക്ക് കഴിയുകയുള്ളൂ. ശിഷ്ടജീവിതത്തിൽ അവർക്കാവശ്യമായ മരുന്ന്, ഭക്ഷണം, സഹായ ഉപകരണങ്ങൾ, താമസം എന്നീ അടിസ്ഥാന സൗകര്യങ്ങളെങ്കിലും ചെയ്തു കൊടുക്കേണ്ടത് നമ്മുടെ കടമയാണ്. സർക്കാർ അത്തരം കാര്യങ്ങൾക്കാണ് ഊന്നൽ നൽകിവരുന്നത്. ഈ സംരംഭത്തിൽ സമൂഹത്തിന്റെ ഓരോ വ്യക്തിയും പങ്കാളിയാവണം. ■

*(കാസർകോട് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ അസിസ്റ്റന്റ് എഡിറ്ററാണ് ലേഖകൻ)*



**ബഡ്സ് സ്കൂൾ മുഖ്യമന്ത്രി സന്ദർശിക്കുന്നു**

# ആലപ്പുഴയിൽ രാഷ്ട്രപിതാവിന്റെ പ്രതിമ അനാച്ഛാദനം ചെയ്തു

ആലപ്പുഴ സിവിൽ സ്റ്റേഷൻ അങ്കണത്തിലെ ഗാന്ധി സ്മൃതിമണ്ഡപത്തിൽ സ്ഥാപിച്ചിട്ടുള്ള മഹാത്മാ ഗാന്ധിയുടെ പൂർണകായ വെങ്കലപ്രതിമ വൻ ജനാവലിയെ സാക്ഷിനിർത്തി കേന്ദ്ര പ്രതിരോധമന്ത്രി എ.കെ. ആന്റണി അനാച്ഛാദനം ചെയ്തു. രാഷ്ട്രപിതാവിന്റെ പ്രതിമ സ്ഥാപിച്ചിരിക്കുന്ന ജില്ലാഭൂപടമാതൃകയിലുള്ള ഗാന്ധി സ്മൃതിമണ്ഡപം അദ്ദേഹം പൊതുജനങ്ങൾക്കു സമർപ്പിച്ചു. ഇതോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സ്മരണികയുടെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. സമിതിയുടെ പ്രഥമ ചെയർമാനായിരുന്ന മുൻ ജില്ലാ കളക്ടർ പി. വേണുഗോപാൽ പ്രതിരോധമന്ത്രിയിൽ നിന്ന് സ്മരണിക ഏറ്റുവാങ്ങി.

ചടങ്ങിൽ കേന്ദ്ര ഊർജ സഹമന്ത്രി കെ.സി. വേണുഗോപാൽ അധ്യക്ഷത വഹിച്ചു. പരിപാടിയുടെ ഭാഗമായി ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഗാന്ധി ചിത്രപ്രദർശനം മന്ത്രി കെ.സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. നിയമസഭാ പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദന്റെ സന്ദേശം ചടങ്ങിൽ വായിച്ചു. ഗാന്ധി സ്മൃതിമണ്ഡപത്തോടനുബന്ധിച്ചുള്ള വൃക്ഷോദ്യാനത്തിൽ വിശിഷ്ടാതിഥികൾ വൃക്ഷത്തൈകൾ നട്ടു. വനം വകുപ്പിന്റെ സഹകരണത്തോടെയാണ് വൃക്ഷോദ്യാനം നിർമിക്കുന്നത്.

മാവേലിക്കര എം.പി. കൊടിക്കുന്നിൽ സുരേഷ് മുഖ്യപ്രഭാഷണം നടത്തി. സ്വാതന്ത്ര്യസമരസേനാനികളായ പി.കെ. ചന്ദ്രാനന്ദൻ, കെ.കെ. മുഹമ്മദ്, കെ.എസ്. രാഘവൻ പിള്ള എന്നിവരെ ജി. സുധാകരൻ എം.എൽ.എ. ആദരിച്ചു. ഗാന്ധി സ്മൃതിമണ്ഡപം സമിതി രക്ഷാധികാരി കല്ലേലി രാഘവൻ പിള്ള ഗാന്ധി സന്ദേശം നൽകി. എം.എൽ.എ.മാരായ പി.സി. വിഷ്ണുനാഥ്, എ.എം. ആരിഫ്, പി. തിലോത്തമൻ, ആർ. രാജേഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. യു. പ്രതിഭാഹരി, നഗരസഭാധ്യക്ഷ മേഴ്സി ഡയാന മാസിഡോ, വാർഡ് കൗൺസിലർ ഹസീനാ അമാൻ, ജില്ലാ പൊലീസ് ചീഫ് സി.എച്ച്. നാഗരാജു എന്നിവർ ആശംസ നേർന്നു.

കഴിഞ്ഞ വർഷം ജില്ലാ ഇൻഫർമേഷൻ ഓഫീസറുടെ നേതൃത്വത്തിൽ അഹമ്മദാബാദിലെ സബർമതി ഗാന്ധി ആശ്രമം സന്ദർശിച്ച സ്മൃതി മണ്ഡപം സമിതിയംഗങ്ങൾ അവിടെ നിന്നു ശേഖരിച്ച മഹാത്മാവിന്റെ പാദസ്പർശമേറ്റ പവിത്രമായ മണൽ കുംഭം ആത്മീയാചാര്യന്മാരായ, തന്ത്രിമുഖ്യൻ പുതുമന ശ്രീധരൻ നമ്പൂതിരി, ആലപ്പുഴ ബിഷപ്പ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴി, പാലസ് പള്ളി ഇമാം ഡോ. എം.എം. ഹനീഫ് മൗലവി എന്നിവർ സ്മൃതിമണ്ഡപത്തിൽ പ്രത്യേകം തയ്യാറാക്കിയ പേടകത്തിൽ നിക്ഷേപിച്ചു. പ്രതിമ-സ്മൃതിമണ്ഡപനിർമാണനിധിയിലേക്ക് ആദ്യസംഭാവന നൽകിയ നൂറനാട് ലെപ്രസി സാനിട്ടോറിയം പ്രതിനിധി പാഞ്ചാലി അമ്മ, ശിൽപി ബിജു ജോസഫ് എന്നിവരെയും ചടങ്ങിൽ ആദരിച്ചു. അവർക്ക് സമിതിയുടെ പ്രത്യേകോപഹാരവും നൽകി.

സ്മൃതിമണ്ഡപം സമിതി ജോയിന്റ് സെക്രട്ടറിയും ജില്ലാ ഇൻഫർമേഷൻ ഓഫീസറുമായ എൻ. സുനിൽ കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ കളക്ടറുടെയും സമിതി ചെയർമാന്റെയും ചുമതല വഹിക്കുന്ന അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് കെ.പി. തമ്പി സ്വാഗതവും സമിതി വൈസ് ചെയർമാൻ ദേവദത്ത് ജി. പുറക്കാട് നന്ദിയും പറഞ്ഞു.



ഗാന്ധിജിയുടെ വെങ്കലപ്രതിമ കേന്ദ്രപ്രതിരോധമന്ത്രി എ.കെ. ആന്റണി അനാച്ഛാദനം ചെയ്യുന്നു

ഗാന്ധി ജയന്തി വാരാഘോഷവുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ വർഷം കളക്ട്രേറ്റിൽ നടന്ന യോഗത്തിലാണ് ഗാന്ധിപ്രതിമയും സ്മൃതിമണ്ഡപവും നിർമിക്കാൻ തീരുമാനിച്ചത്. തുടർന്ന് കേരളപ്പിറവി ദിനമായ നവംബർ ഒന്നിന് ഗാന്ധി സ്മൃതി മണ്ഡപത്തിന് തറക്കല്ലിട്ടു. ഫെബ്രുവരി 28ന് രാഷ്ട്രപിതാവിന്റെ പൂർണകായ വെങ്കലപ്രതിമ സമിതിയുടെ നേതൃത്വത്തിൽ മാവേലിക്കരയിലെ ശിൽപ്പശാലയിൽ നിന്ന് സിവിൽ സ്റ്റേഷൻ അങ്കണത്തിലെ ഗാന്ധി സ്മൃതി മണ്ഡപത്തിലെത്തിച്ചു. എട്ടടി ഉയരമുള്ള വെങ്കലപ്രതിമയ്ക്ക് 1050 കിലോഗ്രാം തൂക്കമുണ്ട്.

**കെ.ആർ. പ്രമോദ് കുമാർ**
*അസിസ്റ്റന്റ് എഡിറ്റർ,*
*ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ*



വിവരപൊതുജനവകുപ്പ് സംഘടിപ്പിച്ച ഗാന്ധി ചിത്രപ്രദർശനം കേന്ദ്ര ഊർജ്ജസഹമന്ത്രി കെ.സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

# 25 ലക്ഷം വീടുകളിൽ അടുക്കളത്തോട്ടം



ഹരിത സമൃദ്ധി 2011 പച്ചക്കറി വികസന പദ്ധതിയുടെ ഉദ്ഘാടനം കൃഷിമന്ത്രി കെ.പി. മോഹനൻ നിർവഹിക്കുന്നു

**വീ**ടുകളിൽ പച്ചക്കറിത്തോട്ടം ! പഴയ വീടുകളിൽ അതുണ്ടായിരുന്നു. മുളക്, വെണ്ട, പാവൽ, ചീര എന്നിങ്ങനെ ഒരു വീടിന് ആവശ്യംവേണ്ട പച്ചക്കറി വിഭവങ്ങൾ. അക്കാലം യാത്രപറഞ്ഞിട്ട് വർഷങ്ങളായി. പുതിയ ജീവിത സാഹചര്യങ്ങളിൽ കൃഷി എന്നത് മാറ്റിവയ്ക്കേണ്ട ഒന്നായി നാം കരുതി. അതിന്റെ ഫലമായി അന്യനാടുകളെ നമുക്ക് ആശ്രയിക്കേണ്ടിവന്നു. അതിനൊരുമാറ്റമാണ് സർക്കാരിന്റെ ഹരിതസമൃദ്ധി പദ്ധതി. 25 ലക്ഷം വീടുകളിൽ അടുക്കളത്തോട്ടം നിർമിക്കുന്ന ഈ പദ്ധതിയിലൂടെ നമുക്ക് ആവശ്യമായ പച്ചക്കറിയുണ്ടാക്കാനാവും. സംസ്ഥാന സർക്കാരിന്റെ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി വിത്ത് പായ്ക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതിയ്ക്ക് സർക്കാർ 250 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ജൂലൈ ഒമ്പതിന് കോഴിക്കോട് വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിൽ ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൃഷി മന്ത്രി കെ.പി മോഹനൻ നിർവഹിച്ചു.

'പച്ചക്കറി ഉത്പാദനത്തിൽ രണ്ടു വർഷത്തിനകം സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുകയാണ് ലക്ഷ്യ' മെന്ന് മന്ത്രി പറഞ്ഞു. ആളുകളെ കൃഷിയിൽ നിന്നകറ്റാൻ കാരണം കൃഷിക്കുള്ള സാമ്പത്തികച്ചെലവ് വർധിക്കുന്നതാണ്. തൊഴിലുറപ്പ് പദ്ധതി ഇപ്പോൾ പ്രധാനമായും ഉത്പാദനക്ഷമമല്ലാത്ത മേഖലയിലാണ് നടപ്പാക്കുന്നത്. കാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി തൊഴിലുറപ്പ് പദ്ധതി അറുപതുശതമാനമെങ്കിലും കാർഷികവൃത്തിക്കായി മാറ്റിവെക്കുവാൻ തദ്ദേശഭരണം, തൊഴിൽ മന്ത്രിമാർ തമ്മിൽ ധാരണയായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

പ്രായപൂർത്തിയായ ഒരാൾ ദിവസം 285 ഗ്രാം പച്ചക്കറി കഴിക്കണമെന്നാണ് ഐ.സി.എം.ആർ നിഷ്കർഷിക്കുന്നത്. ഇതിന് ഒരു വർഷം 34 ലക്ഷം ടൺ പച്ചക്കറി ആവശ്യമായിവരും. പ്രതിദിനം കഴിക്കുന്ന പച്ചക്കറിയുടെ അളവ് 125 ഗ്രാമാണ്. ഒരുവർഷം ഇതിനായി 15 ലക്ഷം ടൺ പച്ചക്കറി വേണ്ടിവരും. കേരളത്തിലിപ്പോൾ ഉത്പാദിപ്പിക്കുന്ന പച്ചക്കറി വെറും 7 ടൺ മാത്രമാണ്. ബാക്കി അൻപതു ശതമാനത്തിൽ കൂടുതലും അന്യസംസ്ഥാന

# കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കൂടുതൽ തടയണകൾ നിർമിക്കും

**തൃ**ശൂർ ജില്ലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കൂടുതൽ തടയണകൾ നിർമിക്കുമെന്ന് ജലവിഭവ മന്ത്രി പി.ജെ.ജോസഫ് പറഞ്ഞു. ജലസ്രോതസ്സുകൾ ശക്തിപ്പെടുത്തുന്നതിന് തടയണ കൂടുതൽ സഹായകരമാകും. മെഡിക്കൽ കോളേജിലെ ശുദ്ധജലക്ഷാമം പരിഹരിക്കാനും നടപടിയായി. മേത്തല, എറിയാട്, എടവിലങ്ങ് കുടി വെള്ള പദ്ധതി 100 ദിവസത്തിനകം കമ്മീഷൻ ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിക്കണമെന്ന് മന്ത്രി പി. ജെ. ജോസഫ് ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകി.

കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലയിലെ എം.എൽ.എ. മാർ, എം.പി , തദ്ദേശ ഭരണ സ്ഥാപന മേധാവികളുടെ പ്രതിനിധികൾ, വകുപ്പുതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്ത പദ്ധതി പുരോഗതി അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു ജലവിഭവ വകുപ്പുമന്ത്രി. ജലസേചനം, കുടിവെള്ളവിതരണം, നദീതട സംരക്ഷണം. തടയണ നിർമാണം , കടലാക്രമണം തടയുന്നതിനുള്ള പദ്ധതികൾ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ എം.എൽ.എ. മാർ യോഗത്തിൽ ഉന്നയിച്ചു.

പീച്ചിയിൽ നിന്നുള്ള പൈപ്പ് ലൈനിന്റെ നഗരത്തിലുള്ള പൈപ്പ് ലൈൻ സ്ഥാപിക്കാൻ കളക്ടറുടെ നേതൃത്വത്തിൽ ഉടൻ യോഗം വിളിക്കാനും യോഗത്തിൽ തീരുമാനിച്ചു. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിലവിലുള്ള പദ്ധതികൾ പൂർത്തിയാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കണമെന്നും മന്ത്രി നിർദേശം നൽകിയിട്ടുണ്ട്. ചീഫ് എഞ്ചി നീയർ പദ്ധതി പുരോഗതി യഥാസമയം അവലോകനം ചെയ്ത് പോരായ്മ പരിഹരിക്കേണ്ടതാണ്. 13 നിയോജക മണ്ഡലങ്ങളിലേയും കുടി വെള്ള വിതരണത്തിന്റെ പോരായ്മയ്ക്ക് സത്വര പരിഹാരം കാണണം.



പദ്ധതി പുരോഗതി അവലോകന യോഗത്തിൽ ജലവിഭവവകുപ്പ് മന്ത്രി പി.ജെ. ജോസഫ് സംസാരിക്കുന്നു

ജില്ലയിലെ 91 ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്ക് ഇതുവരെ തുക അനുവദിച്ചിട്ടില്ല. 1959 മുതലുള്ള പദ്ധതികൾ ഇതിൽപ്പെടും. അതിൽ അടിയന്തര ശ്രദ്ധ ഉണ്ടാവണമെന്ന് എം.എൽ.എ മാർ ആവശ്യ

ങ്ങളിൽ നിന്നെത്തുന്ന വിഷലിപ്തമായ പച്ചക്കറിയാണ്.

ജൈവവളവും ജൈവകീടനാശിനിയും ഉപയോഗിച്ചുള്ള കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന സമഗ്രപദ്ധതിക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു. വേങ്ങേരി കാർഷികമൊത്ത വ്യാപാര വിപണന കേന്ദ്രം ഒരു വർഷത്തിനകം പൂർണതോതിൽ പ്രവർത്തനക്ഷമമാക്കുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

ചടങ്ങിൽ എ പ്രദീപ്കുമാർ എം.എൽ.എ അധ്യക്ഷത വഹിച്ചു. എം.കെ രാഘവൻ എം.പി സഹായധന വിതരണം നടത്തി. എം.എൽ.എ മാരായ എ.കെ ശശീന്ദ്രൻ, സി മോയിൻകുട്ടി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കാനത്തിൽ ജമീല, കൗൺസിലർ ഒ സദാശിവൻ, രാഷ്ട്രീയ പാർട്ടി നേതാക്കളായ കെ.സി അബു, മനയത്ത് ചന്ദ്രൻ, ടി.വി ബാലൻ, ജോൺ പൂതക്കുഴി എന്നിവർ സംസാരിച്ചു. കൃഷി അഡീഷണൽ ഡയറക്ടർ യു.വി പുഷ്പാംഗദൻ പദ്ധതി വിശദീകരിച്ചു. കൃഷിവകുപ്പ് സെക്രട്ടറി ഡോ: ദേവേന്ദ്രകുമാർധൊദാവത്ത് സ്വാഗതവും പ്രിൻസിപ്പൾ കൃഷി ഓഫീസർ ജി സുദർശനൻ നന്ദിയും പറഞ്ഞു.

***വി. ആർ സന്തോഷ്,***

*അസിസ്റ്റന്റ് എഡിറ്റർ*

*കോഴിക്കോട് ജില്ലാ ഇൻഫർമേഷൻ ഓഫീസ്*

പ്പെട്ടു, മലബാർ ജലസേചന പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾ പൂർത്തിയാക്കാനും നടപടി വേണം. ഇതിന് തുടരനുമതി നൽകണം. കടലാക്രമണം തടയുന്നതിനുള്ള പദ്ധതികൾ സമർപ്പിക്കുമ്പോൾ പുലിമുട്ട് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കണമെന്നും മന്ത്രി പറഞ്ഞു. പുലിമുട്ട് ഇട്ടാൽ 150 മീറ്റർ വരെ കര രൂപപ്പെടുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും ഇത് കൂടുതൽ പ്രയോജനകരമാണെന്നും മന്ത്രി പി. ജെ. ജോസഫ് പറഞ്ഞു.

യോഗത്തിൽ പി, സി. ചാക്കോ എം.പി., എം.എൽ.എ.മാരായ തേറമ്പിൽ രാമകൃഷ്ണൻ, ടി.എൻ. പ്രതാപൻ, തോമസ് ഉണ്ണിയാടൻ, കെ. വി. അബ്ദുൾഖാദർ, ബി. ഡി. ദേവസ്സി, വി.എസ്. സുനിൽകുമാർ, ബാബു എം. പാലിശ്ശേരി, പ്രൊഫ. സി. രവീന്ദ്രനാഥ്, എം.പി. വിൻസന്റ്, പി. എ. മാധവൻ, ഗീത ഗോപി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. വി. ദാസൻ, മേയർ ഐ. പി. പോൾ, വാട്ടർ അതോറിറ്റി എം.ഡി. അശോക്കുമാർ സിംഗ്, നഗര സഭ അധ്യക്ഷൻമാർ, മന്ത്രി സി.എൻ. ബാലകൃഷ്ണന്റെ പ്രതിനിധി പി. എ. ശേഖര, കെ. രാധാകൃഷ്ണൻ എം.എൽഎ. യുടെ പ്രതിനിധി എം. സുലൈമാൻ, എ. ഡി. എം. കെ. എൻ. രാജി, ആർ.ഡി.ഒ. പി. കെ. ജയശ്രീ. വാട്ടർ അതോറിറ്റി ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

***എം.എസ്.അലിക്കുഞ്ഞ്***

*തൃശ്ശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസർ*

# സോഷ്യൽ ഓഡിറ്റ്: കാര്യക്ഷമതയോടെയുള്ള ഇടപെടൽ അനിവാര്യം




**ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന സോഷ്യൽ ഓഡിറ്റിന്റെ ശില്പശാല ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ.കണ്ടമുത്തൻ ഉദ്ഘാടനം ചെയ്യുന്നു.**

ഭരണനിർവഹണ പ്രക്രിയയിലെ അടിസ്ഥാന മൂല്യങ്ങളായ സുതാര്യതയും പങ്കാളിത്തവും കൂടിയാലോചനയും ഉത്തരവാദിത്തവും സത്യസന്ധതയും പദ്ധതികളുടെ ആസൂത്രണ നിർവഹണ പ്രവർത്തനത്തിൽ വ്യവസ്ഥാപിതമാക്കുക എന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ച 'സാമൂഹ്യ ഓഡിറ്റ്', വിഭാവനം ചെയ്യുന്ന അർഥത്തിലും വ്യാപ്തിയിലും നടക്കുന്നുവെന്ന് ഉറപ്പാക്കാൻ കാര്യക്ഷമത യോടെയുള്ള ഉദ്യോഗസ്ഥ ഇടപെടൽ അനിവാര്യമാണ്. വായനാ വാരാഘോഷത്തിന്റെ ഭാഗമായി ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പും സർവോദയകേന്ദ്രവും സംയുക്തമായി പാലക്കാട് ജില്ലാ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ച ശില്പശാലയിൽ പങ്കെടുത്ത സന്നദ്ധ സംഘടനാ പ്രവർത്തകർ ഉന്നയിച്ച അഭിപ്രായമാണിത്. ഇപ്പോൾ സോഷ്യൽ ഓഡിറ്റിന് തുടക്കം കുറിച്ച മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലും പഞ്ചായത്തിരാജ് സംവിധാനത്തിനും ഇതു നടപ്പാക്കാൻ ഭരണാധികാരികളുടെ ഭാഗത്തു നിന്ന് ഇച്ഛാശക്തി ഉണ്ടാകണമെന്നും അവർ പറഞ്ഞു.

നിലവിലെ നിയമമനുസരിച്ച് ഒരു വാർഡിൽ 13 പേരടങ്ങുന്ന ടീമാണ് സോഷ്യൽ ഓഡിറ്റ് നടത്തുന്നത്. പാലക്കാട് ജില്ലയിൽ നിലവിലുള്ള വാർഡുകളുടെ എണ്ണത്തിന്റെ കണക്കനുസരിച്ച് ഒരു ശതമാനത്തിനുപോലും പരിശീലനം ലഭിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള സത്വരമായ നടപടികളാണ് ആദ്യം ഉണ്ടാകേണ്ടതെന്നും അവർ അഭിപ്രായപ്പെട്ടു.

പദ്ധതി നടത്തിപ്പിന്റെ ഫലപ്രാപ്തി, ധനവിനിയോഗം, ഗുണഭോക്തൃ പ്രദേശത്തിന്റെ തെരഞ്ഞെടുപ്പ് എന്നിവയെപ്പറ്റി പൊതുസമൂഹവും സേവനത്തിന്റെ ഗുണഭോക്താക്കളും ചേർന്ന് നടത്തുന്ന വിലയിരുത്തൽ കൂടിയാണ് സോഷ്യൽ ഓഡിറ്റ്. ഈ പ്രക്രിയ ഒരേ സമയം പൊതുസംവിധാനത്തിന് ജനങ്ങളോടുള്ള ഉത്തരവാദിത്തം ഉറപ്പാക്കാനുള്ള ഉപകരണവും പാർശ്വവത്ക്കരിക്കപ്പെട്ട ജനങ്ങളുടെ ശാക്തീകരണത്തിനുള്ള ഉപാധിയുമാണെന്ന് ശില്പശാല ഉദ്ഘാടനം ചെയ്ത ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ.കണ്ടമുത്തൻ അഭിപ്രായപ്പെട്ടു.

നെഹ്റു യുവകേന്ദ്ര ജില്ലാ യൂത്ത് കോ-ഓഡിനേറ്റർ കെ.കുഞ്ഞുമുഹമ്മദ് അധ്യക്ഷനായിരുന്നു. സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ പരിശീലകൻ പുതുശ്ശേരി ശ്രീനിവാസൻ, അസി.ഡെവലപ്മെന്റ് കമ്മീഷണർ അബ്ദുൾ സലീം എന്നിവർ ക്ലാസുകളെടുത്തു. ജില്ലാ ഇൻഫർമേഷൻ ഓഫീസർ ടി.സി.ജോസഫ് സ്വാഗതവും സർവോദയ മണ്ഡലം നിർദേശകൻ സി.രാമകൃഷ്ണൻ നന്ദിയും പറഞ്ഞു.

***കെ.സി.റാണി***

*അസി. ഇൻഫർമേഷൻ ഓഫീസർ, പാലക്കാട് ജില്ലാ ഇൻഫർമേഷൻ ഓഫീസ്*

ജില്ലകളിലൂടെ

# പച്ചക്കറി വിത്ത് പദ്ധതി നടപ്പാക്കും : കൃഷിമന്ത്രി

**സം**സ്ഥാന സർക്കാറിന്റെ നൂറുദിന കർമപദ്ധതിയിൽപ്പെടുത്തി എല്ലാ വീട്ടിലും പച്ചക്കറിവിത്ത് പദ്ധതി ജില്ലയിൽ നടപ്പാക്കുമെന്ന് കൃഷി-മൃഗ സംരക്ഷണ വകുപ്പുമന്ത്രി കെ.പി. മോഹനൻ പ്രസ്താവിച്ചു. കൂടാളി മൂലക്കരിയിൽ വെജിറ്റബ്ൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ സ്വാശ്രയ കർഷക സമിതി കെട്ടിടോദ്ഘാടനവും കർഷക ആദരണവും നിർവഹിച്ച് സംസാരിക്കയായിരുന്നു അദ്ദേഹം.

വിത്തു മുതൽ വിതരണം വരെ കർഷകരെ സഹായിക്കുക സർക്കാരിന്റെ നയമാണെന്ന് മന്ത്രി പറഞ്ഞു. ചക്കയും മാങ്ങയും പോലുള്ള നാട്ടു വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയണം. 102 മൂല്യ വർധിത ഉൽപന്നങ്ങളാണ് ചക്കയിൽ നിന്നും ഇപ്പോൾ ഉത്പാദിപ്പിച്ചിട്ടുള്ളത്. നമുക്ക് ചുറ്റുമുള്ള വിഭവങ്ങളെ സമാഹരിക്കാനും അവ നിലനിർത്താനും യുവതലമുറയ്ക്ക് താത്പര്യമുണ്ടാകണമെന്നും അദ്ദേഹം പറഞ്ഞു. പ്രമുഖ കർഷകൻ എൻ.വി. നാരായണനെ മന്ത്രി പൊന്നാട അണിയിച്ച് ആദരിച്ചു.

ചടങ്ങിൽ കൂടാളി പഞ്ചായത്ത് പ്രസിഡണ്ട് സീനാ പ്രദീപൻ അധ്യക്ഷത വഹിച്ചു. കീഴല്ലൂർ പഞ്ചായത്ത് പ്രസിഡണ്ട് സുസ്മിത ലാഭവിഹിത വിതരണം നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് പി.കെ.ഷൈമ, വാർഡ് മെമ്പർ വി. ഇന്ദിര, വിവിധ സഹകരണ സംഘം ഭാരവാഹികളായ ടി.വി. വേണുമാസ്റ്റർ, കെ. വേലായുധൻ, പി.കെ. വേണുഗോപാലൻ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ പി.സി ധനരാജൻ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ ആശംസ നേർന്നു. വി.എഫ്.പി.സി.കെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എൻ. വിജയൻ സ്വാഗതവും ജില്ലാ മാനേജർ കെ. സാജൻ ആൻഡ്രൂസ് നന്ദിയും പറഞ്ഞു.


***ഇ.വി.സുഗതൻ***

*കണ്ണൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസർ*



**കൃഷിവകുപ്പിന്റെ സ്വാശ്രയകർഷക സമിതി വിപണി മന്ദിരം കണ്ണൂർ കൂടാളിയിൽ കൃഷിമന്ത്രി ഉദ്ഘാടനം ചെയ്യുന്നു**

## ബാലപഥം



■ **ഷീല ഫെലിക്സ്**

# നൊബേൽ സമ്മാന വിശേഷങ്ങൾ

1833-ൽ സ്വീഡനിലെ സ്റ്റോക്ക് ഹോമിൽ ജനിച്ച ആൽഫ്രഡ് നൊബേലിന്റെ മരണപത്രപ്രകാരമാണ് നൊബേൽ സമ്മാനം ഏർപ്പെടുത്തിയത്.

മനുഷ്യസമൂഹത്തിന്റെ നന്മയ്ക്കായി നൽകുന്ന സംഭാവനകളെ മാനിച്ച് രസതന്ത്രം, ഭൗതികശാസ്ത്രം, വൈദ്യശാസ്ത്രം, സാഹിത്യം, സമാധാനം എന്നീ മേഖലകളിലാണ് നൊബേൽ സമ്മാനം നൽകുന്നത്. 1901 ലാണ് ആദ്യമായി നൊബേൽ സമ്മാനം നൽകിയത്.

1969 മുതലാണ് സാമ്പത്തിക ശാസ്ത്രത്തിന് നൊബേൽ സമ്മാനം നൽകിത്തുടങ്ങിയത്. ബാങ്ക് ഓഫ് സ്വീഡൻ ആണ് സാമ്പത്തിക ശാസ്ത്രത്തിനുള്ള സമ്മാനം ഏർപ്പെടുത്തിയത്.

ഒരു നൊബേൽ സമ്മാനം മൂന്ന് വ്യക്തികൾക്ക് പങ്കുവയ്ക്കാം. സമാധാന നൊബേൽ സമ്മാനം ഒഴികെയുള്ളവ വ്യക്തികൾക്ക് മാത്രമാണ് നൽകുന്നതെങ്കിൽ, സമാധാന നൊബേൽ





സമ്മാനം സ്ഥാപനങ്ങൾക്കും നൽകാറുണ്ട്.

ഐക്യരാഷ്ട്രസഭയ്ക്കും, ഐക്യരാഷ്ട്ര സഭാ സെക്രട്ടറി ജനറലുമായിരുന്ന കോഫി അന്നനുമാണ് 2001-ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചത്.

മരണാനന്തര ബഹുമതിയായി നൊബേൽ സമ്മാനം നൽകാറില്ല. എങ്കിലും നൊബേൽ സമ്മാനത്തിന് നാമനിർദേശം ചെയ്യപ്പെട്ട വ്യക്തി സമ്മാനവിതരണത്തിന് മുൻപ് മരിച്ചുപോയാൽ, അദ്ദേഹത്തിന്റെ അവകാശികൾക്ക് നൊബേൽ സമ്മാനം നൽകും.

ഇന്റർ നാഷണൽ റെഡ്ക്രോസ് സൊസൈറ്റിക്ക് 1917, 1944, 1963 വർഷങ്ങളിൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചിട്ടുണ്ട്.

മെഡലും സർട്ടിഫിക്കറ്റും സമ്മാനത്തുകയുമടങ്ങുന്നതാണ് നൊബേൽ സമ്മാനം. സമ്മാനത്തുക ഏകദേശം ആറരകോടി രൂപയിലധികം വരും.

# മണ്ണിൻ മനം

*"പൂത്തതും കായ്ച്ചതും*
*വിഷമാകിലും, വെട്ടി*
*വീഴ്ത്തായ്ക വൃക്ഷത്തെ*"*
*മണ്ണു ചൊല്ലി.*
*"നിങ്ങളെപ്പോലെന്റെ*
*മക്കളിലൊന്നിതു*
*വെട്ടായ്ക വൃക്ഷത്തെ"*
*മണ്ണു ചൊല്ലി.*
*"ഹേ, മനുഷ്യാ! നിന്റെ*
*തനുവിനു മനം പോലെ*
*മണ്ണിനു മരം വേണം,*
*വെട്ടിടൊല്ലേ!*
*തലയറുത്താൽ തനു*
*ജഡമാകു, മതുപോലെ*
*മരമറുത്താൽ മണ്ണ്*
*ശവസമാനം.*
*കൊടുവെയിൽ സ്വന്തമാം*
*തലയാൽ തടുത്തിങ്ങു*
*തണൽ തരും വൃക്ഷത്തെ*
*വെട്ടിടൊല്ലേ!*
*പലജീവികൾക്കുമേ*
*പലമട്ടിലുപകാര-*
*മരുളുന്ന വൃക്ഷത്തെ*
*വെട്ടിടൊല്ലേ!*
*അമിതാഗ്രഹങ്ങളാ-*
*ലോടാതെ മാനവാ*
*ഒരു മരം നട്ടുനീ*
*അമരനാകൂ!*
*അതിവിപത്തിൽ ഭൂമി*
*വീഴാതിരിക്കട്ടെ*
*ഒരുമരം നട്ടു നീ*
*അമരനാകൂ!"*

** കാളിദാസൻ കുമാരസംഭവത്തിൽ:*
*"വിഷവൃക്ഷോപി സംവർധ്യ സ്വയം ഛേത്തുമസാംപ്രതം"*

**പി.ഐ.ശങ്കരനാരായണൻ**



# പൊതുവിജ്ഞാനം

1. രാഷ്ട്രപതിയുടെ സ്വർണമെഡൽ നേടിയ ആദ്യ മലയാള ചിത്രമായ ചെമ്മീനിന്റെ സംവിധായകൻ?
   രാമുകാര്യാട്ട്
2. ഏറ്റവും കൂടുതൽ അന്താരാഷ്ട്ര അവാർഡുകൾ നേടിയ മലയാള ചിത്രം?
   പിറവി
3. ഇന്ത്യൻ ഹരിതവിപ്ലവത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത്?
   ഡോ. എം.എസ്.സ്വാമിനാഥൻ
4. കേരളത്തിന്റെ ആദ്യ മുഖ്യമന്ത്രി?
   ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാട്
5. 'അന്വേഷിച്ചു, കണ്ടെത്തിയില്ല' ഈ നോവൽ രചിച്ചത്?
   പാറപ്പുറത്ത്
6. 'കേരള പാണിനി' എന്നറിയപ്പെടുന്നത്?
   എ.ആർ.രാജരാജവർമ
7. കേരളത്തിന്റെ ആദ്യ ധനകാര്യമന്ത്രി?
   സി.അച്യുതമേനോൻ
8. ദേശീയ അവാർഡു നേടിയ ആദ്യ മലയാള നടൻ?
   പി.ജെ.ആന്റണി
9. കേരളത്തിലെ പുതിയ നിയമസഭാ സ്പീക്കർ?
   ശ്രീ.ജി.കാർത്തികേയൻ

**തോമസ് ജോൺ**

# കാർഷികാചാരങ്ങൾ കാഴ്ചയും വിചാരവും

(മുരളീധരൻ തഴക്കര)

**വിസ്മൃതിയിലേക്ക് മാഞ്ഞുകൊണ്ടിരിക്കുന്ന ഗതകാലനന്മകളെ പ്രത്യാനയിക്കാനുള്ള ഗ്രന്ഥകർത്താവിന്റെ ശ്രമം ഫലപ്രദമാണെന്ന് ഓരോ വായനക്കാരനും ബോധ്യമാകും**




**കാ**ർഷികസംസ്കൃതിയുമായി അഭേദ്യമായി ചേർന്നിരിക്കുന്നതാണ് കേരളത്തിന്റെ അനുഷ്ഠാനപാരമ്പര്യം.കുളവും കായലും കൈത്തോടും മലനിരകളും കടൽത്തീരവുമൊക്കെ ഇടകലർന്നു കിടന്ന ഒരു ദേശത്തിന്റെ കാർഷിക പ്പെരുമ ഇന്ന് ഗതകാലസ്മരണ മാത്രം. വെട്ടിയും കിളച്ചും ഉഴുതുമറിച്ചും, വേർപ്പുതിരുവോർ കതിർകൊയ്തു പാടും നിലങ്ങൾ ഓർമകളുടെ നിശ്ചലചിത്രങ്ങളായി സമകാലികകേരള ത്തിന്റെ ചുവരിൽ തൂങ്ങുന്നു.

കാർഷികകേരളത്തിന്റെ പഴയ നൻമകൾ പഴകിത്തേഞ്ഞ ഒരു പല്ലവിയായി. അന്നത്തെ കാലങ്ങളിൽ വലിയ വിദ്യാഭ്യാസമോ ലോകപരിചയമോ ഇല്ലാത്ത ഗ്രാമീണരായ മനുഷ്യർ തങ്ങളുടെ കാർഷികവൃത്തിയുടെ ഭാഗമായിത്തന്നെ പുലർത്തിക്കൊണ്ടുവന്ന അനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും ജീവിതോൻമുഖ മായ ഒട്ടേറെ നൻമകൾ തുടിച്ചിരുന്നു. സ്വാർത്ഥതയുടെ പെരുംപാച്ചിൽ കണ്ട് പുരോഗതിയെന്നു തെറ്റിദ്ധരിക്കുന്ന ഒരു ലോകത്തിന് കൈത്തിരിനാളമാകാൻ അത്തരം തുടിപ്പുകൾക്കു കഴിയും. സഹജവും ഹൃദ്യവുമായ ഋതുചക്രം പുലർത്തിയിരുന്ന കേരളത്തിന്റെ നാട്ടുവഴികളിലെ അത്തരം വഴിച്ചൂട്ടുകറ്റകളെ പൊലിപ്പിച്ചെടുക്കുന്ന കൃതിയാണ് മുരളീധരൻ തഴക്കരയുടെ കാർഷികാചാരങ്ങൾ കാഴ്ചയും വിചാരവും.

കറുത്ത ചെട്ടിച്ചികളിൽ ഇടശ്ശേരി വരച്ചിടുന്ന പച്ചയും മഞ്ഞയും മാറിമാറി പാറിക്കളിക്കും പരന്നപാടവും ഫലഭാരനമ്രതരുക്കൾ ചൂഴും നിലയങ്ങളും തിരക്കേറിയ റോഡുകൾക്കും ഫ്ളാറ്റുകൾക്കും വഴിമാറിയ വർത്തമാനകാലത്ത് ഇത്തരം അറിവുകൾക്കെന്ത് പ്രസക്തിയെന്നു തോന്നാം. ഓരോ സംസ്കാരത്തെയും മുന്നോട്ടുനയിക്കുന്നത് പ്രപിതാക്കളുടെ ജീവിതനൻമകൾ കരുപ്പിടിപ്പിച്ച ജീവിതാവേഗമാണ്. ഭൂതകാലത്തിന്റെ ശേഷിപ്പുകളെ തുടച്ചുനീക്കി ലോകത്താരും പുരോഗതിയിലേക്ക് മുന്നേറിയിട്ടില്ലെന്ന് ചരിത്രം പഠിപ്പിക്കുന്നു.

പുതിയ കുഞ്ഞുങ്ങൾക്ക് നഷ്ടമാകുന്ന അനുഭവങ്ങളുടെ വലിയൊരു ലോകം കാർഷികാചാരങ്ങളുടെ കാഴ്ചകളിലൂടെ പകർന്നു നൽകുകയാണ് മുരളീധരൻ തഴക്കര. ഇലഞ്ഞിയുടെയും കൈതയുടെയും പാലയുടെയും പാരിജാതത്തിന്റെയും സുഗന്ധങ്ങൾ, പുന്നെല്ലിന്റെയും പുഴുങ്ങിയ നെല്ലിന്റെയും മണങ്ങൾ. താളും തകരയും ആനത്തൂവയും നെച്ചുണ്ണിയും, ചെമ്പകവും ചേമന്തിയും ചെങ്കുറിഞ്ഞിയും, ചിറ്റാടയും മുക്കുറ്റിയും ചെമ്പരത്തിയും, കണ്ണാന്തളിയും കലമ്പൊട്ടിയും... അപാരമായ വൈവിധ്യത്തിന്റെ സസ്യപ്രപഞ്ചം.

നാട്ടറിവുകളിലും പുരാവൃത്തകഥകളിലും ഭാവിയിലേക്കുള്ള താക്കോലുകൾ കണ്ടെത്താനുള്ള ശ്രമമാണ് ഈ പുസ്തകത്തിലെ 'കുടിപ്പള്ളിക്കൂടങ്ങൾ' മുതൽ 'കുട്ടകം' വരെയുള്ള മുപ്പത്തിരണ്ട് കുറിപ്പുകൾ. ഓണത്തെ നടുവിൽനിർത്തി ഇരുപുറത്തും ജീവിതമുണ്ടാക്കുന്ന ഒരു ഓണമൂട്ടുകരക്കാരന്റെ ഗൃഹാതുരത്വം മാത്രമല്ല ഇവയൊക്കെയും. ഫാം ജേർണലിസ്റ്റായും ആകാശവാണിയിൽ കാർഷിക ഗ്രാമീണവിഭാഗം പ്രോഗ്രാം എക്സിക്യൂട്ടീവായുമൊക്കെ മൂന്ന് പതിറ്റാണ്ട് നീളുന്ന അനുഭവങ്ങളുടെ നേരറിവുകൾ കൂടിയാണിവ. കാർഷികാചാരങ്ങളുടെ ഗൂഢലിപികളിൽ ഒരു ദേശത്തിന്റെ ജീവധാരയുടെ തുടിപ്പുകൾ തേടിയുള്ള ഒരു യാത്ര.

പുരാതനമനുഷ്യന്റെ മുഖ്യമായ ജീവനോപാധി കൃഷിയായതിനാൽ അതുമായി ബന്ധപ്പെട്ടതാണ് നാട്ടാചാരങ്ങളിലേറെയും. വിത്തിറക്കുന്നതു മുതൽ വിളവെടുക്കുന്നതുവരെ ഒട്ടേറെ ഉപാസനകൾ ഗ്രാമ്യജീവിതത്തിൽ കൃഷിയുമായി ബന്ധപ്പെട്ടിരി ക്കുന്നു. നേരത്തിനു മഴപെയ്യാനും നേരത്തിനു കതിരാവാനും ഇവയൊക്കെ സഹായിക്കു ന്നുവെന്നവർ വിശ്വസിച്ചിരുന്നു. തിരുവാതിര ഞാറ്റുവേല കൃഷിയെ കയ്യൊഴിഞ്ഞ ഒരു സമൂഹത്തിന് അപരിചിതമാണ്.

ഉർവരതയുമായി ബന്ധപ്പെട്ട ഇത്തരം സങ്കല്പങ്ങൾ വളരെയേറെ കാല്പനികമാണ്. 'സായന്തനത്തിന്റെ സിന്ദൂരപ്പൊട്ടണിഞ്ഞ് ഇരവിന്റെ കറ്റത്തഴപ്പാർന്ന വാർമുടിയുലർത്തിയുറങ്ങുന്ന ഭൂമിയെ പ്രപിതാക്കൾ ദേവിയായിക്കണ്ടു. ഉഴുതുമറിച്ച കണ്ടങ്ങളിൽ അവൾ ഉർയരയായി. രജസ്വലയായ ഭൂമിയെ നോവിക്കാതെ അവർ ഉച്ചാരൽ അനുഷ്ഠിച്ചു. അറമുറിയുടെ വാതിലുകളിൽ മുള്ളുകളും കുറ്റിച്ചെടികളും ചേർത്തു കെട്ടി ചാണകം പൊതിഞ്ഞ് വെണ്ണീർ തൂകി ആരും ആ ദിവസങ്ങളിൽ അറതുറക്കില്ലെന്നുറ പ്പുവരുത്തി'.

ആണ്ടോടാണ്ട് ഉണ്ണാൻ നെല്ലു കിട്ടുമെന്നത് അക്കാലത്ത് അഭിമാനത്തിന്റെ ഭാഗമായിരുന്നു. ധനധാന്യസമൃ ദ്ധിക്കായി നടത്തിയ കോതാമ്മൂരിയാട്ടവും കർക്കിടകമാസാനുഷ്ഠാ നങ്ങളും തെള്ളിയൂർവാ ണിഭവുമൊക്കെ ഇന്നത്തെ തലമുറയ്ക്ക് വിചിത്രമായിത്തോന്നി യേക്കാം. വിസ്മൃതിയിലേക്ക് വളരെവേഗം മാഞ്ഞുകൊണ്ടിരിക്കുന്ന ഗതകാലനൻമകളെ പ്രത്യാനയിക്കാനുള്ള ഒരു ശ്രമം കൂടിയാണ് മുരളീധരൻ നടത്തുന്നത്.

ഏറ്റവും വേഗത്തിൽ പരമാവധി ഉത്പാദനമെന്ന വാണിജ്യബോധം അന്നത്തെ തലമുറയെ അലട്ടിയില്ല. വിതച്ച വിത്തുകൾ വിളഞ്ഞതിന് ദേശദേവന് നന്ദിയോടെ ഒരു പറനെല്ല് അവർ മാറ്റിവെച്ചു. പറയെടുപ്പും കാളകെട്ടും കണികാണലും വെറും അന്ധവിശ്വാസങ്ങളായല്ല കാർഷികവൃത്തിയോടിഴുകിച്ചേർന്നു ജീവിച്ച ഒരു സമൂഹത്തിന്റെ സാംസ്കാരികചിഹ്നങ്ങളായാണ് മനസ്സിലാക്കേണ്ടത്.

എണ്ണക്കുഴമ്പൻ,നാരകൻ,മുണ്ടവൻ,പൊൻകിളിവാലി, തുടങ്ങിയ പദങ്ങളൊക്കെയും നമുക്ക് അപരിചിതവും അന്യവുമായിക്കൊണ്ടിരിക്കുന്നു. ചമ്പനെന്നോ വെടലയെന്നോ പറഞ്ഞാൽ അറിയുന്നവർ കുറയും. എസ്കിമോകളെ സംബന്ധിച്ച് മഞ്ഞിന് നൂറിലേറെ പേരുകളുണ്ടെന്നത് ഭാഷാശാസ്ത്രത്തിലെ ഒരു കൗതുകമാണ്. നമ്മുടെ നാടുമായും കൃഷിയുമായും ബന്ധപ്പെട്ടുമുണ്ട് ഇങ്ങനെ ആയിരക്കണക്കിന് പേരുകൾ, ശൈലികൾ. തേങ്ങയെന്ന വാക്ക് അറിയാവുന്ന ഇപ്പോഴത്തെ സ്കൂൾകുട്ടികൾക്ക് ഒരുപക്ഷെ മച്ചിങ്ങ, കൊച്ചിങ്ങ, തൊണ്ണാൻ എന്നൊന്നും പറഞ്ഞാൽ തിരിച്ചറിയണമെന്നില്ല.

കാർഷികസമൃദ്ധിയുടെ വസന്തോത്സവമായ ഓണവുമായി ബന്ധപ്പെട്ട ദർശനങ്ങളെയും വിശേഷങ്ങളെയും ഗ്രന്ഥകർത്താവ് ഹൃദ്യമായി വിവരിച്ചിരിക്കുന്നു ഈ പുസ്തകത്തിൽ. ഓണമെന്ന വിളവെടുപ്പുത്സവം കമ്പോളത്തിന്റെ കനിവും കിഴിവും കിനാവുമാകുമ്പോൾ പശുവിനും പല്ലിക്കും ഓണംകൊടുക്കുന്ന സവിശേഷമായൊരു സംസ്കാരത്തെ ഓർത്തെടുക്കുന്നവയാണ് ഈ കുറിപ്പുകൾ.

പരസ്പരം സഹായിച്ചും ഒരുമയോടെ ജീവിച്ചും അധ്വാനിച്ചു വിളവെടുത്തും പുലർന്നുപോന്ന ഒരു കർഷകസമൂഹത്തിന്റെ നൻമകൾ, ഋതുകന്യപെയ്യുന്ന കേരളക്കരയിലെ സമൃദ്ധമായ നിറങ്ങൾ, ഗന്ധങ്ങൾ ഈരടികൾ. ഒത്തിരിയൊത്തിരി ബിംബങ്ങൾ പൊലിമയോടെ നമ്മുടെ മുന്നിലെക്കെത്തിക്കുന്നു ഈ പുസ്തകമെന്ന് പറയാതെ വയ്യ.

പ്രസാധകർ : സാഹിത്യപ്രവർത്തക സഹകരണസംഘം. വില : 100 രൂപ

***കെ.എസ്. ശൈലേന്ദ്രൻ***

*അസിസ്റ്റന്റ് എഡിറ്റർ, ഐ & പി.ആർ.ഡി.*




# സുനാമി സാധ്യത ഇനി മുൻകൂട്ടി അറിയാം

തീരദേശവാസികൾക്ക് കടലിന്റെ രൗദ്രഭാവം മുൻകൂട്ടി അറിയാനുള്ള സംവിധാനം തിരുവനന്തപുരത്ത് വലിയതുറയിൽ സജ്ജമായി. സുനാമിക്ക് സാധ്യതയുണ്ടോ കടൽ പ്രക്ഷുബ്ധമാകുമോ, ചുഴലികളുണ്ടാകുമോ ഇവയെല്ലാം നേരത്തെ മനസ്സിലാക്കി വൻ അപകടങ്ങളിൽ നിന്ന് രാജ്യത്തിന് രക്ഷനേടാൻ ഈ സംവിധാനം വഴിയൊരുക്കും. വലിയതുറയിൽ കടലിൽ 30 അടി ആഴത്തിൽ സ്ഥാപിച്ച ബോയയാണ് അപകടങ്ങൾ മുൻകൂട്ടി നമ്മെ അറിയിക്കുന്നത്. വിവരങ്ങൾ വിശകലനം ചെയ്ത് ഇലക്ട്രോണിക് ഡിസ്‌പ്ലേ ബോർഡിൽ പ്രദർശിപ്പിക്കും.

ഈ നൂതന ശാസ്ത്രസംരംഭം രാജ്യത്തിനാകെ മാതൃകാപരമായ നേട്ടമായിരിക്കും സമ്മാനിക്കുക. മത്സ്യബന്ധനത്തിലേർപ്പെടുന്നവർക്കും മറ്റ് കടൽത്തൊഴിലാളികൾക്കും വിലയേറിയ വിവരങ്ങളായിരിക്കും ഇതിലൂടെ ലഭിക്കുക. നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവീസസും ഭൗമശാസ്ത്ര പഠനകേന്ദ്രവും ചേർന്നാണ് ഈ പുതിയ സംവിധാനം രൂപകല്പന ചെയ്തിരിക്കുന്നത്


# ബഹിരാകാശ സഞ്ചാരികൾ ചരിത്രം സൃഷ്ടിച്ചു

രാജ്യാന്തര ബഹിരാകാശനിലയത്തിലെ രണ്ട് അമേരിക്കൻ സഞ്ചാരികൾ ആറ് മണിക്കൂർ 31 മിനിട്ട് ബഹിരാകാശത്ത് നടന്ന് ചരിത്രം സൃഷ്ടിച്ചു. നിലയത്തിലുണ്ടായിരുന്ന റൊണാൾഡ് ഗാരൻ, മൈക്കൽ ഫോസ് എന്നിവരാണ് അമേരിക്കയുടെ അവസാന ബഹിരാകാശ ഷട്ടിലായ അറ്റ്ലാന്റിസ് എത്തിയതിനെത്തുടർന്ന് അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി പുറത്തിറങ്ങിയത്.

അമേരിക്കൻ ബഹിരാകാശ സഞ്ചാരികൾ നടത്തിയ 249-ാമത് നടത്തമാണിത്. ബഹിരാകാശ നിലയത്തിന്റെ അറ്റകുറ്റപ്പണികൾക്കുവേണ്ടി നടത്തിയ ബഹിരാകാശ നടത്തം ഇതോടെ മൊത്തം 1009 മണിക്കൂർ ഒൻപതുമിനിട്ടായി.



# നെപ്റ്റ്യൂണിന് ഇത് ഒന്നാം പിറന്നാൾ




സൗരയൂഥത്തിലെ എട്ടാമത്തെ ഗ്രഹമായി അറിയപ്പെടുന്ന നെപ്റ്റ്യൂണിന് ഇത് ഒന്നാം പിറന്നാൾ. സൗരയൂഥത്തിൽ നെപ്റ്റ്യൂണിന്റെ സ്ഥാനം ജ്യോതിശാസ്ത്രജ്ഞർ കണ്ടെത്തിയതിന് ശേഷം സൂര്യനെ ഒരു തവണ ഭ്രമണം പൂർത്തിയാക്കുന്നത് കണക്കാക്കിയാണ് നീലഗ്രഹത്തിന് ഒന്നാം പിറന്നാൾ ആഘോഷിച്ചത്. 1846-സെപ്തംബർ 23-നാണ് ആദ്യമായി ഈ ഗ്രഹം മനുഷ്യ ദൃഷ്ടിയിൽ തെളിഞ്ഞത്. 164.79 വർഷങ്ങൾക്ക് മുമ്പ് സൂര്യനെ വലംവെക്കാനാരംഭിച്ച ഗ്രഹം ഇക്കഴിഞ്ഞ ജൂലായ് 13-ന് ആദ്യപ്രദക്ഷിണം പൂർത്തിയാക്കി. ശാസ്ത്രകേന്ദ്രങ്ങളിൽ പ്രത്യേകം സജ്ജമാക്കിയ ടെലസ്കോപ്പുകളിലൂടെ ശാസ്ത്രജ്ഞർ ഈ രംഗം നിരീക്ഷിച്ചു.

## പെരുമ്പടവം സാഹിത്യ അക്കാദമി അധ്യക്ഷൻ



പ്രശസ്ത മലയാള സാഹിത്യകാരൻ പെരുമ്പടവം ശ്രീധരൻ കേരള സാഹിത്യ അക്കാദമിയുടെ അധ്യക്ഷനായി നിയമിതനായി. ഇരുപതോളം നോവലുകളും ചെറുകഥാസമാഹാരങ്ങളും രചിച്ചിട്ടുള്ള പെരുമ്പടത്തിന്റെ ഏറ്റവും പ്രസിദ്ധമായ കൃതി 'ഒരു സങ്കീർത്തനം പോലെ' എന്ന നോവലാണ്. അരൂപിയുടെ മൂന്നാം പ്രാവ്, എന്റെ ഹൃദയത്തിന്റെ ഉടമ, അഷ്ടപദി തുടങ്ങിയവ പ്രശസ്തകൃതികളാണ്. കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, മലയാറ്റൂർ അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

## മണികൗൾ അന്തരിച്ചു



ഭാരതത്തിലെ നവതരംഗ ചലച്ചിത്ര സംവിധായകരിൽ പ്രമുഖനായ മണികൗൾ അന്തരിച്ചു. 1969-ൽ പുറത്തിറങ്ങിയ ഉസ്കി റോട്ടിയാണ് അദ്ദേഹത്തിന്റെ ആദ്യ ചിത്രം. നിറങ്ങളുടെ സന്നിവേശത്തിൽ ചരിത്രം രചിച്ച രണ്ടാമത്തെ ചിത്രമായ ദുവിധയ്ക്ക് മികച്ച സംവിധായകനുള്ള ദേശീയ അവാർഡ് ലഭിച്ചു. ആഷാഡ് കാ ഏക് ദിൻ, നൗകർ കി കമീസ്, നസർ, ഇഡിയറ്റ് എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റു ശ്രദ്ധേയമായ ചിത്രങ്ങൾ.

## ക്രിസ്റ്റീൻ ലഗാർദേ ഐ.എം.എഫ് മേധാവി



അന്താരാഷ്ട്ര നാണയ നിധിയുടെ (ഐ.എം.എഫ്) ആദ്യ വനിതാ മേധാവിയായി ഫ്രഞ്ച് ധനകാര്യമന്ത്രി ക്രിസ്റ്റീൻ ലഗാർദേ ചുമതലയേറ്റു. അതിവേഗം വിപണി വളർച്ച കൈവരിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ ശബ്ദത്തിന് കൂടുതൽ പ്രാമുഖ്യം നൽകുന്ന വിധത്തിൽ പരിഷ്കരണനടപടികളുമായി മുന്നോട്ട് പോകുകയാണ് തന്റെ നയമെന്ന് ലഗാർദേ വ്യക്തമാക്കി. വികസ്വര രാജ്യങ്ങൾക്ക് നാണയനിധിയിൽ അർഹിക്കുന്ന പ്രാധാന്യം നൽകുമെന്നും ലഗാർദേ അറിയിച്ചിട്ടുണ്ട്.

## കേശവദേവ് പുരസ്കാരം സി.രാധാകൃഷ്ണന്



ഈ വർഷത്തെ കേശവദേവ് പുരസ്കാരം പ്രശസ്ത സാഹിത്യകാരൻ സി.രാധാകൃഷ്ണന് ലഭിച്ചു. വിശിഷ്ട നോവലുകളും, ശാസ്ത്രഗ്രന്ഥങ്ങളും സംഭാവന ചെയ്ത സാഹിത്യകാരൻ എന്ന നിലയ്ക്കാണ് സി.രാധാകൃഷ്ണനെ അവാർഡിന് തെരഞ്ഞെടുത്തതെന്ന് കേശവദേവ് ട്രസ്റ്റ് ജൂറിയംഗങ്ങൾ അറിയിച്ചു. ഡയാബ് സ്ക്രീൻ കേരള കേശവദേവ് പുരസ്കാരത്തിന് അമേരിക്കൻ പത്രപ്രവർത്തകനായ ഡേവിഡ് മെൻഡോസയെയും തെരഞ്ഞെടുത്തിട്ടുണ്ട്. മെൻഡോസ പ്രമേഹവുമായി ബന്ധപ്പെട്ട ലേഖനങ്ങളിലൂടെയാണ് ശ്രദ്ധേയനായത്. 15,000 രൂപയും പ്രശസ്തിപത്രവുമടങ്ങുന്നതാണ് പുരസ്കാരം.

## ദക്ഷിണ സുഡാന് ഒന്നാം പിറന്നാൾ



ലോകഭൂപടത്തിൽ ഒരു രാജ്യം കൂടി സ്ഥാനം നേടി. ദശാബ്ദങ്ങൾ നീണ്ട രക്തരൂക്ഷിതമായ ആഭ്യന്തര യുദ്ധത്തിനൊടുവിൽ ആഫ്രിക്കൻ ഭൂഖണ്ഡത്തിൽ ദക്ഷിണ സുഡാൻ ലോകത്തെ 193-ാമത്തെ റിപ്പബ്ളിക്കായി നിലവിൽ വന്നു. തലസ്ഥാനമായ ജൂബയിൽ പ്രസിഡന്റ് സാൽവ കീർ മെയാർഡിതിന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ ലെജിസ്ളേറ്റീവ് അസംബ്ളി സ്പീക്കർ ജെയിംസ് വാനി ഇഗ ദക്ഷിണ സുഡാന്റെ സ്വാതന്ത്ര്യ പ്രഖ്യാപനം വായിച്ചു. പതിനഞ്ചു ലക്ഷത്തോളം ജീവൻ പൊലിഞ്ഞ ഉത്തര-ദക്ഷിണ സുഡാൻ ആഭ്യന്തര യുദ്ധത്തിന് 2005ലെ അമേരിക്കൻ ഇടപെടലോടെയുള്ള സമാധാന ഉടമ്പടിയോടെയാണ് അന്ത്യം കുറിച്ചത്. തുടർന്ന് നടന്ന ഹിതപരിശോധനയാണ് പുതുരാജ്യ പിറവിക്ക് വഴിയൊരുക്കിയത്.ക്രിസ്തുമത വിശ്വാസികൾ കൂടുതലുള്ള ദക്ഷിണ സുഡാനിലെ ഭൂരിപക്ഷം പേരും വിഭജനത്തെ അനുകൂലിച്ചു. ഉത്തര സുഡാൻ മുസ്ലിം ഭൂരിപക്ഷ പ്രദേശമാണ്.സ്വാതന്ത്ര്യം നേടിയെങ്കിലും അതിർത്തി, നദീജലം, എണ്ണ എന്നിവയെ സംബന്ധിച്ച തർക്കങ്ങൾ ഈ പരമദരിദ്രമായ ഭൂപ്രദേശത്ത് കീറാമുട്ടികളായി നിലനിൽക്കുന്നു.

## തെലുങ്കുദേശം വീണ്ടും തിളയ്ക്കുന്നു



പ്രത്യേകസംസ്ഥാനം രൂപവത്കരിക്കണമെന്നാവശ്യപ്പെട്ട് ആന്ധ്രാപ്രദേശിലെ തെലുങ്കാനമേഖലയിൽ നടക്കുന്ന പ്രക്ഷോഭം ഒരു ഇടവേളയ്ക്കുശേഷം വീണ്ടും ആളിക്കത്തുന്നു. കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ ജനപ്രതിനിധികൾ ആന്ധ്രനിയമസഭയിൽനിന്നും പാർലമെന്റിൽ നിന്നും രാജിവച്ചതോടെയാണ് സമരത്തിന്റെ പുതിയ അധ്യായത്തിന് തുടക്കമായത്. തെലുങ്കാന രാഷ്ട്ര സമിതി, ബി.ജെ.പി, സി.പി.ഐ തുടങ്ങിയ പാർട്ടികളുടെ പിന്തുണയോടെ പ്രവർത്തിക്കുന്ന സംയുക്ത കർമസമിതിയാണ് സമരത്തിന് ചുക്കാൻ പിടിക്കുന്നത്. 2009-ൽ ടി.ആർ.എസ് നേതാവ് കെ.ചന്ദ്രശേഖര റാവു നടത്തിയ നിരാഹാര സമരത്തെ തുടർന്ന് പുതിയ സംസ്ഥാനം രൂപീകരിക്കാമെന്ന് കേന്ദ്രം വാക്കുനൽകിയിരുന്നു. എന്നാൽ ഇത് സമീപപ്രദേശങ്ങളിൽ പ്രതിഷേധത്തിനിടയായതോടെയാണ് പ്രഖ്യാപനത്തിൽ നിന്ന് കേന്ദ്രം പിൻമാറിയത്.

## തായ്‌ലൻഡിന് ആദ്യവനിതാ പ്രധാനമന്ത്രി



തായ്‌ലൻഡ് മുൻപ്രധാനമന്ത്രി തക്സിൻഷിനവത്രയുടെ ഇളയ സഹോദരി യിൻലക്ക് ഷിനവത്ര തായ്‌ലൻഡിലെ ആദ്യ വനിതാ പ്രധാനമന്ത്രിയായി. അവർ നേതൃത്വം കൊടുക്കുന്ന ഫ്യൂ തായി പാർട്ടി 500 അംഗ പാർലമെന്റിൽ 264 സീറ്റ് നേടിയതോടെയാണിത്. വർഷങ്ങളായി രാഷ്ട്രീയ അനിശ്ചിതത്വം തുടരുന്ന തായ്‌ലൻഡിൽ ഫ്യൂതായി ഉൾപ്പെടെ അഞ്ചു പാർട്ടികളുടെ സഖ്യമാണ് സർക്കാരിലുണ്ടാവുക.

## പ്രദീപ്കുമാർ പുതിയ സി.വി.സി

കേന്ദ്ര പ്രതിരോധ സെക്രട്ടറി പ്രദീപ്കുമാർ പുതിയ മുഖ്യ വിജിലൻസ് കമ്മീഷണറായി നിയമിതനാവും. 1972-ലെ ഐ.എ.എസ് കാരനായ പ്രദീപ് കുമാർ ഹരിയാന സ്വദേശിയാണ്. നാലു വർഷം അദ്ദേഹം സി.വി.സി ആയി തുടരും. പ്രതിരോധ സെക്രട്ടറി സ്ഥാനത്ത് നിന്ന് അദ്ദേഹം ജൂലായ് 31-ന് വിരമിച്ചു.